


G20 L20 INDIA 2023


# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY  തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40  2023 OCTOBER  Issue 10



മസ്ദൂർഭാരതി
കല്ലായ് റോഡ്, കോഴിക്കോട് – 673002
ഫോൺ : 0495 2305040
e-mail : mazdoorbharathi@gmail.com



**മസ്ദൂർ ഭാരതി**

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ
അസി. എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ



**മുഖപ്രസംഗം** വനിതാസംവരണം ചരിത്ര നേട്ടം ... 4

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി......6
സി.ജി.ഗോപകുമാർ

കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് വിജയത്തിലേക്ക് കുതിക്കുക......13
ഹിരണ്മയ് പാണ്ഡ്യ

ഠേംഗ്ഡിജിയുടെ ദർശനങ്ങൾ രാഷ്ട്രഹിതവും തൊഴിലാളി ഹിതവും......16
ടി.വിജയൻ

സനാതന ധർമ്മം കാഴ്ചയുടെ തലങ്ങളും കാഴ്ചപ്പാടുകളും......19
കെ.വി.രാജേന്ദ്രൻ

ഭാരതം ലോകനേതൃത്വത്തിൽ ......31
എം.എസ്.ശ്യാംകുമാർ

വാർത്തകൾ......24-27,35

നിരീക്ഷണങ്ങൾ വിശകലനങ്ങൾ കല്ലറ അജയൻ — കേരളത്തനിമയുടെ പിന്നാമ്പുറങ്ങൾ ... 28

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY

തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 | 2023 ഒക്ടോബർ | ലക്കം 10

# വനിതാസംവരണം ചരിത്രനേട്ടം

സ്ത്രീയേയും പുരുഷനേയും പരസ്പര പൂരകമായി കാണുന്നതാണ് ഭാരതീയ സംസ്കാരം. ഒരേ ഈശ്വരീയ ശക്തിയെ രണ്ടു തുല്യഭാഗങ്ങളായി കാണുന്നതാണ് നമ്മുടെ തത്വശാസ്ത്രം. അതിന്റെ അടിസ്ഥാനത്തിലാണ് അർദ്ധനാരീശ്വര സങ്കല്പം ഉണ്ടായത്. എല്ലാ ഈശ്വര സങ്കല്പത്തിലും ദേവനുള്ള അതേ പ്രാധാന്യം ദേവിക്കും നല്കിയിട്ടുള്ളതായി കാണാം. ''യത്ര നാര്യസ്തു പൂജ്യന്തേ, രമന്തേ തത്രദേവതാഃ'' എന്നാണ് ആപ്തവാക്യം. ശക്തിയുടെ പ്രതീകമായിട്ടാണ് ഭാരതീയർ സ്ത്രീയെ കാണുന്നത്. ആധുനിക കാലത്ത് ബ്രിട്ടീഷുകാർക്കെതിരെ പടപൊരുതിയ ഝാൻസിയിലെ റാണി ലക്ഷ്മീഭായിയും ചിറ്റോറിലെ റാണി ചെന്നമ്മയും വടക്കൻപാട്ടിലെ ധീരനായികയായ ഉണ്ണിയാർച്ചയും ആയോധനവിദ്യ അഭ്യസിച്ചിരുന്ന സ്ത്രീകളിൽ ചിലർ മാത്രമാണ്. 1924 മുതൽ 1931 വരെ തിരുവിതാംകൂർ രാജാവിന്റെ റീജന്റായി ഭരണം നടത്തിയ സേതുലക്ഷ്മീഭായി വളരെയധികം ഭരണപരിഷ്കാരങ്ങൾ നടത്തി പ്രശസ്തയായവരാണ്. സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നല്കിയവരിൽ ആനിബസന്റ്, സരോജിനി നായിഡു, ക്യാപ്റ്റൻ ലക്ഷ്മി തുടങ്ങിയവരുടെ പേരുകൾ സ്തുത്യർഹമാണ്. ഭരണ രംഗത്ത് ഇന്ദിരാഗാന്ധി, സുഷമ സ്വരാജ് തുടങ്ങിയവർ സ്വന്തമായി ചരിത്രം സൃഷ്ടിച്ചവരാണ്. ഈ പശ്ചാത്തലത്തിലാണ് പാർലിമെന്റ് അംഗീകരിച്ച വനിതാബില്ലിനെ കാണേണ്ടത്.

ലോകത്തെ പല രാജ്യങ്ങളിലും വനിതകൾക്ക് വിദ്യാഭ്യാസവും സ്വത്തവകാശവും നിഷേധിച്ചിരുന്നു. 18-ാം നൂറ്റാണ്ടിലാണ് യൂറോപ്യൻ രാജ്യങ്ങളിൽ ഇതിന് മാറ്റമുണ്ടായത്. 20-ാം നൂറ്റാണ്ടിൽ മാത്രമാണ് സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചുതുടങ്ങിയത്. ഭാരതത്തിൽ വേദകാലത്തു തന്നെ സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നതായി ഉപനിഷദ് കഥകളിൽനിന്ന് മനസ്സിലാക്കാം. ഇന്നും പല സമൂഹങ്ങളും സ്ത്രീകൾക്ക് വിദ്യാഭ്യാസമോ സ്വത്തവകാശമോ അനുവദിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. സ്ത്രീകൾ പൊതുസമൂഹത്തിൽ പ്രത്യക്ഷപ്പെടരുത് എന്ന് ആഹ്വാനം ചെയ്യുന്നവരേയും നമ്മുടെ നാട്ടിൽപോലും കാണാൻ കഴിയുന്നുണ്ട്. സ്വാതന്ത്ര്യലബ്ധി മുതൽതന്നെ ഭാരതം സ്ത്രീക്ക് തുല്യപദവി നല്കിയിട്ടുണ്ട്. എന്നാൽ ചില രാഷ്ട്രീയകക്ഷികൾ മാത്രമാണ് സ്ത്രീകൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അർഹമായ പരിഗണന നല്കിയിട്ടുള്ളത്. നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നതുമുതൽ സ്ത്രീകൾക്ക് പാർലിമെന്റിലും മന്ത്രിസഭയിലും നല്ല രീതിയിലുള്ള പ്രാതിനിധ്യം നല്കിയിട്ടുണ്ട്. സുഷമാസ്വരാജ് വിദേശകാര്യമന്ത്രിയായപ്പോൾ നിർമ്മലാ സീതാരാമൻ ആദ്യം പ്രതിരോധമന്ത്രിയും ധനകാര്യമന്ത്രിയുമായി ശോഭിക്കുകയുണ്ടായി. പാർട്ടി ഭരണഘടനയനുസരിച്ചും പദവികളിൽ സ്ത്രീപ്രാതിനിധ്യം ബി.ജെ.പി. ഉറപ്പാക്കിയിട്ടുണ്ട്. 1993-ൽ ഭരണഘടനാഭേദഗതിയനുസരിച്ച് നിലവിൽ വന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ 33 ശതമാനം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. കേരളത്തിൽ ഇത് 50 ശതമാനമാക്കി ഉയർത്തിയിട്ടുമുണ്ട്. എന്നാൽ നിയമനിർമ്മാണസഭകളിൽ സ്ത്രീസംവരണം നടപ്പാക്കുന്ന കാര്യം അന്ന് ചിന്തിക്കുകയുണ്ടായില്ല.

1996 സെപ്തംബർ 12ന് ദേവഗൗഡ സർക്കാരാണ് ആദ്യമായി വനിതാസംവരണ

ബിൽ അവതരിപ്പിച്ചത്. ബിൽ സഭയുടെ അംഗീകാരം നേടാനാവാതെ പരാജയപ്പെടുകയാണുണ്ടായത്. 1998-ൽ വാജ്പേയി സർക്കാർ വീണ്ടും ലോകസഭയിൽ ബിൽ അവതരിപ്പിച്ചു. ഭൂരിപക്ഷമില്ലാത്തതിനാൽ ബിൽ പാസ്സാക്കാൻ കഴിഞ്ഞില്ല. മൻമോഹൻസിംഗ് സർക്കാർ അവതരിപ്പിച്ച ബിൽ 2010 മാർച്ച് 9-ന് രാജ്യസഭ അംഗീകരിച്ചു. ബി.ജെ.പി.യും ഇടതുപക്ഷപാർട്ടികളും കോൺഗ്രസ്സിനോടൊപ്പം ബില്ലിനെ പിന്താങ്ങി. വനിതാസംവരണം യാഥാർത്ഥ്യമാകുന്നു എന്ന പ്രതീതിയാണ് അന്ന് ഉണ്ടായത്. സോണിയാഗാന്ധി, സുഷമാസ്വരാജ്, ബൃന്ദാ കാരാട്ട് എന്നിവരുടെ നേതൃത്വത്തിൽ രാഷ്ട്രീയവ്യത്യാസങ്ങൾ മറന്ന് രാജ്യസഭയിലെ വനിതാ അംഗങ്ങൾ ആഹ്ലാദപ്രകടനവും നടത്തി. യു.പി.എ. സർക്കാരിന്റെ സഖ്യകക്ഷികളായ രാഷ്ട്രീയ ജനതാദൾ, സമാജ്പാർട്ടി എന്നിവരുടെ എതിർപ്പുകാരണം ബിൽ ലോക്സഭയിൽ അവതരിപ്പിക്കാൻ സർക്കാർ തയ്യാറായില്ല. വനിതാസംവരണത്തെ അംഗീകരിക്കാൻ അവർ മാനസികമായി ഒരുക്കമല്ലായിരുന്നു. അതിനാൽ അത് പാസ്സാകാതിരിക്കാൻ സംവരണത്തിനകത്ത് പിന്നാക്കജാതികൾക്ക് സംവരണം എന്ന ആവശ്യമാണ് അവർ മുന്നോട്ടുവെച്ചത്. ഇപ്പോൾ പുതിയ പാർലിമെന്റ് മന്ദിരത്തിൽ ആദ്യമായി ചേർന്ന സമ്മേളനത്തിൽ വെച്ചുതന്നെ വനിതാ സംവരണബിൽ പാസ്സാക്കിയെടുക്കാൻ മോദി സർക്കാരിന് കഴിഞ്ഞിരിക്കുന്നു. 27 കൊല്ലത്തെ കാത്തിരിപ്പിനാണ് ഇതോടെ വിരമമായിരിക്കുന്നത്.

ലോക്സഭയിൽ രണ്ടുപേർമാത്രമാണ് ബില്ലിനെ എതിർത്ത് വോട്ട് ചെയ്തത്. രാജ്യസഭയിലാകട്ടെ മുഴുവൻപേരും ബില്ലിനെ പിന്തുണച്ചു. ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. സഖ്യത്തിന് തനിച്ച് ഭൂരിപക്ഷമുള്ളതിനാൽ എന്തായാലും ബിൽ അംഗീകരിക്കപ്പെടും എന്നതിനാലാണ് പ്രതിപക്ഷം ബില്ലിനെ അനുകൂലിക്കാൻ തയ്യാറായത്. കഴിഞ്ഞ പാർലിമെന്റ് സമ്മേളനത്തിൽ എല്ലാ നിയമനിർമ്മാണങ്ങളേയും പ്രതിപക്ഷം ബഹിഷ്കരിക്കുകയായിരുന്നു. ബിൽ നിയമമായതിനുശേഷം വനിതാസംവരണം രാഷ്ട്രീയലക്ഷ്യങ്ങളോടെയാണ് സർക്കാർ കൊണ്ടുവന്നിട്ടുള്ളതെന്ന പ്രചരണമാണ് പ്രതിപക്ഷമുന്നണി നടത്തിവരുന്നത്. നേരത്തെ ബില്ലിനെ എതിർത്ത എല്ലാ പാർട്ടികളും സഖ്യത്തിലുള്ളതായിരിക്കാം ഇത്തരം നീക്കത്തിന് അവർ തയ്യാറാകാൻ കാരണം. കാനേഷുമാരിയും തുടർന്നുള്ള ഡീ-ലിമിറ്റേഷനും ശേഷമേ സംവരണം യാഥാർത്ഥ്യമാക്കാൻ കഴിയു എന്ന സത്യം അംഗീകരിക്കാനും അവർ തയ്യാറല്ല.


സ്ത്രീകളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നരേന്ദ്രമോദി സർക്കാർ ആവിഷ്കരിക്കുകയുണ്ടായിട്ടുണ്ട്. 'ബേട്ടി ബചാവോ, ബേട്ടി പഠാവോ' പദ്ധതിയിലൂടെ പെൺകുട്ടികളെ വിദ്യാലയങ്ങളിൽ തുടരുന്നതിന് പ്രേരിപ്പിച്ചു. സ്വച്ഛ് ഭാരത് മിഷനിലൂടെ നടത്തിയ ശൗചാലയ നിർമ്മാണങ്ങൾ 12 കോടി സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമായ ശുചിത്വം ഉറപ്പാക്കി. പുകനിറഞ്ഞ അടുക്കളകളിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നതിനുവേണ്ടി ഉജ്ജ്വൽ യോജനയിലൂടെ 9.6 കോടി സ്ത്രീകൾക്കാണ് പാചക വാതക കണക്ഷനുകൾ ലഭിച്ചത്. പ്രധാനമന്ത്രി മാതൃവന്ദനാ യോജനയും ശമ്പളത്തോടുകൂടിയ പ്രസവാവധി 12-ൽനിന്ന് 26 ആഴ്ചയായി ഉയർത്തിയ തീരുമാനവും ഗർഭിണികളായ സ്ത്രീകൾക്ക് ആശ്വാസം നല്കി. പോഷൻ അഭിയാൻ മുഖേന ഗർഭിണികളും മുലയൂട്ടുന്നവരുമായ സ്ത്രീകൾക്കും ചെറിയ കുട്ടികൾക്കും സർക്കാർ പോഷകാഹാരം സൗജന്യമായി നല്കുന്നു. മുസ്ലിം സ്ത്രീകൾക്ക് വൈവാഹിക പീഡനത്തിൽനിന്ന് സംരക്ഷണം നല്കുന്നതിനും മുത്തലാഖ് നിയമവിരുദ്ധമാക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണവും സർക്കാർ നടത്തുകയുണ്ടായി.

ലോക്സഭയിലും സംസ്ഥാന നിയമനിർമ്മാണസഭകളിലും വനിതാ പ്രാതിനിധ്യം 33 ശതമാനമാക്കുന്നത് പുതിയ നിയമനിർമ്മാണം സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ ജനപ്രതിനിധിസഭകളിൽ കൂടുതൽ ശക്തമായി ചർച്ച ചെയ്യുന്നതിന് സഹായിക്കും. മാത്രമല്ല രാഷ്ട്രനിർമ്മാണപ്രക്രിയയിൽ പങ്ക് വഹിക്കാൻ സ്ത്രീകൾക്കും അവസരം ലഭിക്കുകയും ചെയ്യും. ഭാരതത്തിലെ സ്ത്രീകളുടെ സന്തോഷത്തിൽ മുഴുവൻ ദേശസ്നേഹികളും പങ്കാളികളാകുമെന്നുറപ്പാണ്. ■

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി



**സി. ജി. ഗോപകുമാർ**
**തൊഴിലുറപ്പ് മസ്ദൂർ സംഘം സംസ്ഥാന ജനറൽ സെക്രട്ടറി**




**ഗ്രാ**മീണ കുടുംബാംഗങ്ങളുടെ ഉപജീവനമാർഗ്ഗം അഭിവൃദ്ധിപ്പെടുത്തുന്നതിനായി അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ താല്പര്യമുള്ള ഒരു കുടുംബത്തിലെ പ്രായപൂർത്തിയായവർക്കെല്ലാംകൂടി ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ലക്ഷ്യമിട്ടുകൊണ്ടാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്. 2005 സെപ്റ്റംബർ 5-നാണ് പാർലമെന്റ് തൊഴിലുറപ്പ് നിയമം പാസ്സാക്കിയത്. 2006 ഫെബ്രുവരിയിൽ ഭാരതത്തിൽ 200 ജില്ലകളിൽ പദ്ധതി ആരംഭിച്ചു. കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ 2006-ൽ പദ്ധതി തുടങ്ങി. 2007-ൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലും 2008-ൽ മറ്റു 10 ജില്ലകളിലും പദ്ധതി വ്യാപിച്ചു.

### മുഖ്യ ലക്ഷ്യങ്ങൾ

1. ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തിക വർഷം 100 ദിവസങ്ങളിൽ കുറയാത്ത അവിദഗ്ദ്ധ കായിക തൊഴിൽ ആവശ്യാനുസരണം ഉറപ്പാക്കുകയും അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉല്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുക.
2. ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രകൃതി സംരക്ഷണ പ്രവൃത്തികൾക്ക് ഊന്നൽ നല്കുക.
3. സാമൂഹികമായി പിന്നാക്കം നില്ക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
4. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.
5. സുതാര്യവും ഉത്തരവാദിത്വബോധവും ഉറപ്പുവരുത്തുക.

### പദ്ധതിയുടെ സവിശേഷതകൾ

1. നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
2. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളികളാകാം.
3. സ്ത്രീക്കും പുരുഷനും തുല്യവേതനം.
4. പരിസ്ഥിതി സംരക്ഷണം, കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്ക് മുന്തിയ പരിഗണന.
5. തൊഴിലാളികൾതന്നെ പ്രവൃത്തികൾ കണ്ടുപിടിക്കുകയും അങ്ങനെതന്നെ നടപ്പാക്കുകയും ചെയ്യുന്നു.
6. ആസൂത്രണത്തിലും നിർവ്വഹണത്തിലും തികഞ്ഞ സുതാ

**ഗ്രാമീണ കുടുംബാംഗങ്ങളുടെ ഉപജീവനമാർഗ്ഗം അഭിവൃദ്ധിപ്പെടുത്തുന്നതിനായി അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ താല്പര്യമുള്ള ഒരു കുടുംബത്തിലെ പ്രായപൂർത്തിയായവർക്കെല്ലാം കൂടി ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ലക്ഷ്യമിട്ടുകൊണ്ടാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്.**

ര്യത.

7. കരാറുകാരോ ഇടനിലക്കാരോ തൊഴിലവസരം നഷ്ടപ്പെടുത്തുന്ന യന്ത്രസാമഗ്രികളോ ഇല്ല.
8. അവിദഗ്ദ്ധ തൊഴിൽ വേതനഘടകവും സാധന ഘടകവും യഥാക്രമം 60:40 എന്ന അനുപാതത്തിൽ (പഞ്ചായത്ത് തലത്തിൽ) പ്രവൃത്തികൾ ഏറ്റെടുക്കാം.
9. പൊതുജനപങ്കാളിത്തത്തോടെയുള്ള ലേബർ ബഡ്ജറ്റിംഗ്.
10. ബാങ്ക്/പോസ്റ്റ് ഓഫീസ് വഴി മാത്രം വേതനവിതരണം.
11. സ്ത്രീകൾക്ക് മുൻഗണന (കുറഞ്ഞത് 1/3 ഭാഗം തൊഴിലാളികൾ സ്ത്രീകൾ ആയിരിക്കണം.)
12. കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.
13. പൊതുജനങ്ങൾ തന്നെ പദ്ധതി ഓഡിറ്റ് ചെയ്യുന്നു - സോഷ്യൽ ഓഡിറ്റ് സംവിധാനം.

### തൊഴിലാളികളുടെ അവകാശങ്ങൾ

1. തൊഴിലിന് സൗജന്യമായി രജിസ്റ്റർ ചെയ്യുന്ന മിനിമം തൊഴിൽകാർഡ് ലഭിക്കുന്നതിനുള്ള അവകാശം.
2. തൊഴിൽ അവകാശപ്പെടാനുള്ള അവകാശം.
3. പ്രവൃത്തികൾ നിർദ്ദേശിക്കാനുള്ള അവകാശം.,
4. ആവശ്യപ്പെടുന്ന സമയത്ത് തൊഴിൽ ലഭിക്കാനുള്ള അവകാശം.
5. ഒരു കുടുംബത്തിന് 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ലഭിക്കാനുള്ള അവകാശം (വനാവകാശ നിയമത്തിന്റെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 150 ദിവസം)
6. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം.
7. 15ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം (ആദ്യത്തെ ഒരു മാസം വേതനനിരക്കിന്റെ 1/4 ഉം രണ്ടാംമാസം മുതൽ വേതനനിരക്കിന്റെ 1/2 ഉം)
8. 15ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം.
9. യഥാക്രമം വേതനം ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം (നല്കാത്ത വേതന തുകയുടെ 0.05% നിരക്കിൽ)
10. സ്ത്രീക്കും പുരുഷനും തുല്യ വേതനം ലഭിക്കാനുള്ള അവകാശം.
11. പണിസ്ഥലത്ത് കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ എന്നിവ ലഭ്യമാക്കാനുള്ള അവകാശം.
12. പ്രവൃത്തി സ്ഥലത്തു വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് സൗജന്യ ചികിത്സാസൗകര്യം.
13. ആശുപത്രിയിൽ കിടന്നു ചികിത്സ വേണ്ടിവരുമ്പോൾ പകുതി വേതനം (പ്രവൃത്തി) തീരുന്ന ദിവസംവരെ മത്രം)
14. പ്രവൃത്തിയിലേർപ്പെട്ടിരിക്കുമ്പോഴും പ്രവൃത്തിമൂലമോ അപകടമരണമോ സ്ഥിരമായ വൈകല്യമോ സംഭവിച്ചാൽ എക്സ്ഗ്രേഷ്യ (ആം ആദ്മി ഭീമാ യോജന അനുസരിച്ചോ കേന്ദ്രസർക്കാർ വിജ്ഞാപനം പരാമർശിക്കുന്ന തുകയോ).
15. 5 വയസ്സിൽ താഴെയുള്ള അഞ്ചോ അതിൽ കൂടുതലോ കുട്ടികൾ തൊഴാലാളികളോടൊപ്പം വരുകയാണെങ്കിൽ അവരെ ശുശ്രൂഷിക്കാൻ ആയയുടെ സേവനം.
16. തൊഴിലാളികളോടൊപ്പം വരുന്ന കുട്ടികൾക്ക് മരണമോ വൈകല്യമോ സംഭവിച്ചാൽ സംസ്ഥാനസർക്കാർ നിർദ്ദേശിക്കുന്ന എക്സ്ഗ്രേഷ്യാ.
17. പ്രവൃത്തി സ്ഥലവും തൊഴിലാളിയുടെ ഗ്രാമവും തമ്മിൽ 5 കിലോമീറ്ററിൽ അധികമാണെങ്കിൽ 10% തുക കൂടി അധികവേതനം.
18. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ടാൽ 3 ദിവസത്തിനുള്ളിൽ ലഭിക്കാൻ അവകാശം.



## തൊഴിൽ കാർഡ്

ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസക്കാരായ ഏതൊരു കുടുംബത്തിനും ആ ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യാം. അപേക്ഷ ഫാറം ഗ്രാമപഞ്ചായത്താഫീസിൽ നിന്ന് ലഭിക്കും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽകാർഡ് ലഭിക്കും. തൊഴിൽ കാർഡ് ലഭിക്കുന്നതിനായി യാതൊരു പണവും ഒടുക്കേണ്ടതില്ല. ഒരു കുടുംബത്തിന് ഒരു കാർഡ് മാത്രം. 5 വർഷമാണ് കർഡിന്റെ കാലാവധി. 5 വർഷം തികയുന്ന മുറയ്ക്ക് തൊഴിൽ കാർഡ് പുതുക്കേണ്ടതാണ്. തൊഴിൽ കാർഡ് സൂക്ഷിക്കേണ്ട ഉത്തരവാദിത്വം തൊഴിലാളിയുടേതാണ്.

## തൊഴിലിനുള്ള അപേക്ഷയും തൊഴിൽ അനുവദിക്കലും

തൊഴിൽകാർഡ് ലഭ്യമായ കുടുംബത്തിന് ഒരു വർഷം 100 ദിവസത്തെ തൊഴിലിന് അർഹതയുണ്ട്. വനാവകാശ നിയമത്തിന്റെ ഗുണഭോക്താക്കളായ പരമ്പരാഗത വനവാസികൾക്ക് സ്വന്തമായി മറ്റു ഭൂമിയില്ലെങ്കിൽ, 150 ദിവസത്തെ തൊഴിലിന് അർഹതയുണ്ട്. തൊഴിൽ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ ഗ്രാമപഞ്ചായത്താഫീസിൽ വാക്കാലോ/രേഖാമൂലമോ നല്കാം. ഒറ്റയ്ക്കും കൂട്ടായും അപേക്ഷിക്കാം. കുറഞ്ഞത് 14 ദിവസത്തേക്കും പരമാവധി 100 ദിവസത്തേക്കും അപേക്ഷ നല്കാം. അപേക്ഷ സ്വീകരിക്കുമ്പോൾ കൈപ്പറ്റ് രസീത് ലഭിക്കും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കും. പഞ്ചായത്തിലെ ഏതു വാർഡിലും തൊഴിൽ അനുവദിക്കാം. അനുവദിക്കുന്ന പ്രവൃത്തി ലേബർ ബഡ്ജറ്റുകളിലും വാർഷിക കർമ്മപദ്ധതിയിലും ഉൾപ്പെട്ടതായിരിക്കും.

പ്രവൃത്തികളുടെ ആസൂത്രണം അനുവദനീയ പ്രവർത്തികളും

a. ലേബർ ബഡ്ജറ്റ്

ലേബർ ബഡ്ജറ്റ് അനുസരിച്ചാണ് കേന്ദ്രസർക്കാർ പദ്ധതി പണം അനുവദിക്കുന്നത്. പ്രതീക്ഷിത തൊഴിൽ ദിനങ്ങൾ ഓരോ മാസവും ആവശ്യമുള്ള തൊഴിൽദിനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ, വേതന-സാധനഘടകങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ അടങ്ങുന്ന രേഖയാണ് ലേബർ ബഡ്ജറ്റ്. ഏറ്റവും കുറഞ്ഞത് 60% അവിദഗ്ദ്ധ തൊഴിൽ ഘടകമായും പരമാവധി 40% സാധന ഘടകമായും ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്താം. അയൽകൂട്ടതല ചർച്ചയിലൂടെയാണ് ലേബർ ബഡ്ജറ്റ് രൂപപ്പെട്ടുവരുന്നത്. വാർഡുതലത്തിൽ വാർഡ്തല ഏകോപന സമിതി ക്രോഡീകരിച്ച് ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നു. ഗ്രാമപഞ്ചായത്തുതലത്തിൽ ക്രോഡീകരിച്ച ശേഷം ഗ്രാമപഞ്ചായത്ത് ഭരണസമിതി ഭരണാനുമതിയും നല്കി ബ്ലോക്ക് പഞ്ചായത്തിന് നല്കുന്നു. തുടർന്ന് ബി.പി.ഒ. സൂക്ഷ്മ പരിശോധന നടത്തി, ബ്ലോക്ക് പഞ്ചായത്തിന്റെ ശുപാർശയോടുകൂടി ഡി.പി.സി. മുഖേന ജില്ലാപഞ്ചായത്തിനു നല്കുന്നു. ജില്ലാപഞ്ചായത്തിന്റെ അംഗീകാരത്തോടെ സംസ്ഥാനസർക്കാരിലേക്ക് അയക്കുന്നു. ഓരോ വർഷവും ഡിസംബർ 31–നകം സംസ്ഥാന ലേബർ ബഡ്ജറ്റ് കേന്ദ്രഗവണ്മെന്റിൽ ലഭ്യമാക്കേണ്ടതാണ്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയമാണ് അന്തിമമായ അംഗീകാരം നല്കുന്നത്.

### വാർഷിക കർമ്മപദ്ധതി

ലേബർ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഓരോ ഇനത്തിലും പ്രവൃത്തികൾ വാർഡുതിരിച്ച് തയ്യാറാക്കുന്ന രേഖയാണ് വാർഷിക കർമ്മപ

ദ്ധതി. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു വർഷം ഏറ്റെടുക്കാവുന്ന എല്ലാ പ്രവൃത്തികളും വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുന്നു. ആവശ്യമെങ്കിൽ കർമ്മപദ്ധതിയിൽ ഭേദഗതികൾ വരുത്തി ജില്ലാപഞ്ചായത്തിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

**ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ**

03-01-2014-ന് കേന്ദ്ര സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമഭേദഗതി പ്രകാരം പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ താഴെപറയുന്നവയാണ്.

**I. വിഭാഗം**

**A. പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ**

1. ജലസംരക്ഷണ പ്രവൃത്തികൾ - കിണറുകൾ, കുളങ്ങൾ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകൾ, തടയണകൾ, അടിയണകൾ, ചെക്ക് ഡാമുകൾ, സ്റ്റോപ്പ് ഡാമുകൾ, മഴവെള്ളസംഭരണികൾ തുടങ്ങിയവ
2. നീർത്തട പരിപാലന പ്രവൃത്തികൾ - കോണ്ടൂർ ബണ്ടുകൾ, കോണ്ടൂർ ട്രഞ്ചുകൾ, മഴക്കുഴികൾ, കൽത്തടയണകൾ, ഗാബിയൻ ബണ്ടുകൾ, നീരുറവയുടെ പരിപോഷണ പ്രവൃത്തികൾ.
3. സൂക്ഷ്മ ചെറുകിട ജലസേചനപ്രവൃത്തികളും തോടുകൾ, കനാൽ എന്നിവയുടെ നിർമ്മാണവും.
4. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണപ്രവൃത്തികൾ.
5. മരങ്ങൾ പിടിപ്പിക്കലും വനവൽക്കരണവും.
6. പൊതുഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ.

## ലേബർ ബഡ്ജറ്റ് കലണ്ടർ

| പ്രവർത്തനം | തീയതി |
|---|---|
| ഗ്രാമസഭ അംഗീകരിച്ച് ബി. പി. ഒ. യ്ക്ക് സമർപ്പിക്കുന്നു | ആഗസ്റ്റ് 15 |
| ബി. പി. ഒ. സൂക്ഷ്മ പരിശോധന നടത്തി ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കുന്നു | സെപ്തംബർ 15 |
| ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച് ഡി. പി. സി. ക്ക് സമർപ്പിക്കുന്നു | ഒക്ടോബർ 2 |
| ഡി. പി. സി. ജില്ലാപഞ്ചായത്തിന് സമർപ്പിക്കുന്നു | നവംബർ 15 |
| ജില്ലാപഞ്ചായത്ത് അംഗീകരിച്ച് സംസ്ഥാനസർക്കാരിന് സമർപ്പിക്കുന്നു | ഡിസംബർ 1 |
| സംസ്ഥാന ലേബർ ബഡ്ജറ്റ് കേന്ദ്രഗവണ്മെന്റിന് സമർപ്പിക്കുന്നു | ഡിസംബർ 31 |
| എംപവേഡ് കമ്മിറ്റി ലേബർ ബഡ്ജറ്റ് അംഗീകരിക്കുന്നു | ഫെബ്രുവരി |

**II. വിഭാഗം**

**B. വ്യക്തിഗത ആസ്തികളും പൊതു ആസ്തികളും (ഖണ്ഡിക 5ൽ പരാമർശിക്കുന്ന കുടുംബാംഗങ്ങൾക്ക് മാത്രം)**

1. ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന പ്രവൃത്തികൾ ഭൂവികസനം - കിണറുകൾ, കുളങ്ങൾ, ജലകൊയ്ത്തു നിർമ്മിതികൾ
2. ഹോർട്ടികൾച്ചർ, പട്ടുനൂൽകൃഷി, തോട്ടവിള, ഫാം ഫോറസ്ട്രി തുടങ്ങിയ ഉപജീവനാസ്തികൾ
3. തരിശുഭൂമി വികസിപ്പിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്ന പ്രവൃത്തികൾ
4. പി.എം. ആവാസ് യോജനയുൾപ്പെടെ സർക്കാർ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനുള്ള അവിദഗ്ദ്ധ കായികതൊഴിൽഘടകം
5. മൃഗസംരക്ഷണ പ്രവൃത്തികൾ - കാലിത്തൊഴുത്ത്, ആട്ടിൻകൂട്, പന്നിക്കൂട്, കോഴിക്കൂട്.
6. പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ, മത്സ്യം ഉണക്കി സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ

**III. വിഭാഗം**

**C. സ്വയംസഹായ സംഘങ്ങൾക്കുള്ള പൊതു ആസ്തികൾ**

1. കാർഷികവിളകളുടെ സംരക്ഷണകേന്ദ്രം ജൈവ വളനിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യം.
2. ഉപജീവനപ്രവർത്തനങ്ങൾക്കുള്ള വർക്ക് ഷെഡ്ഡുകൾ.

**IV. വിഭാഗം**

**D. ഗ്രാമീണ അടിസ്ഥാനസൗ**

**കര്യങ്ങൾ**

1. ഗ്രാമീണ ശുചിത്വ പ്രവൃത്തികൾ - വ്യക്തിഗത ടോയിലറ്റ്, അങ്കണവാടി, സ്കൂൾ ടോയ്‌ലറ്റുകൾ, പൊതു ടോയ്‌ലറ്റുകൾ
2. ഓടകൾ, കലുങ്കുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകൾ
3. കളിസ്ഥലങ്ങൾ
4. ജലനിർഗ്ഗമന ഓടകൾ, സ്റ്റോം വാട്ടർ ഡ്രെയിനുകൾ തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ
5. ഗ്രമപഞ്ചായത്തുകൾ, വനിതാ സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, സൈക്ലോൺ ഷെൽട്ടേഴ്സ്, അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും ഗ്രാമ/ബ്ലോക്ക് തല ശ്മശാനങ്ങളുടെ നിർമ്മാണവും
6. നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം (എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്നത് മാത്രം)
7. ഭക്ഷ്യധാന്യ സംഭരണികൾ
8. തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചിട്ടുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികൾ
9. സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് പ്രവൃത്തികൾ

**E. ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികൾ**

1. പ്രകടമല്ലാത്തതും അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികൾ, പുല്ലു നീക്കംചെയ്യൽ, കല്ല് നീക്കം ചെയ്യൽ, സാധാരണ കാർഷികപ്രവൃത്തികൾ (വിത്ത് വിതക്കൽ, തൈനടീൽ, വളമിടൽ, കൊയ്ത്ത്, കള പറിക്കൽ) ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എന്നിവ ഏറ്റെടുക്കാൻ പാടില്ല.
2. വിത്ത്, വളം, കീടനാശിനി എന്നിവ വങ്ങുന്നത് അനുവദനീയമല്ല.
3. ഭക്ഷ്യധാന്യം, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നീ ഇനത്തിൽപ്പെട്ട ഹ്രസ്വകാല വിളകൾക്കുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ല. (ഉദാ: വാഴ, കപ്പ, ചേന, ചേമ്പ് ഇഞ്ചി, മഞ്ഞൾ, തക്കാളി, വഴുതന തുടങ്ങിയവ)
4. എന്നാൽ തോട്ടവിളകൾക്കും ഫോർട്ടികൾച്ചറിൽ ഉൾപ്പെടുന്ന ദീർഘകാല വിളകൾക്കും 3 വർഷംവരെ നനയ്ക്കൽ, കള നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ പരിഗണിക്കാവുന്നതാണ്.

**ഖണ്ഡിക 5 :-** വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള മുൻഗണന നല്കേണ്ട ജനവിഭാഗങ്ങൾ.

a. പട്ടികജാതിക്കാർ,
b. പട്ടികവർഗ്ഗങ്ങൾ,
c. നാടോടികളായ ആദിവാസികൾ,
d. ഡിനോട്ടിഫൈഡ് ആദിവാസികൾ,
e. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾ,
f. സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ,
g. ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ,
h. ഇന്ദിരാ ആവാസ് പദ്ധതിയുടെ (നിലവിൽ പി.എം.എ.വൈ) ഗുണഭോക്താക്കൾ,
i. 2006-ലെവനാവകാശമംഗീകരിക്കൽ നിയമത്തിന്റെ ഗുണഭോക്താക്കൾ.

മേൽപറഞ്ഞ മുൻഗണനാ വിഭാഗങ്ങളിൽ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിക്കഴിഞ്ഞാൽ ചെറുകിട നാമമാത്ര കർഷകരേയും പരിഗണിക്കാവുന്നതാണ്.

## 2021 – ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

കേരള സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെയും പരിധിയൽ വരുന്ന തൊഴിലാളികൾക്ക് ആശ്വാസം നല്കുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനു ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ.

**ആനുകൂല്യങ്ങൾ**

a. 60 വയസ്സ് പൂർത്തിയായിട്ടുള്ളതും അറുപത് വയസ്സു വരെ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ.

b. പത്ത് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശാദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബപെൻഷൻ.

c. അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തികസഹായം.

d. അംഗഭംഗം അല്ലെങ്കിൽ അവശതമൂലം തൊഴിൽചെയ്യാൻ കഴിയാതെ നിധിയിലെ അംഗത്വം അവസാനിപ്പിക്കേണ്ടിവന്നാൽ, ഒരംഗം അടച്ച അംശാദായത്തുക നിർദ്ദേശിക്കപ്പെട്ട പലിശസഹിതം തിരികെ നല്കുന്നതാണ്.

e. ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങൾക്ക് ചികിത്സക്കായി സാമ്പത്തികസഹായം.

f. വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹം, വനിതാംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് സമ്പത്തികസഹായം.

g. അംഗങ്ങളുടെ മകളുടെ പഠനാവശ്യത്തിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും.

h. പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട മറ്റേതെങ്കിലും ആവശ്യത്തിന് സാമ്പത്തികസഹായം.



കാസർഗോഡ് താളിപ്പടുപ്പ് യൂണിറ്റിലെ അംഗമായ തൊഴിലാളി ആനന്ദിക്ക്  ബി.എം.എസ് ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ.പി. മുരളീധരൻ മസ്ദൂർ സേവാ കേന്ദ്രത്തിന്റെ ചികിത്സാ ധനസഹായം കൈമാറുന്നു.



പെരിയ കേന്ദ്ര സർവകലാശാലയിൽ നിന്നും എം.എ.ഹിന്ദിയിൽ ഒന്നാം റാങ്ക് നേടിയ എം.സംഗീത മധുരംമ്പാടി. ബി.എം.എസ്. പ്രവർത്തകൻ എ.കെ.സുരേഷിന്റെ മകളാണ്.

## ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2023 ജൂൺ , ജൂലൈ മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 16-09-2023 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| Sl. No. | സെന്റർ | ലിങ്കിങ് ഫാക്ടർ | വിലസൂചിക അടിസ്ഥാനവർഷം: 2011-12=100 | | വിലസൂചിക അടിസ്ഥാനവർഷം: 1998-99=100 | |
|---|---|---|---|---|---|---|
| | | | 2023 ജൂൺ | 2023 ജൂലൈ | 2023 ജൂൺ | 2023 ജൂലൈ |
| 1. | തിരുവനന്തപുരം | 2.11 | 200 | 202 | 422 | 426 |
| 2. | കൊല്ലം | 2.09 | 193 | 196 | 403 | 410 |
| 3. | പുനലൂർ | 2.10 | 194 | 196 | 407 | 412 |
| 4. | പത്തനംതിട്ട | 2.03 | 208 | 212 | 422 | 430 |
| 5. | ആലപ്പുഴ | 2.05 | 199 | 202 | 408 | 414 |
| 6. | കോട്ടയം | 2.08 | 204 | 205 | 424 | 426 |
| 7. | മുണ്ടക്കയം | 2.17 | 199 | 201 | 432 | 436 |
| 8. | ഇടുക്കി | 1.97 | 199 | 204 | 392 | 402 |
| 9. | എറണാകുളം | 2.03 | 195 | 197 | 396 | 400 |
| 10. | ചാലക്കുടി | 2.00 | 216 | 217 | 432 | 434 |
| 11. | തൃശൂർ | 1.87 | 208 | 210 | 389 | 393 |
| 12. | പാലക്കാട് | 2.09 | 191 | 192 | 399 | 401 |
| 13. | മലപ്പുറം | 2.00 | 198 | 203 | 396 | 406 |
| 14. | കോഴിക്കോട് | 2.02 | 207 | 208 | 418 | 420 |
| 15. | വയനാട് | 1.93 | 200 | 202 | 386 | 390 |
| 16. | കണ്ണൂർ | 2.02 | 207 | 210 | 418 | 424 |
| 17. | കാസർഗോഡ് | 2.05 | 209 | 214 | 428 | 439 |

# ആദരാഞ്ജലികൾ

## പി. പി. മുകുന്ദൻ എന്ന മുകുന്ദേട്ടൻ



പി.പി.മുകുന്ദൻ

**കേ**രളത്തിൽ സാംസ്കാരിക ഹിന്ദുത്വത്തിന്റെ വക്താവ് എന്ന് പൊതുസമൂഹവും സംഘപരിവാർ സംഘടനകൾക്ക് പുറത്തുള്ളവരും അംഗീകരിച്ച വ്യക്തിത്വമായിരുന്നു ഇക്കഴിഞ്ഞ ദിവസം അന്തരിച്ച പി.പി.മുകുന്ദൻ. സ്വന്തം ജീവിതം രാഷ്ട്രസേവനത്തിനായി സമർപ്പിച്ച അദ്ദേഹം സംഘത്തിന്റെ പ്രചാരകൻ എന്ന നിലയിലാണ് ജീവിച്ചത്.

കണ്ണൂർ ജില്ലയിൽ 1946-ൽ കൃഷ്ണൻ നായരുടെയും കല്യാണി അമ്മയുടെയും മകനായി ജനിക്കുകയും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1965-ൽ ആർ.എസ്.എസ്. പ്രചാരകനായി ആദ്യം കണ്ണൂർ ജില്ലയിലും തുടർന്ന് ചെങ്ങനൂർ താലൂക്ക് പ്രചാരക്, തൃശൂർ ജില്ലാപ്രചാരക് എന്നീ ചുമതലകൾ വഹിച്ചു. അടിയന്തിരാവസ്ഥക്കെതിരായി അണ്ടർഗ്രൗണ്ട് പ്രവർത്തനത്തിനിടയിൽ അറസ്റ്റിലായി വിയ്യൂർ സെൻട്രൽ ജയിലിൽ അടയ്ക്കപ്പെട്ട അദ്ദേഹം 21 മാസക്കാലത്തിനുശേഷം ജയിൽമോചിതനായി. പിന്നീട് സംഘത്തിന്റെ കോഴിക്കോട്, തിരുവനന്തപുരം വിഭാഗ് പ്രചാരക്, പ്രാന്തീയ സമ്പർക്ക പ്രമുഖ് എന്നീ നിലകളിലും 1991 മുതൽ ഭാരതീയ ജനതാപാർട്ടിയുടെ സംസ്ഥാന സംഘടനാസെക്രട്ടറിയായും ദക്ഷിണമേഖലാ സെക്രട്ടറിയായും പ്രവർത്തിച്ചു.

രാഷ്ട്രീയ, സാമൂഹ്യ, കലാ-സാംസ്കാരികരംഗത്ത് സുഹൃദ്ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞ അദ്ദേഹം സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തി. അദ്ദേഹം കേരളത്തിലെ ബി.എം.എസ്. പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുകയുണ്ടായി. മുകുന്ദേട്ടന്റെ വേർപാട് ദേശീയ പ്രസ്ഥാനങ്ങൾക്ക് നികത്താൻ കഴിയാത്ത വിടവ് തന്നെയാണ്.



പി.പി.ചന്ദ്രൻ

പി.പി.ചന്ദ്രൻ അന്തരിച്ചു. ഈയിടെ അന്തരിച്ച പി.പി.മുകുന്ദന്റെ സഹോദരനാണ്.



കോട്ടക്കൽ ഗോപിനായർ

പ്രശസ്ത കഥകളി ആചാര്യൻ കോട്ടക്കൽ ഗോപി നായർ. മസ്ദൂർ ഭാരതി അസി.എഡിറ്റർ ടി.എം. നാരായണന്റെ അമ്മാവനാണ്.



എം.എസ്.സ്വാമിനാഥൻ

നമ്മുടെ രാജ്യത്തിന് അനുയോജ്യമായ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിക്കുകയും കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് രാജ്യത്തെ ഭക്ഷ്യസുരക്ഷയിലേക്ക് നയിച്ച ഹരിതവിപ്ലവത്തിന്റെ വിശ്വവിഖ്യത ശിൽപ്പിയായ ശാസ്ത്രജ്ഞൻ. പത്മഭൂഷണും മാക്സസെ പുരസ്കാരവുമുൾപ്പെടെ അറുപതിലേറെ ബഹുമതികൾ നേടി. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡയറക്ടർ ജനറൽ, രാജ്യാന്തര നെല്ല് ഗവേഷണകേന്ദ്രം മേധാവി, ദേശീയ കർഷക കമ്മീഷൻ ചെയർമാൻ തുടങ്ങി ഒട്ടേറെ ചുമതലകൾ വഹിച്ചിരുന്നു.



ആനത്തലവട്ടം ആനന്ദൻ

സി.ഐ.ടിയു സംസ്ഥാന പ്രസിഡന്റും ദേശീയ വൈസ് പ്രസിഡന്റും മുൻ എം.എൽയുമായിരുന്നു. കയർഫെഡ് ചെയർമാൻ, കയർ ബോർഡ് വൈസ് ചെയർമാൻ എന്നീ ചുമതലകളും വഹിച്ചിരുന്നു.

# കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് വിജയത്തിലേക്ക് കുതിക്കുക

## ഹിരണ്മയ് പാണ്ഡ്യ

**ബഡേ ബായ് എന്നറിയപ്പെട്ടിരുന്ന ഭാരതീയ മസ്ദൂർ സംഘത്തിന്റെ ആദ്യകാല പ്രസിഡന്റ് റാം നരേഷ് സിംഗിന്റെ സ്ഥലമായ ചുനാർ എന്ന വരാണസിക്കടുത്ത ഗ്രാമത്തിലായിരുന്നു ഇക്കഴിഞ്ഞ ഓഗസ്റ്റ് 18,19,20 തീയതികളിൽ ബി. എം. എസ്സിന്റെ ദേശീയ നിർവാഹക സമിതി യോഗം നടന്നത്. യോഗത്തിൽ അധ്യക്ഷ പ്രസംഗം നടത്തിയ ദേശീയ അധ്യക്ഷൻ ഹിരണ്മയ് പാണ്ഡ്യ സുപ്രധാനമായ മാർഗനിർദേശങ്ങളാണ് നൽകിയത്. കാലം അതിവേഗം പുരോഗമിക്കുകയാണെന്നും അത് ഉൾക്കൊള്ളാത്തവർ പിന്തള്ളപ്പെടുമെന്നും പറഞ്ഞ അദ്ദേഹം കാലത്തിനനുസരിച്ച മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംഘടനയെ നയിക്കാൻ ആഹ്വനം ചെയ്തു. ലോക തൊഴിലാളി രംഗത്തിന് തന്നെ വഴികാട്ടേണ്ടതായ വലിയ ഉത്തരവാദിത്തം ബി. എം. എസ്സിന് ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.**

(അധ്യക്ഷ പ്രസംഗത്തിന്റെ പൂർണരൂപമാണ് ചുവടെ കൊടുക്കുന്നത്.)



ഭാരതീയ മസ്ദൂർസംഘിന്റെ ത്രൈവാർഷികസമ്മേളനം 2023 ഏപ്രിൽ 7 മുതൽ 9 വരെ പട്നയിൽ നടന്ന ശേഷം ആദ്യമായാണ് എക്സിക്യൂട്ടീവ് കമ്മിറ്റി ചേരുന്നത്. 2023 ജൂലൈ 3, 4 തീയതികളിൽ ഭാരവാഹികളുടെ യോഗം വിജയവാഡയിൽ നടന്നു. ദേശീയ സമ്മേളനത്തിൽ ചില തീരുമാനങ്ങൾ എടുക്കുകയും ചില പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. ഈ കാലത്തിനിടയ്ക്ക് നിരവധി പരിപാടികൾ നടന്നു. അത് തുടർച്ചയായ പ്രക്രിയയാണ്. സ്വർഗ്ഗീയ ദത്തോപാന്ത് ഠേംഗ്ഡിജി തന്റെ ‘കാര്യകർത്താ’ എന്ന പുസ്തകത്തിൽ എഴുതിയതുപോലെ, ആദ്യം ജോലി തീരുമാനിക്കുക, തുടർന്ന് പരിപാടികൾ ആസൂത്രണം ചെയ്യുക, എന്നത് നാം നടപ്പാക്കുന്നു. ഈ കാലയളവിൽ നാം ബീഹാറിലെ പാട്നയിൽ എൽ-20 ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചു. ജൂലൈ മാസത്തിൽ, എല്ലാ ജി-20 രാജ്യങ്ങളിലെയും ക്ഷണിക്കപ്പെട്ട മറ്റു രാജ്യങ്ങളിലെയും തൊഴിൽമന്ത്രിമാരുടെ യോഗത്തിൽ നാം ബി-20, എൽ -20 എന്നിവയുടെ സംയുക്ത പ്രസ്താവന അവതരിപ്പിച്ചു. ഭാവിയിൽ എല്ലാവർക്കും (ആഗോളതലത്തിൽ) സാമൂഹിക സുരക്ഷ നല്കുകയും ജോലിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രസ്താവനയുടെ ലക്ഷ്യം. സ്ത്രീകൾ ജോലി ചെയ്യണം, അതോടൊപ്പം സംരംഭകരാരണം,

അടുത്തിടെ ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സിലെ മിസ് ലക്ഷ്മി പുരി തന്റെ ചെറിയ ബുക്ക്ലെറ്റിൽ സ്ത്രീകൾക്ക് ലഭ്യമായ ഫണ്ടുകളിലെ കുറവ് എടുത്തുകാണിച്ചു. ലോകത്തിലെ സ്ത്രീകൾക്കായി ജനറൽ ഫണ്ട് സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ഇതിൽ നിന്ന് വ്യക്തമാണ്. നാം എം.എസ്.എം.ഇ.കളെക്കുറിച്ച് മാത്രമാണ് സംസാരിക്കുന്നതെങ്കിൽ, ആഗോളതലത്തിൽ 1.7 ട്രി

ല്യൺ ഡോളറിന്റെ കുറവ് ലോകബാങ്കും സൂചിപ്പിക്കുന്നു. ഇത് പരിഹരിക്കേണ്ടതുണ്ട്. പുരുഷന്മാരേക്കാൾ ഏകദേശം ആറിരട്ടി കുറവാണ് സ്ത്രീകൾക്ക് ഫണ്ട് ലഭിക്കുന്നത്. ഇത് ലോകമെമ്പാടുമുള്ള ഒരു വെല്ലുവിളിയാണ്.

ഭാരതീയ മസ്ദൂർസംഘ് ഏറ്റവും വലുതും ഒന്നാം സ്ഥാനത്തുള്ളതുമായ സംഘടനയാണ് എന്നത് വലിയ ഉത്തരവാദിത്തമാണ്. എൽ-20 യുടെ വിജയത്തിന്റെ ഫലമായി നമ്മുടെ ഉത്തരവാദിത്തം ആഗോളതലത്തിൽ വർദ്ധിച്ചു. അതിനാൽ, നമ്മുടെ ശ്രമങ്ങൾ ഇന്ത്യയിലെ തൊഴിലാളികളുള്ള എല്ലാ പ്രദേശങ്ങളിലും ജില്ലയിലും എത്തിച്ചേരണം. ഇത് പൂർത്തീകരിക്കുന്നതിന്, നമ്മൾ ബി.എം.എസിന്റെ അഞ്ച് മാർഗ്ഗനിർദ്ദേശ തത്വങ്ങൾ ഉൾക്കൊള്ളണം: സമ്പർക്കം, സഹകരണം, അച്ചടക്കം, സേവനം, സമർപ്പണം എന്നിവയാണ് അവ. ബി.എം.എസിന്റെ ഗാനം: ''സംഘടൻ ഘഡേ ചലോ, സുപന്ത പർ ബടേ ചലോ, ബലാ ഹോ ജിസ്മേം ദേശ് കാ വോ കാം സബ് കിയേ ചലോ.'' അർത്ഥമാക്കുന്നത് 'സംഘടന കെട്ടിപ്പടുക്കുക, ശരിയായ പാതയിൽ മുന്നേറുക, രാജ്യതാല്പര്യമുള്ള പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുക എന്നാണ്.

നമ്മൾ പ്രവർത്തിക്കുമ്പോൾ പലപ്പോഴും എതിർപ്പുകൾ നേരിടേണ്ടിവരും. കാര്യങ്ങൾ മെച്ചപ്പെടുന്നതിനുമുമ്പു തന്നെ നാം ആ ഘട്ടത്തിലൂടെ കടന്നുപോകേണ്ടതായി വരും. നമ്മൾ എന്തെങ്കിലും നേടുമ്പോൾ സമൂഹത്തിൽ അന്തസ്സ് വർദ്ധിക്കുന്നു. തുടർന്ന് വ്യക്തിയിൽ അഭിമാനബോധം ഉണ്ടാകുന്നു. അഹങ്കാരമോ അഭിമാനമോ പാടില്ല, പ്രത്യേകിച്ചും സേവനം ചെയ്യുമ്പോൾ ''സുഖം വർദ്ധിക്കുന്നതിനനുസരിച്ച്, ജോലി നിർവ്വഹിക്കുന്നത് സൗകര്യപ്രദമാകും. ഒരാൾ തീർച്ചയായും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണം, എന്നാൽ സുഖസൗകര്യങ്ങൾക്ക് ഒരു നെഗറ്റീവ് ഇഫക്ട് ഉണ്ട്, അത് വ്യക്തിയെ സുഖം തേടുന്നയാളാക്കി മാറ്റും.'' ഇത് നാം ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ ബി.എം.എസ്സിന്റെ പഴയകാല പ്രവർത്തകരെ ഓർമിക്കുന്നത് ഉചിതമാണ്. തങ്ങളുടെ സമരജീവിതത്തിൽ നിരവധി പ്രശ്നങ്ങൾ അവർ അഭിമുഖീകരിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ഇക്കാലത്ത്, സൗകര്യത്തിന്റെ പേരിൽ പലരും രാഷ്ട്രീയ പാർട്ടികളിൽനിന്ന് എല്ലാവിധ സഹായങ്ങളും തേടുന്നു. ആവശ്യാനുസരണം നാം അവരുമായി ബന്ധപ്പെടേണ്ടതുണ്ട്. രാഷ്ട്രീയ പാർട്ടികളിൽനിന്ന് എന്തെങ്കിലും സഹായം തേടുന്നതിന് മുൻപ് നമുക്ക് എന്തെങ്കിലും സ്വന്തമായി ചെയ്യാൻ സാധിച്ചിട്ടുണ്ടോ എന്ന് സ്വയം ചോദിക്കേണ്ടതുണ്ട്. അതിനാൽ, നാം മറ്റുള്ളവരുടെ ആശ്രിതത്വം കുറയ്ക്കണം, ആരുടെയെങ്കിലും അനാവശ്യ സ്വാധീനത്തിൽ ആയിരിക്കരുത്. എല്ലാ പ്രശ്നങ്ങളും പ്രധാന പ്രശ്നമായി മാറരുത്. രാഷ്ട്രീയപാർട്ടികളിലൂടെ മാത്രം പ്രശ്നങ്ങൾ പരിഹരിക്കുന്നത് ശരിയായ രീതിയല്ല. അതിന്റെ യുക്തിസഹമായ ഉപയോഗം ശരിയായ ക്രമീകരണങ്ങളിലൂടെയും സംവിധാനങ്ങളിലൂടെയും ആയിരിക്കണം. അത്തരം തീരുമാനങ്ങൾ ഇന്ത്യയിലെ മുഴുവൻ തൊഴിലാളികളുടെയും ക്ഷേമത്തിന് വേണ്ടി ആയിരിക്കണം. നാമെല്ലാവരും സേവനം ചെയ്യുന്നു. ആ സേവനത്തിനുള്ള പ്രചോദനം നമ്മുടെ പ്രതിച്ഛായ വർദ്ധിപ്പിക്കാനോ പുണ്യം നേടാനുള്ള ആഗ്രഹമോ ആയിരിക്കരുത്.

വരുംവർഷങ്ങളിൽ ഭരതീയ മസ്ദൂർസംഘം 70 വർഷം പൂർത്തിയാക്കും. ഈ അവസരത്തിൽ നമ്മൾ ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതിനാൽ, 2024 വർഷത്തിന്റെ തുടക്കം മുതൽ കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. അതുപോലെ, 2025-ൽ ആർ.എസ്.എസ്സും അതിന്റെ 100 വർഷം പൂർത്തിയാക്കും. കഴിഞ്ഞ 70 വർഷമായി, നാമും നമ്മുടെ പഴയ പ്രവർത്തകരും ഉത്സാഹത്തോടെ പ്രവർത്തിക്കുന്നു. നമ്മുടെ സ്വഭാവ വൈശിഷ്ട്യംകൊണ്ട് ലോകത്തിനു വിജ്ഞാനം പകരാനുള്ള ചാരിത്രശുദ്ധി നമുക്കാവശ്യമാണ്. (സ്വയം സ്വയം ചരിത്രം ശിക്ഷേൻ യുവത്വം സർവമാനവ:)

2024-ൽ എല്ലാ സംസ്ഥാനങ്ങളുടെയും കോൺഫറൻസുകൾ നടത്താൻ തയ്യാറെടുക്കേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനപദ്ധതി തീരുമാനിക്കേണ്ടതുണ്ട്. പുതിയൊരു ടീമിനെ രൂപീകരിക്കേണ്ടതുണ്ട്. അതിനുള്ള ചർച്ചകൾ ആരംഭിക്കേണ്ടതുണ്ട്. സംഘടനയുടെ നന്മയെക്കുറിച്ച് ചിന്തിക്കുന്ന പ്രവർത്തകരെ തിരിച്ചറിയേണ്ടതു

**നമ്മൾ എന്തെങ്കിലും നേടുമ്പോൾ സമൂഹത്തിൽ അന്തസ്സ് വർദ്ധിക്കുന്നു. തുടർന്ന് വ്യക്തിയിൽ അഭിമാനബോധം ഉണ്ടാകുന്നു. അഹങ്കാരമോ അഭിമാനമോ പാടില്ല, പ്രത്യേകിച്ചും സേവനം ചെയ്യുമ്പോൾ "സുഖം വർദ്ധിക്കുന്നതിനനുസരിച്ച്, ജോലി നിർവ്വഹിക്കുന്നത് സൗകര്യപ്രദമാകും. ഒരാൾ തീർച്ചയായും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണം, എന്നാൽ സുഖസൗകര്യങ്ങൾക്ക് ഒരു നെഗറ്റീവ് ഇഫക്ട് ഉണ്ട്, അത് വ്യക്തിയെ സുഖം തേടുന്നയാളാക്കി മാറ്റും." ഇത് നാം ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ ബി.എം.എസ്സിന്റെ പഴയകാല പ്രവർത്തകരെ ഓർമിക്കുന്നത് ഉചിതമാണ്.**

ണ്ട്. സംഘടനയെ നേർവഴിയിലേക്ക് നയിക്കാനും അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനും പ്രതിജ്ഞാബദ്ധരായ പ്രവർത്തകരെയാണ് നാം തിരഞ്ഞെടുക്കേണ്ടത്. അത്തരത്തിലുള്ള അർപ്പണബോധമുള്ള പ്രവർത്തകരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കാൻ നിങ്ങൾ എല്ലാവരും പരസ്പരം ചർച്ചകൾ ആരംഭിക്കണം. അതിലൂടെ അവരുടെ പേര് ശരിയായ സമയത്ത് പ്രഖ്യാപിക്കാനാകും.

ഓർഗനൈസേഷന്റെ കാഴ്ചപ്പാടും ലക്ഷ്യവും ഭാവിയും മനസ്സിൽവെച്ചുകൊണ്ട് പുതിയ വ്യക്തികളെ തിരിച്ചറിയുകയും തിരഞ്ഞെടുക്കുകയും ചെയ്യുക. സംഘടനയിൽ സമ്പത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തകരെ തിരഞ്ഞെടുക്കുന്ന സമയത്താണ് സംഘടനയുടെ അസ്തിത്വം നഷ്ടപ്പെടുന്നതെന്ന് ദത്തോപാന്ത്ജി പറഞ്ഞിരുന്നു.

ഭാരതീയ മസ്ദൂർസംഘവും ഇന്ത്യയിലെ വ്യവസായങ്ങളും കഴിഞ്ഞ 60 വർഷമായി മാറിയിട്ടുണ്ട്. കൂടാതെ വരുംദിവസങ്ങളിൽ കൂടുതൽ മാറ്റങ്ങളുണ്ടാകും. വിജയിക്കാനായി കാലത്തിനോട് നാം പൊരുത്തപ്പെടുകയും പരിണമിക്കുകയും വേണം. ഉദാഹരണത്തിന്, 1998-ൽ കൊഡാക്കിൽ 170,000 ജോലിക്കാരുണ്ടായിരുന്നു. അവർ ലോകത്തിലെ ഫോട്ടോപേപ്പറിന്റെ 85% വിറ്റഴിച്ചിരുന്നു. ഡിജിറ്റൽ ഫോട്ടോഗ്രാഫി കാരണം, കൊഡാക്ക് പാപ്പരായി, അവരുടെ എല്ലാ ജീവനക്കാരും റോഡിലായി. എച്ച്.എം.ടി. വാച്ചുകൾ, ബജാജ് സ്കൂട്ടറുകൾ, ഡയനോറ ടിവികൾ, മർഫി റേഡിയോകൾ, അംബാസഡർ കാറുകൾ, എൽ.എം.എൽ. തുടങ്ങിയവയാണ്. ഇവയുടെ ഉല്പന്നങ്ങൾക്കെല്ലാം ഗുണനിലവാര പ്രശ്നങ്ങളൊന്നുമില്ല, പക്ഷേ അവ വിപണിയിൽനിന്ന് പുറത്തുപോയി. കാലാനുസൃതമായ മാറ്റങ്ങളുമായി അവർ പൊരുത്തപ്പെട്ടില്ല എന്നതാണ് കാരണം എന്നുവ്യക്തമാണ്. ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ നമ്മൾ ജാഗ്രത

**ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ നമ്മൾ ജാഗ്രത പാലിക്കേണ്ടതുണ്ട്. കാലത്തിനനുസരിച്ച് സ്വയം നവീകരിക്കാൻ തയ്യാറാവുക.**

പാലിക്കേണ്ടതുണ്ട്. മാറുന്ന സാഹചര്യത്തിൽ തുടരാനും വിജയം നേടാനും സമയത്തിനനുസരിച്ച് അപ്ഡേറ്റും അപ്ഗ്രേഡും ആവേണ്ടതുണ്ട്.

വരുന്ന 10 വർഷത്തിനുള്ളിൽ, ലോകം ഗണ്യമായി മാറും, നിലവിലെ വ്യവസായങ്ങളിൽ 70% അടച്ചേക്കാം. നാലാമത്തെ വ്യാവസായികവിപ്ലവം ഇതിനകം നടന്നുകൊണ്ടിരിക്കുകയാണ്. സ്വന്തമായി ഒരു വാഹനം പോലുമില്ലാതെ, വെറുമൊരു സോഫ്റ്റ്‌വെയർ ആണെങ്കിലും ലോകത്തിലെ ഏറ്റവും വലിയ ടാക്സി കമ്പനിയാണ് യൂബർ. അതുപോലെ ഹോട്ടലുകളൊന്നും ഇല്ലെങ്കിലും Airbnb ലോകത്തിലെ ഏറ്റവും വലിയ ഹോട്ടൽ കമ്പനിയാണ്, PayTM, Ola Cabs തുടങ്ങി നിരവധി ഉദാഹരണങ്ങളുണ്ട്. അമേരിക്കയിൽ ഐ.ബി.എം. വാട്സൺ പോലുള്ള സോഫ്റ്റ്‌വെയറുകൾക്ക് നിമിഷങ്ങൾക്കുള്ളിൽ മികച്ച നിയമോപദേശം നല്കാൻ കഴിയുമെന്നതിനാൽ, 70% യുവ അഭിഭാഷകർക്കും തൊഴിൽ ഉറപ്പാക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. പല അഭിഭാഷകരും തൊഴിൽരഹിതരാകും. 2030 ആകുമ്പോഴേക്കും കമ്പ്യൂട്ടറുകൾ മനുഷ്യരേക്കാൾ ബുദ്ധിശക്തിയുള്ളതായി മാറിയേക്കാം. ഒരുപക്ഷേ, ലോകത്ത് നിലവിലുള്ള 90% കാറുകളും അടുത്ത പത്തുവർഷത്തിനുള്ളിൽ റോഡുകളിൽനിന്ന് അപ്രത്യക്ഷമാകും, കാരണം ശേഷിക്കുന്ന കാറുകൾ വൈദ്യുതിയിൽ പ്രവർത്തിക്കുന്നതും വായുവിൽ പറക്കുന്നതും ആയിരിക്കും. പെട്രോൾ ഉപഭോഗത്തിൽ 80% കുറവുണ്ടായാൽ അറബ് രാജ്യങ്ങൾ പോലെയുള്ള എണ്ണ ഉല്പാദക രാജ്യങ്ങൾ സാമ്പത്തികപ്രതിസന്ധി നേരിടാനിടയുണ്ട്. കാറുകൾ ഡ്രൈവറില്ലാതായി മാറിയേക്കാം. ഇത് അപ്രതീക്ഷിത അപകടങ്ങളിൽ 85% കുറവുണ്ടാക്കുകയും കാർ ഇൻഷുറൻസ് ബിസിനസ്സ് അവസാനിപ്പിക്കേണ്ടി വരികയും ചെയ്യും. പത്തുവർഷംമുമ്പ് ഇന്ത്യയിൽ പി.സി.ഒ. ബൂത്തുകൾ ഇല്ലാതിരുന്നു. മൊബൈൽ ഫോണുകളുടെ വരവ് ഈ സാഹചര്യം മാറ്റിമറിച്ചു. എല്ലാവരും മൊബൈൽ റീചാർജുകളും സിം കാർഡുകളും വിൽക്കാൻ തുടങ്ങി. ഇപ്പോൾ റീചാർജുകൾപോലും ഓൺലൈനിൽ ചെയ്യുന്നു. മൊബൈൽ ഫോണുകളിൽ റെയിൽടിക്കറ്റുകൾ ബുക്ക് ചെയ്യുന്നു. പണമിടപാടുകൾ നടക്കുന്ന രീതി; കറൻസി നോട്ടുകൾക്ക് പകരം പ്ലാസ്റ്റിക് പണം, ഡിജിറ്റൽ ഇടപാടുകൾ എന്നിവ സാധാരണമായി. കറൻസി നോട്ടുകൾപോലും ഡിജിറ്റൽ ആവുകയാണ്. ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ നമ്മൾ ജാഗ്രത പാലിക്കേണ്ടതുണ്ട്. കാലത്തിനനുസരിച്ച് സ്വയം നവീകരിക്കാൻ തയ്യാറാവുക.വിജയത്തിനായി പരിശ്രമിക്കുക, വരാനിരിക്കുന്ന മാറിക്കൊണ്ടിരിക്കുന്ന പാറ്റേണുകൾ മനസ്സിലാക്കുകയും ഇന്ത്യയിലെ തൊഴിൽശക്തിക്ക് ഫലപ്രദമായ നേതൃത്വം നല്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്ന സുപ്രധാന തീരുമാനങ്ങൾ ഈ സമ്മേളനത്തിൽ എടുക്കേണ്ടതായിട്ടുണ്ട്.

## ഠേംഗ്ഡിജിയുടെ ദർശനങ്ങൾ

# രാഷ്ട്രഹിതവും തൊഴിലാളിഹിതവും






**ടി. വിജയൻ**

**9496727842**

**സാ**ധാരണ നേതാക്കൾക്കിയിലെ അഭിപ്രായഭിന്നതയോ അധികാരതർക്കമോ ആണ് ട്രേഡ്‌യൂനികളുടെ പിളർപ്പിനുകാരണമാകാറ്. അങ്ങനെ വരുമ്പോൾ പുതുതായി രൂപപ്പെടുന്ന സംഘടനയ്ക്ക് പിളർപ്പുണ്ടാക്കിയ നേതാവിനൊപ്പം നില്ക്കുന്നവർ അംഗങ്ങളായുണ്ടാവും. അതിന്റെ ഭാരവാഹികളാവാൻ കൂടെ പോന്നവരുണ്ടാവും. കയ്യിൽ ഫണ്ടുണ്ടാവും. ചില സ്ഥലത്തെങ്കിലും ഓഫീസുണ്ടാവും. ഇതൊന്നുമില്ലാതെയാണ് 1955 ജൂലായ് 23-ന് ലോകമാന്യതിലകന്റെ ജയന്തിനാളിൽ ഭാരതീയ മസ്ദൂർസംഘം എന്ന സംഘടന രൂപീകൃതമായത്. തുടക്കത്തിൽ അതിൽ ഒരാളേ ഉണ്ടായിരുന്നുള്ളു - ദത്തോപാന്ത് ഠേംഗ്ഡി. ഭോപ്പാലിൽ ചേർന്ന ആദ്യയോഗത്തിൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നത് ദേശഭക്തരും നിസ്വാർത്ഥമതികളുമായ ചില വ്യക്തികൾ മാത്രം. ശൂന്യതയിൽനിന്ന് ഒരു തൊഴിലാളി സംഘടന കെട്ടിപ്പടുക്കുകയാണ് അവർ ചെയ്തത്.

1968 ഒക്ടോബർ 23 മുതൽ 31 വരെ മഹാരാഷ്ട്രയിലെ ഭൂസാവലിൽ നടന്ന അഖിലഭാരതീയ കാര്യകർത്താക്കളുടെ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ഠേംഗ്ഡിജി പറഞ്ഞു: ''ഈ സംഘടനാപ്രവർത്തനം അത്യന്താപേക്ഷിതമായിരുന്നു എന്നതുതന്നെയാണ് ഇതു തുടങ്ങാനുള്ള കാരണം. സാധനങ്ങൾ വില്ക്കപ്പെടണമെങ്കിൽ ആവശ്യക്കാർ ഉണ്ടായിരിക്കണമെന്നതാണല്ലോ വിപണിയുടെ തത്വം. സാധനങ്ങൾ വിറ്റുപോകുന്നുണ്ടെങ്കിൽ അതു വെളിവാക്കുന്നത് ആവശ്യക്കാരുണ്ട് എന്നുതന്നെയാണ്. നമ്മുടെതു ഒരു ചരിത്രപരമായ ആവശ്യമായിരുന്നു.'' (ദത്തോപാന്ത് ഠേംഗ്ഡി ദിശാദർശനം, വാല്യം 2, പേജ് - 15)

ദേശീയബോധമുള്ള തൊഴിലാളിസംഘടന എന്നതാണ് ബി.എം.എസിനെ മറ്റു തൊഴിലാളി സംഘടനകളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. ഠേംഗ്ഡിജി അതേ പ്രസംഗത്തിൽ പറയുന്നു: ''തൊഴിലാളിഹിതം, തൊഴിൽഹിതം, രാഷ്ട്രഹിതം എന്നീ മൂന്നു തലങ്ങളും ഒരേ ദിശയിൽ നീങ്ങുന്നവയാണെന്നറിഞ്ഞുകൊണ്ടുതന്നെ മുന്നോട്ടുനീങ്ങുന്നവരാണ് നമ്മൾ. രാഷ്ട്രം ഉണ്ടെങ്കിലേ തൊഴിലാളിക്ഷേമം ഉണ്ടാകൂ. രാഷ്ട്രസങ്കല്പം അസ്തമിച്ചാൽ തൊഴിലാളിക്ഷേമവും ഇല്ലാതാകും. ഈ സങ്കല്പം ഏറ്റെടുത്ത് തൊഴിലാളിമേഖലയിൽ

ആവശ്യകതകളോടൊപ്പം പാരമ്പര്യവും കൂടി കണക്കിലെടുത്താണ് നാം ഇവിടെ എത്തിയത്. വർത്തമാനകാല പരിതസ്ഥിതിയിൽ തൊഴിലാളികളിലേയ്ക്ക് ഭാരതീയ സങ്കല്പത്തെ എത്തിക്കാനുള്ള പ്രയത്നവും നാം ചെയ്തുവരുന്നു." (അതേ പുസ്തകം പേജ് - 16)

ഭാരതീയ സംസ്കാരത്തിലും മൂല്യങ്ങളിലുള്ള വിശ്വാസം ദൃഢതരമാക്കി നിർത്തിക്കൊണ്ട് അവയെ തൊഴിലാളി സമൂഹത്തിന്റെ ജീവിതവുമായി ബന്ധിപ്പിക്കുക എന്നതാണ് രാഷ്ട്രഹിതം എന്ന കാഴ്ചപ്പാടിലൂടെ ബി.എം.എസ്. ഉദ്ദേശിച്ചത്. തൊഴിലാളി എന്നതിനൊപ്പം ഭാരതീയ പാരമ്പര്യത്തിന്റെ അവകാശിയായ തൊഴിലാളി എന്നഭിമാനിക്കാനുള്ള ചിന്ത ഓരോ തൊഴിലാളിയിലും സൃഷ്ടിക്കണം. അത്തരം നീക്കമാണ് മറ്റു ട്രേഡ്‌യൂനിയനുകളിൽ നിന്നു ബി.എം.എസിനെ വ്യത്യസ്തമാക്കുന്ന ഒരു ഘടകം.

ഠേംഗ്ഡിജി പറയുന്നത് ശ്രദ്ധിക്കുക: ''ഇക്കാലമത്രയും ട്രേഡ്‌യൂനിയൻ മുന്നേറ്റങ്ങളിൽ ആളുകൾ 'അന്തർദേശീയ തൊഴിൽദിനമായി മെയ് 1-നെ ആഘോഷിച്ചിരുന്നു. നമുക്കായി ഒരു ദേശീയ തൊഴിൽദിവസം ഉണ്ടാകണമെന്ന ചിന്ത ആർക്കുംതന്നെ ഉണ്ടായിരുന്നില്ല. ആയിരക്കണക്കിനു വർഷങ്ങളായി നമ്മുടെ തൊഴിലാളികൾ 'വിശ്വകർമ്മജയന്തി' ആഘോഷിച്ചുവരുന്നു. അതിനാൽ നമ്മൾ ആ ദിനത്തെ തന്നെ ദേശീയ തൊഴിൽദിനമായി സ്വീകരിക്കുകയും ആഘോഷിക്കാൻ ആരംഭിക്കുകയും ചെയ്തു.'' (പേജ് - 16) ഭാരതത്തിന്റെ ആത്മീയ മൂല്യങ്ങളിൽ നിന്ന് പ്രേരണയുൾക്കൊണ്ടുള്ള തൊഴിലാളിപ്രവർത്തനം എന്നതിന്റെ പ്രായോഗികവൽക്കരണമാണിത്. ഭാരതീയതയിലും ഭാരതീയപാരമ്പര്യത്തിലും ഉറച്ചുനിന്നുകൊണ്ടുള്ള തൊഴിലാളിക്ഷേമം എന്ന കാഴ്ചപ്പാടിന് അനുഗുണമാണ് ബി.എം.എസ്സിന്റെ എല്ലാ പ്രവർത്തനങ്ങളും.

**1968 ഒക്ടോബർ 23 മുതൽ 31 വരെ മഹാരാഷ്ട്രയിലെ ഭൂസാവലിൽ നടന്ന അഖിലഭാരതീയ കാര്യകർത്താക്കളുടെ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ഠേംഗ്ഡിജി പറഞ്ഞു: "ഈ സംഘടനാപ്രവർത്തനം അത്യന്താപേക്ഷിതമായിരുന്നു എന്നതുതന്നെയാണ് ഇതു തുടങ്ങാനുള്ള കാരണം. സാധനങ്ങൾ വില്ക്കപ്പെടണമെങ്കിൽ ആവശ്യക്കാർ ഉണ്ടായിരിക്കണമെന്നതാണല്ലോ വിപണിയുടെ തത്വം. സാധനങ്ങൾ വിറ്റുപോകുന്നുണ്ടെങ്കിൽ അതു വെളിവാക്കുന്നത് ആവശ്യക്കാരുണ്ട് എന്നു തന്നെയാണ്.**

"തൊഴിൽ, കൂലി, ജോലി സൗകര്യങ്ങൾ, മറ്റു അവകാശങ്ങൾ എന്നതിലൊതുങ്ങുന്ന മറ്റു പല തൊഴിലാളിസംഘടനകളുടെയും പ്രവർത്തനം അവിടെതന്നെ നിലവിലുള്ള കാര്യങ്ങൾ തുടർന്നുപോകും എന്ന കാഴ്ടപ്പാടും അവർ പിന്തുടരുന്ന തൊഴിലാളികളുടെ സാമ്പത്തിക ആവശ്യത്തിനപ്പുറം സമ്പൂർണ്ണ ഉന്നമനമാണ് ബി.എം.എസ്. ലക്ഷ്യമിടുന്നത്. നിലവിലുള്ള ജീവിതനിലവാരസൂചികയെ ആളുകൾ ശരിവെച്ചപ്പോൾ അതു തെറ്റാണെന്ന് ആദ്യം പറഞ്ഞത് നമ്മളാണ്. വിസ്തരിച്ച വിവരണംതന്നെയാണ് നാമതിന് നല്കിയത്. അതിന്റെ ഫലമായിട്ടാണ് ഇന്ന് വിലസൂചികയിൽ പുനസംയോജനം നടന്നത്.'' (''ഠേംഗ്ഡിജി, അതേ പുസ്തകം പേജ് - 17)

വേതനം നിശ്ചയിക്കുന്നതിലും ബി.എം.എസിന്റെ ഇടപെടൽ നിർണ്ണായകമാണ്. ഇതിനെക്കുറിച്ച് ഠേംഗ്ഡിജി പറയുന്നു : 'വേതനത്തെക്കുറിച്ച് ശാസ്ത്രീയ അടിസ്ഥാനമോ ചിന്തയോ ആരും നിരത്തിയിട്ടില്ല. ഏറ്റവുംകുറഞ്ഞ വേതനം നിശ്ചയിക്കപ്പെടണമെന്ന് ഭാരതീയ മസ്ദൂർസംഘമാണ് ആദ്യം ആവശ്യപ്പെട്ടത്. പിന്നീട് വിഭിന്ന ജോലികൾക്കായുള്ള ജോലി മൂല്യനിർണ്ണയം നടത്തുകയും അതിനുശേഷം സമ്പൂർണ്ണ വേതനത്തെ വിലക്കയറ്റവുമായി ബന്ധിപ്പിച്ച് അവ തമ്മിലുള്ള ബന്ധം ശാസ്ത്രീയമായി പുറത്തുകൊണ്ടുവരികയും ജീവിതസൂചികയ്ക്കു നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങളാക്കി നല്കുകയും വേണം.''

(അതേ പുസ്തകം, പേജ്- 17) എത്ര ദീർഘദർശനത്തോടെയുള്ളതാണ് 1968-ലെ ഈ പ്രസംഗം എന്ന ചിന്തിക്കുക. ഈ കാഴ്ചപ്പാടിലാണ് ഇന്ന് ബി.എം.എസ്. കുറഞ്ഞ വേതനം എന്ന തത്വം കാലം കഴിഞ്ഞതാണെന്നും ജീവിതവേതനമാണ് ഇനി നടപ്പാക്കേണ്ടത് എന്നും ആവശ്യപ്പെട്ടത്. ഇക്കഴിഞ്ഞ ബി.എം.എസ്. ദേശീയ സമ്മേളനം സർക്കാരിനുമുമ്പിൽ ഈ ആവശ്യം ഉന്നയിച്ചുകഴിഞ്ഞു. (കൂടുതൽ വിവരങ്ങൾ മസ്ദൂർഭാരതി -ലക്കം കാണുക). തൊഴിൽഹിതം, തൊഴിലാളിഹിതം എന്നിവയിൽ ബി.എം.എസ്. സ്വീകരിച്ച നിലപാടിനുള്ള രണ്ട് തെളിവുകളാണിവ.

ഒരു 'ഇസ'ത്തോടും പ്രതിപത്തിയില്ല എന്നതാണ് ബി.എം.സിന്റെ മറ്റൊരു പ്രത്യേകത. മാർക്സിസ്റ്റ്, സോഷ്യലിസ്റ്റ് തൊഴിലാളിസംഘടനകൾ തൊഴിലാളികൾക്കിടയിൽ വർഗ്ഗസംഘർഷത്തിന്റെ കാഴ്ചപ്പാട് പ്രചരിപ്പിക്കുന്നു. മുതലാളിത്തം, സോഷ്യലിസം, കമ്മ്യൂ

ണിസം എന്നീ ഇസങ്ങളിലായി ലോകജനതയെ വർഗ്ഗീകരിച്ച് പരസ്പരശത്രുക്കളായി വ്യാഖ്യാനിക്കുന്നു. തൊഴിലാളിയെ കമ്മ്യൂണിസ്റ്റുകൾ അധികാരം പിടിച്ചെടുക്കാനുള്ള കേവല ഉപകരണമായി കരുതുന്നു. ദേശീയതാല്പര്യം അവർക്കുമുന്നിൽ ചിന്താവിഷയമേ ആകുന്നില്ല. ഠേംഗ്ഡിജി പറയുന്നു: കമ്മ്യൂണിസ്റ്റുകൾ ട്രേഡ്‌യൂണിയനിസമോ സമാധാനമോ ആഗ്രഹിക്കുന്നില്ല. മാർക്സ് ചുവപ്പ് വിപ്ലവത്തെക്കുറിച്ച് പറഞ്ഞത് ലെനിൻ ആവർത്തിച്ചു. ബാക്കിയുള്ളവരും. പക്ഷേ, ശാസ്ത്രീയമായ അതിന്റെ അടിത്തറയെക്കുറിച്ച് പ്രതിപാദിച്ചില്ല." ഇങ്ങനെ പറഞ്ഞ അദ്ദേഹം ഉറപ്പിച്ചുപറയുന്നു: 'മുഖംമൂടിയിട്ട് നോക്കാൻ ശ്രമിക്കുന്നതുകൊണ്ട് തന്നെ കമ്മ്യൂണിസ്റ്റുകാർ തൊഴിലാളിവിരുദ്ധനയമാണ് നടപ്പാക്കുന്നത്', അതുകൊണ്ടുതന്നെ അദ്ദേഹം പറയുന്നു: 'ഭാരതീയ മസ്ദൂർ സംഘത്തിന് ഒരു പ്രത്യേക ഇസവുമില്ല. ഇപ്പോഴാകട്ടെ, എല്ലാ ഇസവും കാലഹരണപ്പെട്ടുതുടങ്ങുകയും ചെയ്തു. രാഷ്ട്രഹിതത്തിനപ്പുറം ഒരു ഇസവും ഇല്ലതന്നെ. വ്യക്തിഗത നേതാവ് ചമയലിനും തർക്കവിതർക്കങ്ങൾക്കും ഉപരിയായി, രാഷ്ട്രീയപാർട്ടികളിൽനിന്നും രാഷ്ട്രീയത്തിൽനിന്നും മുക്തമായി, തൊഴിലാളികളിലൂടെ തൊഴിലാളികൾക്കുവേണ്ടി തൊഴിലാളിക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്ന സംഘടനയാണ് ഭാരതീയ മസ്ദൂർസംഘം.'' (അതേ പുസ്തകം, പേജ് - 17) തൊഴിൽതാല്പര്യവും ദേശീയതാല്പര്യവും പരസ്പരവിരുദ്ധമല്ല. ഒരുമിച്ചുപോകുന്നതാണ് എന്നാണ് ബി.എം.എസ്സിന്റെ കാഴ്ചപ്പാട്. അതുകൊണ്ടുതന്നെ ദേശീയ താല്പര്യത്തിന്റെ പശ്ചാത്തലത്തിൽ വേണം തൊഴിലാളിതാല്പര്യം പരിഗണിക്കാൻ എന്നു കരുതുകയും ചെയ്യുന്നു.

**1990 – ൽ മോസ്കോയിൽ നടന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂനിയന്റെ സമ്മേളനത്തിൽ അധികാരത്തിൽ നിന്നും രാഷട്രീയപാർട്ടികളിൽനിന്നും തൊഴിലാളി സംഘടന വിട്ടുനില്ക്കണമെന്ന ആവശ്യം ഉയരുകയും പങ്കെടുത്തവരെല്ലാംഅതു സമ്മതിക്കുകയും ചെയ്തിരുന്നു. ഇതിന് 35 വർഷം മുമ്പ് ഇതേ നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഭാരതീയ മസ്ദൂർ സംഘം സ്ഥാപിതമായത്.**

1990–ൽ മോസ്കോയിൽ നടന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ്‌യൂനിയന്റെ സമ്മേളനത്തിൽ അധികാരത്തിൽനിന്നും രാഷട്രീയപാർട്ടികളിൽനിന്നും തൊഴിലാളിസംഘടന വിട്ടുനില്ക്കണമെന്ന ആവശ്യം ഉയരുകയും പങ്കെടുത്തവരെല്ലാംഅതു സമ്മതിക്കുകയും ചെയ്തിരുന്നു. ഇതിന് 35 വർഷം മുമ്പ് ഇതേ നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഭാരതീയ മസ്ദൂർസംഘം സ്ഥാപിതമായത്. ബി.എം.എസ്സിന്റെ കാഴ്ചപ്പാട് കമ്മ്യൂണിസ്റ്റ് തൊഴിലാളി സംഘടനകൾ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കാൻ മൂന്നര പതിറ്റാണ്ട് കാത്തിരിക്കേണ്ടിവന്നു. എന്നിട്ടും ഭാരതത്തിലെ കമ്മ്യൂണിസ്റ്റ് തൊഴിലാളി സംഘടനകൾ പാർട്ടികളുടെ പോഷകസംഘടനകളായി പ്രവർത്തിക്കുന്നു. അതിന്റെ നേതാക്കൾ രാഷ്ട്രീയപാർട്ടി സ്ഥാനാർത്ഥികളായി മത്സരിച്ച് വിജയിക്കുകയും ചെയ്യുന്നു, അധികാരസ്ഥാനങ്ങൾ അലങ്കരിക്കുന്നു. ഈ വൈരുദ്ധ്യവും നാം കാണേണ്ടതുണ്ട്.

അന്താരാഷ്ട്രവാദം പൊള്ളയാണെന്ന് ഠേംഗ്ഡിജി പറയുന്നു. അയൽക്കാരന്റെ കണ്ണീരു കാണാത്തവനാണ് അന്താരാഷ്ട്രവാദം പ്രസംഗിക്കുന്നത്. ദേശീയത എവിടെയെങ്കിലുമുണ്ടെങ്കിൽ കമ്മ്യൂണിസ്റ്റ്കാർ അന്തർദേശീയത പറഞ്ഞ് അവിടെ വിള്ളലുണ്ടാക്കും. അവർതന്നെ ഇടതുപക്ഷം, വലതുപക്ഷം എന്നുപറഞ്ഞ് ഭിന്നിച്ചുനില്ക്കുകയും ചെയ്യുന്നു. ഇവർ ഉണ്ടാക്കുന്ന ആശയക്കുഴപ്പത്തിൽ പെട്ടുഴലുന്ന തൊഴിലാളിക്ക് വ്യക്തമായ ദർശനം നല്കാൻ ഠേംഗ്ഡിജിക്കു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'ഇവിടെ നാം ദേശീയമായ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കും. ദേശീയ വരുമാനനയം, ഉല്പാദനനയം, വേതനനയം, മൂല്യനയം എന്നിവ തയ്യാറാക്കേണ്ടിയിരിക്കുന്നു. ഇതിലൂടെ സർവ്വസ്പർശിയായ ഉല്പാദനനയം, നികുതിനയം, മൂല്യനയം, ശമ്പളനയം എന്നിവ ഉരുത്തിരിഞ്ഞുവന്നേക്കും.' പഞ്ചവത്സരപദ്ധതികൾക്കുമുന്നോടിയായി തൊഴിലാളി സംഘടനാനേതാക്കളും സാമ്പത്തികവിദഗ്ദ്ധരും എങ്ങനെ ചിന്തിക്കണമെന്ന് 1969–ൽ അദ്ദേഹം നല്കിയ കാഴ്ചപ്പാട് എത്ര ദീർഘവീക്ഷണത്തോടെയുള്ളതാണെന്നും നാം തിരിച്ചറിയണം.

**(തുടരും)**

# സനാതന ധർമ്മം കാഴ്ചയുടെ തലങ്ങളും കാഴ്ചപ്പാടുകളും



**കെ. വി. രാജേന്ദ്രൻ**
**9495493071**

**അടുത്തകാലത്ത് ചെന്നൈയിൽ ആതവൻ ദീച്ഛന്യ നേതൃത്വം കൊടുത്ത തമിഴ്നാട് പ്രോഗ്രസ്സീവ് റൈറ്റേഴ്സ് അസ്സോസ്സിയേഷൻ കാമരാജൻ ഹാളിൽ നടത്തിയ ''സനാതൻ അബോളിഷൻ കോൺക്ലേവ്' 3 ദിവസങ്ങളിലായി നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തത് തമിഴ്നാട് മുഖ്യമന്ത്രിയുടെ മകനും മന്ത്രിയുമായ ഉദയനിധി സ്റ്റാലിനാണ്. അദ്ദേഹം തന്റെ പ്രസംഗത്തിൽ സനാതനധർമ്മം തൂത്തെറിയുമെന്ന് പ്രഖ്യാപിച്ചതായിരുന്നു ഭാരതമാസകലം പ്രതിഷേധത്തിനും ചർച്ചയ്ക്കും കാരണമായത്.**

**കേ**രളത്തിന്റെ വർത്തമാനകാല ചരിത്രം ഇന്നു ഭാരതത്തിൽ അലയടിച്ചുയരുന്ന ദേശീയ വികാരത്തിന് എതിരാണ് എന്ന് സ്ഥാപിക്കാനൊരു പാഴ്ശ്രമം നടക്കുന്നു. അടുത്തകാലത്ത് ചെന്നൈയിൽ ആതവൻ ദീച്ഛന്യ നേതൃത്വം കൊടുത്ത തമിഴ്നാട് പ്രോഗ്രസ്സീവ് റൈറ്റേഴ്സ് അസ്സോസ്സിയേഷൻ കാമരാജൻ ഹാളിൽ നടത്തിയ ''സനാതൻ അബോളിഷൻ കോൺക്ലേവ് ' 3 ദിവസങ്ങളിലായി നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തത് തമിഴ്നാട് മുഖ്യമന്ത്രിയുടെ മകനും മന്ത്രിയുമായ ഉദയനിധി സ്റ്റാലിനാണ്. അദ്ദേഹം തന്റെ പ്രസംഗത്തിൽ സനാതനധർമ്മം തൂത്തെറിയുമെന്ന് പ്രഖ്യാപിച്ചതായിരുന്നു ഭാരതമാസകലം പ്രതിഷേധത്തിനും ചർച്ചയ്ക്കും കാരണമായത്. സനാതന ധർമ്മത്തെ എതിർക്കാനുള്ള വഴിയെന്ത്? സനാതനധർമ്മത്തെ നശിപ്പിക്കാനുള്ള ആയുധം എന്താണ്? ജാതിസിദ്ധാന്തവും ഗൂഢാലോചനയും ചേർത്ത് ഹിന്ദുമതത്തെ എങ്ങനെ നശിപ്പിക്കാം? തുടങ്ങിയ വിഷയങ്ങളായിരുന്നു സമ്മേളനം ചർച്ച ചെയ്തത്. അതിൽ പങ്കെടുത്ത് സംസാരിച്ചത് കെ.വീരമണി, പീറ്റർ അൽഫോൺസ്, സി.പി.ഐ. നേതാവ് മധുകുർ രാമലിംഗം, രാധികവെമുല (രോഹിത് വെമുലയുടെ അമ്മ), വെങ്കിടേഷ് (സി.പി.എം.), തിരുമണവാളർ ലിബറേഷൻ പാന്തേഴ്സ് പാർട്ടി പൊൻമുടി, ഡി.എം.കെ. മിനിസ്റ്റർ സ്റ്റാലിൻ എന്നിവരാണ്. വീരമണി ദ്രാവിഡകഴകത്തെയും പീറ്റർ കോൺഗ്രസ്സിനെയും പ്രതിനിധീകരിച്ചു. ഐ.എൻ.ഡി.ഐ.എ. മുന്നണിയായിരുന്നു സംഘാടകർ എന്നർത്ഥം. അവിടെ ഉയർന്ന വാദമുഖങ്ങൾ ജാതിക്കോ ബ്രാഹ്മണ്യത്തിനോ എതിരായിട്ടല്ല. ഭാരതത്തിനെതിരായിരുന്നു. അത് കേവലം സംഘപരിവാർ രാഷ്ട്രീയത്തിനെ എതിർക്കുന്നു എന്ന ഭാവത്തിൽ രാഷ്ട്രത്തെത്തന്നെ എതിർക്കുന്നവരുടെ കൂട്ടായ്മയായി മാറി. ഭാരതത്തിന്റെ സംസ്കാരം സനാതനമാണ്. എന്താണ് സംസ്കാരം? യുനസ്കോയുടെ ആഭിമുഖ്യത്തിൽ ഓറിയന്റ് ലോംഗ്മൻസ് പ്രസിദ്ധീകരിച്ച ''ട്രെഡീഷനൽ കൾച്ചേഴ്സ് ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യ'' എന്ന ഗ്രന്ഥത്തിൽ പ്രൊഫ. നീലകണ്ഠശാസ്ത്രി എഴുതിയ ''ദ ഫ്യൂച്ചർ ഓഫ് ട്രെഡീഷനൽ കൾച്ചേഴ്സ്" എന്ന ലേഖനത്തിൽ സംസ്കാരത്തെ നിർവ്വഹിച്ചത് ഇപ്രകാരമാണ്: ''സംസ്കാരം എന്നാൽ ഒരു സമൂഹം ഒരു തലമുറയിൽനിന്നും അടുത്ത തലമുറയിലേക്ക് കൈമാറുന്ന സാധനങ്ങൾ, ആശയങ്ങൾ, പ്രതീകങ്ങൾ, വിശ്വാസങ്ങൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ,

സാമൂഹ്യാചാരങ്ങൾ എന്നിവയുടെ സമഗ്ര സഞ്ചയമാകുന്നു!'' ഈ സഞ്ചയത്തിൽ ജീവിക്കാൻ കഴിയുന്നു എന്നതാണ് ഇന്നത്തെ ഭാരതീയ തലമുറയുടെ ഭാഗ്യം. ഭാരതത്തിന്റെ സാംസ്കാരിക അംബാസിഡർ എന്നു ഇന്ദിരാഗാന്ധി വിശേഷിപ്പിച്ച ശ്രീരാമകൃഷ്ണമഠത്തിന്റെ അദ്ധ്യക്ഷനായിരുന്ന സ്വർഗ്ഗീയ രംഗനാഥാനന്ദസ്വാമികൾ ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമാണ്. ഗ്രീക്ക് സംസ്കാരത്തെയോ ബാബിലോണിയൻ-ഈജിപ്ഷ്യൻ സംസ്കാരങ്ങളെയോ കുറിച്ച് പഠിക്കുമ്പോൾ ചരിത്രവീക്ഷണത്തോടെ ഭൂതകാലാനുഭവങ്ങളുടെ ജ്ഞാനസമ്പാദനം മാത്രമായി തീരുന്നു. എന്നാൽ ഭാരതീയ സംസ്കാരം ഉറവവറ്റാത്ത പുണ്യനദിയുടെ മഹാപ്രവാഹം കണക്കെ യുഗങ്ങളായി ഇവിടെ ഭാരതീയരെ മാത്രമല്ല, ലോകത്തെ മനുഷ്യരെ മുഴുവൻ പ്രചോദിപ്പിച്ചുകൊണ്ടേയിരിക്കുന്നു. അത് അമരമാണ്. അതുകൊണ്ട് തന്നെ സനാതനവുമാണ്. ലോകജനസംഖ്യയുടെ ഏഴിലൊന്നിനെ സജീവമാക്കി നിർത്തുന്നത് ഈ സനാതന ധർമ്മവുമാണ്.!!

''ദി സ്റ്റോറി ഓഫ് സിവിലിയേഷൻ'' എന്ന ഗ്രന്ഥത്തിന്റെ ഔവർ ഓറിയന്റൽ ഹെറിറ്റേജ് എന്ന ഒന്നാംവാല്യത്തിൽ വിൽഡുറന്റ് പറയുന്നു.'' ബ്രിട്ടന്റെ ഇരുപതിരട്ടി വലിപ്പവും തെക്കേ അമേരിക്കയും വടക്കേ അമേരിക്കയും ചേർന്നാലും കൂടുതലായ ലോകജനസംഖ്യയുടെ 5-ൽ ഒരു ഭാഗം പുരാതനമായ മോഹൻജദാരോ-ഹാരപ്പ മുതൽ, ഗാന്ധിജിയും ടാഗോറും കൃഷ്ണനും രാമനും മുതലായവരുടെ ജീവിതങ്ങളാൽ സമ്പന്നമാക്കിയ, അത്ഭുതകരമായ വികാസം പ്രാപിച്ച ഭാരതം ബിംബാരാധന മുതൽ സർവ്വേശ്വര വാദംവരെ പല സോപാനങ്ങൾ ഉൾക്കൊള്ളുന്ന വിശ്വാസങ്ങളും ആയിരക്കണക്കിന് വൈവിധ്യങ്ങളും ജ്യോതിശാസ്ത്രപണ്ഡിതന്മാരും ഋഷികളും ശാസ്ത്രജ്ഞന്മാരും ഹോമറും അശോകനും ശങ്കരനും ബുദ്ധനും ലോകസദസ്സുകളെ പിടിച്ചുലച്ച ആധുനിക കവികളും ടിബറ്റുമുതൽ സിലോൺവരെയും കമ്പോഡിയ മുതൽ ജാവ വരെയും ഭീമാകാരങ്ങളായ ക്ഷേത്രങ്ങൾ പടുത്തുയർത്തിയ ശില്പികളും ജീവിച്ച ഭാരതം. ഇന്നലെ വരെ നാഗരികയെന്നത് യൂറോപ്യന്മാരുടേത് മാത്രമാണ് എന്നു കരുതിയിരുന്ന പാശ്ചാത്യമനസ്സിനുമുമ്പിൽ ക്ഷമാപൂർണ്ണമായ പാണ്ഡിത്യം ഇന്ന് ഭാരതം അനാവരണം ചെയ്യുകയാണ്. "അപ്പോൾ അങ്ങനെയുള്ള അനാദിയും മനുഷ്യകുലത്തിന് മാർഗ്ഗദർശിയുമായ സനാതനധർമ്മം നശിക്കണമെന്നാഗ്രഹം ഉണ്ടാവാനുള്ള കാരണമെന്ന് ഇന്ന് സത്യാനന്തര കാലത്തെ 'Post truth'' കാലഘട്ടം എന്ന് വിശേഷിപ്പിച്ചുകൊണ്ട് മാധ്യമങ്ങളും എഴുത്തുകാരുമടങ്ങുന്ന ഒരു സംഘം നാട്ടിന്റെ പൈതൃകത്തിനെതിരെ നുണപ്രചരണങ്ങൾ നടത്തുന്നു. സത്യത്തെ അഭിമുഖീകരിക്കുവാൻ ഭയമുള്ളവരായ സംസ്ഥാന ഭരണാധികാരികൾ പറയുന്നതിനെ വിശ്വസിക്കുന്നു. അഥവാ ചോദ്യം ചെയ്യുന്നില്ല എന്നാണ് ഒരു കൂട്ടം ബുദ്ധിജീവികൾ ഇതിനെ വിവക്ഷിക്കുന്നത്. 2016-ൽ ഓക്സ്ഫോർഡ് നിഘണ്ടു പോസ്റ്റ് ട്രൂത്തിനെ ആ വർഷത്തെ വാക്കായി പ്രഖ്യാപിച്ചു. നരേന്ദ്രമോദി അധികാരത്തിൽ വന്നതുമുതൽ ഇത്തരം ആളുകൾ ഈ വാക്ക് കൂടുതലായി ഉപയോഗിക്കാൻ തുടങ്ങി. മോദിജി ഏകാധിപതിയാണ്. സത്യത്തെ പേടിച്ച് ചോദ്യങ്ങളിൽനിന്ന് ഓടിയൊളിക്കുന്നു എന്നവർ പറയുന്നു. എന്നാൽ പതിറ്റാണ്ടുകളായി ഭാരതത്തിനെതിരെ നടക്കുന്ന ആക്രമണങ്ങൾ സംഘപരിവാർ വിരോധത്തിന്റെ പേരിൽ ശക്തിയാർജിക്കാൻ കോപ്പുകൂട്ടുക എന്നാണ് ഇവരുടെ ലക്ഷ്യം. പ്രധാനമായി 4 ശക്തികളാണ് ഇതിന് പിറകിലുള്ളത്. 1. ഇസ്ലാമിസ്റ്റുകൾ 2. ഇവാഞ്ചലിസ്റ്റ് ഗ്രൂപ്പുകൾ 3. ഇടതുപക്ഷം 4. ആഗോളവ്യാപാരശക്തികൾ. ഇവർ ഉണ്ടാക്കി വിതക്കാൻ ശ്രമിക്കുന്ന വിഷവിത്തു വ്യാപനമാണ് ഇപ്പോൾ നടക്കുന്ന ചർച്ചകൾ. കാരണം ആയുധംകൊണ്ടുള്ള കൊല മനുഷ്യന്റെ ശരീരത്തെ മാത്രം ബാധിക്കുമ്പോൾ പ്രജ്ഞയുടെ കൊല കുലത്തെയും ഐശ്വര്യത്തെയും കീർത്തിയെയും മുച്ചൂടും നശിപ്പിക്കുന്നു. അതായത് ഒരു രാഷ്ട്രത്തെ നശിപ്പിക്കാൻ ആ ജനതയു





ടെ സ്വത്വത്തെ നശിപ്പിക്കുക. അതിനായി അവരുടെ പ്രജ്ഞയെ പ്രഹരിക്കുക എന്നതാണ് ലക്ഷ്യം - ഭാരതത്തിലേക്കു കടന്നുവന്ന ആക്രമണകാരികളായ വിദേശികൾ പ്രത്യേകിച്ചും മുസ്ലിംകടന്നുകയറ്റക്കാർ ലക്ഷ്യംവച്ചത് ഇതുതന്നെയാണ്. നമ്മുടെ സർവ്വകലാശാലകളും മാനബിന്ദുക്കളും പുസ്തക ശേഖരങ്ങളും തകർത്തത് അതുകൊണ്ടാണ്. അപ്പോൾ അത്തരം ആക്രമണങ്ങളിലൂടെ തകർക്കാൻ ശ്രമിച്ച രാഷ്ട്രസ്വത്വം പുനരുജ്ജീവിക്കുന്നത് അവർക്കു സഹിക്കാനാവില്ല. അതിന് നേതൃത്വം കൊടുക്കുന്ന നരേന്ദ്രമോദിയും ഭരണകൂടവും മാത്രമല്ല അത്തരം ആശയങ്ങളുടെ ദ്രഷ്ടാക്കളെയും അവർ ശത്രുപക്ഷത്ത് നിർത്തുന്നു. രാഷ്ട്രീയ സ്വയംസേവകസംഘത്തെയും വീരസവർക്കറെയും ആക്ഷേപിക്കുന്നത് അതുകൊണ്ടാണ്. ഭാരതജനതയുടെ ആദർശപുരുഷനായ ഭഗവാൻ ശ്രീരാമചന്ദ്രന്റെ ജന്മസ്ഥലത്തുയരുന്ന ഭവ്യസ്മാരകത്തെ കള്ളപ്രചാരണത്താൽ കളങ്കപ്പെടുത്തുന്നതും ഇതേ മാനസികാവസ്ഥയുള്ളവരാണ്. അതായത് സത്യാനന്തര കാലഘട്ടത്തിൽ സത്യം മൂടിവയ്ക്കുന്നു. അതിനായി അവർ പുതിയ പ്രതീകങ്ങൾ സൃഷ്ടിക്കുന്നു. ഇൻഡ്യ ഭാരതത്തേക്കാൾ മൂല്യമുള്ളതാണെന്നും ഭാരതം ഉപേക്ഷിക്കപ്പെടേണ്ട വാക്കാണെന്നും വാദിക്കുമ്പോൾ അവർ ലക്ഷ്യംവയ്ക്കുന്നത് മോദി ഭരണത്തെയാണ്. വൈദേശിക അടിമത്തത്തിൽനിന്നും മോചനം നേടിയ കഴിഞ്ഞ 75 വർഷത്തിൽ ഇക്കഴിഞ്ഞ 9 വർഷം മാത്രമാണ് രാഷ്ട്രമനസ്സറിഞ്ഞ ഭരണം ഉണ്ടാകുന്നത്. അതിനെ തകർക്കണം, അതിനായി ജനഹൃദയങ്ങളിൽ ഈ നാടിനെക്കുറിച്ച് അവമതി ഉണ്ടാക്കണം.

ഭാരതം പുണ്യഭൂമിയാണ് എന്നാണ് പൗരാണികസങ്കല്പം. വേദങ്ങളിൽ ഇതാവർത്തിച്ച് പറയുന്നു.അഥർവ്വവേദത്തിൽ എത്രയോ തവണ ഇക്കാര്യം ആവർത്തിക്കുന്നുമുണ്ട്.

''യസ്യാം ഗായന്തി നിത്യന്തി ഭൂമ്യാം മർത്ത്യാ വ്യൈലവാഃ

യുദ്ധന്തേ യസ്യാമാക്രന്ദോ യസ്യാം വദതി ദുന്ദുഭിഃ (അഥർവ്വവേദം)

(വൈദിക കർമ്മങ്ങളോടൊപ്പം നൃത്തങ്ങളിൽ ഗാനങ്ങളും ഉതിർക്കുന്ന ജനങ്ങളുള്ള ഭൂമി, യുദ്ധവീരന്മാർക്കുള്ള ഭൂമി, യുദ്ധവാദ്യങ്ങളായ ദുന്ദുഭിയുടെയും മറ്റും ഘോഷങ്ങൾ മുഴങ്ങുന്ന ഭൂമി.)

ഉത്തരം യദ് സമുദ്രസ്യ

ഹിമാദ്രേ ശ്ചൈവ ദക്ഷിണം

വർഷം തത് ഭാരതം നാമ

ഭാരതീ യത്രസന്തതി

എന്നാണ് ഭവിഷ്യ പുരാണവർണ്ണന. യജ്ഞം ചെയ്യാനുള്ള മണ്ണ് ഏതെന്ന് അന്വേഷിക്കുമ്പോൾ മനുസ്മൃതി പറയുന്നത്:

'കൃഷ്ണ സാരസ്തു ചരതിമൃഗോ യന്ത്ര സ്വഭാവതഃ

സജ്ഞേയോ യജ്ഞിയോ ദേശോ മ്ലേച്ഛദേശസ്ത്വത പരഃ.''

(കൃഷ്ണസാരമൃഗമെന്ന മാൻ സഞ്ചരിക്കുന്ന ദേശം ഏതാണോ അതാണ് യാഗം ചെയ്യാൻ യോഗ്യമായ ഭൂമി. അതിന് പുറമേയുള്ളതെല്ലാം മ്ലേച്ഛഭൂമിയാണ്.) ഇന്നും ഭാരതത്തിൽ മാത്രമാണ് ഇത്തരം മാനുകളെ കാണാൻ കഴിയുന്നത്.

''ഗായന്തിദേവാഃ കിലഗീതകാനി

ധന്യാസ്തു തേ ഭാരത ഭൂമിഭാഗേ

സ്വാർഗ്ഗാപ വർഗ്ഗാസ്പദ മാർഗ ഭൂതേ

ഭവന്തി ഭൂയഃ പുരുഷാഃ സുയത്നാത്.''

വിഷ്ണുപുരാണത്തിൽ ദേവന്മാർ പോലും ഈ ഭൂമിയുടെ അപദാനങ്ങൾ പാടുകയാണ്. "മോക്ഷത്തിലേക്കും സ്വർഗ്ഗത്തിലേക്കുമുള്ള മാർഗ്ഗങ്ങൾ, ഭാരതഭൂമിയിൽ പിറക്കാൻ കഴിഞ്ഞാൽ ഞങ്ങൾ എത്ര ഭാഗ്യവാന്മാർ"

വാത്മീകിയും ചാണക്യനും കുമാരസംഭവത്തിലൂടെ മഹാകവി കാളിദാസനും പാടിപ്പുകഴ്ത്തിയ നാടാണ് ഭാരതം. കമ്യൂണിസ്റ്റ് കാഴ്ചപ്പാടിൽ പറയുന്നപോലെ വിവിധ സംസ്കാരങ്ങളുടെ സങ്കരഭൂമിയായ ഭാരതത്തെക്കുറിച്ച് വീരവി

ള്ളവകാരി വീരദാമോദര സവർക്കർ പറയുന്നത് നോക്കൂ - ചൈനയെ ഒഴിച്ചുനിർത്തിയാൽ ലോകത്തിൽ ഒരു രാഷ്ട്രത്തിനും ഹിന്ദുരാഷ്ട്രത്തിന്റെ അനർഗളജീവിതവും അഭംഗുരവൃദ്ധിയും അവകാശപ്പെടാൻ സാദ്ധ്യമല്ല. ഹിന്ദുരാഷ്ട്രം കൂണുപോലെ മുളച്ചുണ്ടായതല്ല, അത് ഉടമ്പടിയിൽനിന്ന് ഉടൽപൂണ്ടതല്ല, സന്ധിയിൽനിന്നും സംജാതമായതല്ല, കടലാസ്സുകൊണ്ടുണ്ടാക്കിയ കളിക്കോപ്പല്ല, മുന്നും പിന്നുമില്ല, മുട്ടുശാന്തിയല്ല. ഈ മണ്ണിൽ വളർന്ന ഒന്നാണ്. അതിന്റെ വേരുകൾ ഈ മണ്ണിൽ ആഴത്തിലും പരപ്പിലും പടർന്ന് പറ്റിച്ചേർന്നിരിക്കുന്നു. മുസ്ലീങ്ങളെയോ മറ്റാരെയെങ്കിലുമോ വെറുക്കാനോ വിരട്ടാനോ കണ്ടുപിടിച്ച കൽപ്പനാസൃഷ്ടിയല്ല. അത് വടക്കൻ അതിർത്തിയിലെ ഹിമാലയംപോലെ അതിദൃഢവും ഗംഭീരവുമായ യാഥാർത്ഥ്യമാണ്.

പ്രവർത്തിക്കാൻ കച്ചകെട്ടി നിൽക്കുന്ന ഭൂതകാലമാണ് വർത്തമാനം. കാര്യം ഗ്രഹിക്കാൻ ചുരുൾ നിവർത്തുന്ന വർത്തമാനമാണ് ഭൂതകാലം.

''വിൽ എറിയൻ ദുരാന്ത'' ദുരാന്ത് ദമ്പതികളുടെ ''ചരിത്രത്തിലെ പാഠങ്ങൾ'' എന്ന വരികളാണ് മേലുദ്ധരിച്ചത് - ഭാരതം പ്രവർത്തിക്കുകയാണ് ആയിരത്താണ്ടുകാലത്തെ അപമാന സ്മാരകങ്ങളും സ്മരണകളും മായ്ക്കുകയാണ്, ഭീരുക്കളായ മുൻരാഷ്ട്രനേതൃത്വം നടത്തിയ ഭയാനകങ്ങളായ അപചയങ്ങളെ തൂത്തെറിഞ്ഞ് സൂര്യോദയത്തിലേയ്ക്ക് പറന്നുയരുന്ന ചെറുപക്ഷിയാണിന്ന് ഭാരതം. ''മേക്ക് ഇൻ ഇൻഡ്യ''.

ജി-20, കാശ്മീരിന്റെ 370-ാം വകുപ്പ് എടുത്തു കളയൽ, മുത്തലാഖ്ബിൽ, നാരീശക്തിവന്ദൻ (സ്ത്രീ സംവരണബിൽ) പി.എം. വിശ്വകർമ്മ യോജന പോലുള്ള നൂറുകണക്കിന് പദ്ധതികളിലൂടെ രാഷ്ട്രാത്മാവിനെ തൊട്ടറിയുകയാണിപ്പോൾ. പൗരാണികഭാരതം ആശ്ലേഷിച്ച ഏകത്വത്തിന്റെ നന്മയാർന്ന രശ്മികൾ ഭാരതത്തിന് പുറത്തേയ്ക്കും വീശിത്തുടങ്ങി. യഥാർത്ഥ സനാതനത്വം അനുഭവിക്കുമാറാകുന്നു. വനവാസിയും ദളിതനും ഗ്രാമീണ ഉല്പാദകനും തുടങ്ങി സമാജശ്രേണിയിലെ ഏറ്റവും താഴെയുള്ളവരെത്തേടി രാഷ്ട്രത്തിന്റെ പരമോന്നത പത്മപുരസ്ക്കാരങ്ങൾ എത്തുമ്പോൾ ഭരണകൂടത്തെ നയിക്കുന്നവരുടെ മനസ്സിൽ അന്തർലീനമായിരിക്കുന്ന ഭാരതീയത ദർശിക്കുകയാണ് ലോകം. ഇതിനെ ചെറുക്കാൻ, ലോകത്തിന് വെളിച്ചം പകരുന്ന വിശ്വഗുരുവായ ഭാരതത്തിന്റെ ചിറകരിഞ്ഞ് ചിതയൊരുക്കാൻ കാത്തുനിൽക്കുന്ന കഴുകൻമാരെപ്പോലെയാണീ ഐ.എൻ.ഡി.ഐ.എ. മുന്നണിനേതാക്കൾ. കേരളവും ബംഗാളും കാണാതെ മണിപ്പൂർ മാത്രം കാണുന്നതും മാധ്യമപ്രവർത്തനത്തിന്റെ പേരിൽ ഭീകരപ്രവർത്തനം നടത്തുന്നവർക്ക് സ്തുതി പാടുന്നതും അതിതീവ്രനിലപാടുകളുമായി നാളെയുടെ സമ്പന്നമാകേണ്ട യൗവ്വനത്തുടിപ്പുകളെ, കലാലയങ്ങളിൽ തുക്കടെ തുക്കടെ ഗ്യാങ്ങുകളാക്കി ആസാദി മുദ്രാവാക്യം വിളിപ്പിക്കുന്നതും - സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ അതിനെ പിന്നിൽനിന്നും കുത്തി ഭാരതവിഭജനത്തിന് കളമൊരുക്കിയ ഇടത്-ജിഹാദി കൂട്ടുകെട്ട് ചൈനയുടെ സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. ലോക കോടീശ്വരനും ഹംഗേറിയൻ വംശജനുമായ ജോർജ്ജ് സോറോസ് തന്റെ ഓപ്പൺ സൊസൈറ്റി ഫൗണ്ടേഷനിലൂടെയും ഫോർഡ് ഫൗണ്ടേഷനിലൂടെയും ഭാരതത്തെ കടന്നാക്രമിക്കുകയാണ്. ഭാരതം ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറുമെന്ന ആഗോളസൂചനകൾക്ക് പിന്നാലെ ഇത്തരക്കാർ ആക്രമണം ശക്തിപ്പെടുത്തിയിട്ടുണ്ട്.

**യാതൊരു തൊഴിലും ചെയ്യാതെ രാഷ്ട്രീയ പ്രവർത്തനംകൊണ്ട് മാത്രം വൻ സാമ്പത്തിക സാമ്രാജ്യങ്ങൾ പണിതുയർത്തിയ മുഖ്യമന്ത്രിമാരിൽ പ്രധാനി ഡി. എം. കെ. യുടെ തമിഴ്നാട്ടിലെ മുഖ്യമന്ത്രിയാണ്.**

യാതൊരു തൊഴിലും ചെയ്യാതെ രാഷ്ട്രീയപ്രവർത്തനംകൊണ്ട്മാത്രം വൻ സാമ്പത്തികസാമ്രാജ്യങ്ങൾ പണിതുയർത്തിയ മുഖ്യമന്ത്രിമാരിൽ പ്രധാനി ഡി.എം.കെ. യുടെ തമിഴ്നാട്ടിലെ മുഖ്യമന്ത്രിയാണ്. ഉടുതുണിക്ക് മറുതുണിയില്ലാതെ ആർക്കോണമെന്ന ഗ്രാമത്തിൽനിന്നും ചെന്നൈ പട്ടണത്തിന്റെ കടത്തിണ്ണയിൽ കുത്തിയിരുന്ന തന്റെ പിതാവിന്റെ പഴയ സ്വരൂപം മറന്ന് പോയ സ്റ്റാലിൻ 5000 കോടിയിലേറെ വിലയുള്ള സ്വത്ത് സംരക്ഷിക്കാൻവേണ്ടിയുള്ള നെട്ടോട്ടമാണ് തമിഴ്നാട്ടിലെ പുതിയ വിവാദത്തിനു പിന്നിൽ. ഇ.വി. രാമസ്വാമിനായ്ക്കരും അണ്ണാദുരയും ചേർന്ന് കുഴച്ച് പരുവപ്പെടുത്തിയ നിരീശ്വരവാദ-ഹിന്ദിവിരുദ്ധ മണ്ണിൽ വിത്തിട്ട് വിളവെടുത്ത ഡി. എം.കെ. രാഷ്ട്രീയമായി വിജയിച്ചു. എങ്കിലും തമിഴിലെ ഹിന്ദുമനസ്സിനെയോ സനാതനധർമ്മത്തെയോ തകർക്കാനായില്ല. ഭാരതത്തിലെ ഏറ്റവും വലിയ ക്ഷേത്രങ്ങളും മണ്ഡപങ്ങളും ആശ്രമങ്ങളും നിലനിൽക്കുന്നത് തമിഴ്നാട്ടിലാണ്. കന്യാകുമാരി മുതൽ കാശ്മീർവരെ എന്ന ചൊല്ല് അന്വർത്ഥമാക്കുന്ന രാഷ്ട്ര ഏകത, ശ്രീപാദപ്പാറയിൽ കയ്യിൽ വാടാത്ത വരണമാല്യവുമായി വടക്ക് ഹിമാലയത്തിൽ തപം ചെയ്യുന്ന മഹേശ്വരനെ ഭർത്താവായിക്കിട്ടാൻ ഒറ്റക്കാലിൽ തപം ചെയ്യുന്ന ദേവിയുടെ ഭാവം ഇവർക്ക് തകർക്കാനാവില്ല. അതിനാലാണ് രാമസ്വാമി നായ്ക്കർ എന്ന പെരിയാറിന് പിൻതുടർച്ചയില്ലാതെ പോയത്. ദ്രാവിഡപാർട്ടികളുടെ തലപ്പത്ത് ഈശ്വരവിശ്വാസികളും വിഗ്രഹാരാധകരും ബ്രാഹ്മണരും എത്തിച്ചേർന്നത് ഈ വാദത്തിന്റെ പൊള്ളത്തരത്തെ കാണിച്ചുതരു

ന്നു. എം.കെ. സ്റ്റാലിന്റെ ഭാര്യ ഈ അടുത്തകാലത്താണല്ലോ ഗുരുവായൂരിലെത്തി സ്വർണ്ണകിരീടം ഭഗവാന് സമർപ്പിച്ചത്. അവിടെയുള്ള ഗുരുവായൂരപ്പൻ സനാതന ധർമ്മത്തിന്റെ ഭാഗമല്ലേ.? മറ്റൊരു മുഖ്യൻ കേരളത്തിന്റെ പിണറായി വിജയൻ തന്നെയാണ്. ഗണപതി മിത്താണെന്ന കേരളം നിയമസഭാ സ്പീക്കർ എം.എം.ഷംസീറിന്റെ പ്രസ്താവനയും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. മുഖ്യമന്ത്രി കേരളചരിത്രത്തിലെ ഏറ്റവും വലിയ അഴിമതിവീരനാണെന്ന് മാധ്യമങ്ങൾ പറയുമ്പോൾ അനാവശ്യ വിവാദങ്ങളിലൂടെ ഇതിന് മറയിടാനാണ് സർക്കാർ ശ്രമിക്കുന്നത്.

**1947–ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽനിന്ന് പോകരുത് അഥവാ പോയാൽപ്പോലും തമിഴ്നാടിനെ രാജ്ഞിയുടെ ദൂതൻ വഴി പ്രത്യേകം ഭരിക്കണം എന്നാവശ്യപ്പെട്ടവരുടെ പിന്മുറക്കാരും 1942–ൽ അടക്കം ഭാരതത്തിന്റെ മഹിമയാർന്ന പാരമ്പര്യത്തെയും പോരാട്ടവീര്യത്തെയും പിന്നിൽനിന്നും കുത്തിയ കമ്യൂണിസ്റ്റ് പാരമ്പര്യത്തിന്റെ വക്താവായ കേരളമുഖ്യമന്ത്രിയും പുതിയ വിഭജന തന്ത്രവുമായി മുന്നോട്ട് വന്നിട്ടുള്ളത്.**

1947–ൽ ബ്രിട്ടീഷുകാർ ഇൻഡ്യയിൽനിന്ന് പോകരുത് അഥവാ പോയാൽപ്പോലും തമിഴ്നാടിനെ രാജ്ഞിയുടെ ദൂതൻവഴി പ്രത്യേകം ഭരിക്കണം എന്നാവശ്യപ്പെട്ടവരുടെ പിന്മുറക്കാരും 1942–ൽ ഭാരതത്തിന്റെ മഹിമയാർന്ന പാരമ്പര്യത്തെയും പോരാട്ടവീര്യത്തെയും പിന്നിൽനിന്നും കുത്തിയ കമ്യൂണിസ്റ്റ്പാരമ്പര്യത്തിന്റെ വക്താവായ കേരളമുഖ്യമന്ത്രിയും പുതിയ വിഭജന തന്ത്രവുമായി മുന്നോട്ട് വന്നിട്ടുള്ളത്. ഭാരതഭരണകൂടം പുലർത്തുന്ന അഴിമതിരഹിത ഭരണവും സാംസ്കാരിക മൂല്യങ്ങളെ സംരക്ഷിക്കുന്ന നിലപാടുകളുംകൊണ്ട് തങ്ങളുടെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമോയെന്ന ഭീതിയിൽനിന്ന് ഉടലെടുത്തതാണ് സനാതന ധർമ്മത്തിനെതിരായ ആക്രോശങ്ങൾ. എന്നാൽ ഇവർ ഒന്നറിയുക. ഇത് നശിക്കാത്തതാണ്. വാളാലോ തീയാലോ ജലത്താലോ നശിപ്പിക്കാനാവാത്ത ആത്മാവ്പോലെ അനർഗ്ഗളമായ ഒരു പ്രവാഹമാണ് സനാതനധർമ്മം. അതിനെ നശിപ്പിക്കാനാവില്ല. അധികാരത്തിന്റെ വാൾത്തലത്തുമ്പുകൾ ഉറഞ്ഞുതുള്ളി പടയടുത്തെത്തിയപ്പോൾ, പടഹധ്വനികൾ മുഴക്കിയ ഭാരതത്തിന്റെ പൂർവ്വപാരമ്പര്യം അലക്സാണ്ടറും ശകന്മാരും ഹൂണർമാരും അനുഭവിച്ചറിഞ്ഞു. പിന്നെ മുസ്ലീം അക്രമികൾ കൊള്ളയടിച്ച് മതാന്ധതയുടെ മതമാനങ്ങൾ കണക്കെ വിഹരിച്ച്. ഉഴുത് മറിച്ചിട്ടും പിന്നെയുമുണ്ടായിരുന്നു യൂറോപ്യൻമാർക്ക് കോരിയെടുക്കാനേറെ. അവരുടെയും അവിരത പ്രയാണങ്ങളെ ആത്മധൈര്യത്തോടെ നേരിട്ടു ഭാരതത്തിന്റെ ആത്മാവ്, അതിന്റെ വിശ്വമാനവികതയുടെ ഉണർത്തുപാട്ടുകളാണ്. അതിങ്ങനെ ഊറിക്കൂടിയൊഴുകിക്കൊണ്ടേയിരിക്കും. വിശ്വമംഗളം കാംക്ഷിച്ച ഋഷിമാരുടെ തപോനിഷ്ഠയിൽനിന്ന് ഉയിർക്കൊണ്ടതാണീ മണ്ണ്. വൈദേശികമാനസിക ദാസ്യം പേറുന്ന രാഷ്ട്രീയ നേതാക്കൾ വിചാരിച്ചാൽ തകരുന്നതല്ല ഈ മണ്ണിന്റെയമൃതധാര. മുൻപ് പലരും പയറ്റി പരീക്ഷിച്ചതാണ്. കഴിഞ്ഞ ആയിരം വർഷത്തെ ചരിത്രം പഠിച്ചാൽ വാളും പരിചയുമായി നിണച്ചാല് ഒഴുക്കി കടന്നുവന്നവർ ശ്രമിച്ചിട്ട് നടന്നില്ല. പേർഷ്യൻ സംസ്കാരത്തെ രണ്ട് പതിറ്റാണ്ട് കൊണ്ട് തകർത്ത മൊസൊപ്പൊട്ടോമിയൻ സംസ്കാരം നിലനിന്ന ഇറാക്കിനെ ഇതേ കാലഘട്ടത്തിൽ തകർത്ത് അവിടെ അധീശത്വം അടിച്ചേല്പിച്ചവർക്കു മൂന്ന് പതിറ്റാണ്ടുകൊണ്ട് സുന്ദരമായ ഈജിപ്ഷ്യൻ സംസ്കാരത്തെയും 50 വർഷംകൊണ്ട് യൂറോപ്യൻ സംസ്കാരത്തെയും അധീനത്തിലാക്കിയ ലാറ്റിനമേരിക്കൻ രാജ്യങ്ങളും ആഫ്രിക്കയും അവരുടെ ഗോത്രസ്മൃതികൾ ഒരു പ്രതിരോധവുമില്ലാതെ അടിയറവച്ച് കടന്നുവന്നവന്റെ കയ്യൂക്കിന് മുമ്പിൽ തലകുനിച്ചപ്പോൾ ഇതേ ശക്തികൾ ആയുധങ്ങളും അധികാരവുമുപയോഗിച്ച് തകർക്കാൻ ശ്രമിച്ചിട്ടും തകരാതെ ഇന്നും 80 ശതമാനം ആളുകളും ഇതേ ധർമ്മ വിശ്വാസികളായി തുടരുന്ന ഭാരതത്തിൽ അന്നത്തെക്കാൾ ലക്ഷക്കണക്കിന് ഇരട്ടി ശക്തി സംഭരിച്ച സനാതന ധർമ്മവിശ്വാസികൾ ജീവിക്കുമ്പോൾ ഒരു ഉദയനിധി സ്റ്റാലിനോ അത്തരക്കാർ നേതൃത്വം കൊടുക്കുന്ന മുന്നണിക്കോ സാധ്യമാവില്ല.

ഈ ചൈതന്യധാരയുടെ പുറംമേനിക്ക് ചില പോറലുകൾ ഏല്പിച്ച് ആശയക്കുഴപ്പമുണ്ടാക്കാനുള്ള പാഴ്ശ്രമം നടത്താനെ അവർക്കു കഴിയൂ. യഥാർത്ഥ സനാതനധർമ്മം പ്രവൃത്തിയിലെത്തുകയാണ്. ഡി.എം.കെ.യുടെ ദ്രാവിഡസ്ഥാനിൽനിന്ന് ഒരു മുസ്ലീം രാഷ്ട്രനേതൃത്വത്തിലേക്ക് ഉയർന്നത്പോലെ സനാതന ധർമ്മ പരിലാളന രാജനൈതിക രംഗത്തും പരിലസിക്കുകയാണ്, ആദ്യമായി ഒരു ഒ.ബി.സി.ക്കാരൻ പ്രധാനമന്ത്രിയാകുന്നതും ആദിമനിവാസി ഗോത്രസംസ്കൃതിയിൽ ഉള്ളാഴമറിഞ്ഞ ദ്രൗപദിമുർമു രാഷ്ട്രപതിയായതും സംസ്ഥാന മുഖ്യമന്ത്രിമാരും എം.പി.മാരും കൂടുതലായി പിന്നോക്കസമുദായത്തിൽനിന്ന് വരുന്നതും ഇവർക്ക് സഹിക്കുമോ? വായിൽ സോഷ്യലിസവും പ്രവൃത്തിയിൽ ജാതിവെറിയും രാഷ്ട്രധർമ്മ നിരാസവും പ്രകടമാക്കുന്ന ഇവർക്ക് – ''കൃണന്തോ വിശ്വമാര്യ''വും ''വസുധൈവ കുടുംബക''വും സംഭാവന ചെയ്ത സനാതന ധർമ്മത്തെ നശിപ്പിക്കാനാവില്ല.

■

# സൗജന്യ ക്യാമ്പ് നടത്തി

**കണ്ണൂർ:** ഭാരതീയ കോമൺ സർവീസ് സെന്റർ വർക്കേഴ്സ് സംഘ് (ബി.എം.എസ്.) കണ്ണൂർ ജില്ലാ സമിതി സൗജന്യ ബയോമെട്രിക് ഓതെന്റിക്കേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. അജിത്, ശ്യാം കുമാർ, സുരാഗ്, അനസ്, സതീഷ് കുമാർ, തോമസ്, ശ്രീമതി ശീതൾ, ദീപ തുടങ്ങിയവർ നേതൃത്വം നൽകി. കണ്ണൂർ ജില്ലയിൽ നാഷണൽ സ്കോളർഷിപ്പ് വാങ്ങുന്ന സ്കൂൾ, കോളേജ് തല വിദ്യാർഥികൾക്കു ജില്ലയിലെ വിവിധ സ്കൂൾ കോളേജ് കേന്ദ്രീകരിച്ചു. സ്കോളർഷിപ്പ് ബയോമെട്രിക് ഓതെന്റിക്കേഷൻ ക്യാമ്പ് നടത്തിയ യൂണിയൻ മെമ്പർമാരെ യോഗം അനുമോദിച്ചു. കോമൺ സർവീസ് സെന്റർ കണ്ണൂർ ഡിസ്ട്രിക്ട് മാനേജരുടെ ഒഴിവിലേക്ക് എത്രയും പെട്ടെന്ന് നിയമനം നടത്തണം എന്ന് പ്രവർത്തക സമിതി യോഗം ആവശ്യപ്പെട്ടു. മസ്ദൂർ ഭവനിൽ ചേർന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് അജിത് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ജഗൻ പയ്യന്നൂർ, ഷാരോൺ, സുധീന്ദ്രൻ എന്നിവർ സംസാരിച്ചു. ജോയിന്റ് സെക്രട്ടറി നിഷാന്ത് നമ്പറാൻ നന്ദി പറഞ്ഞു.

# മേഖലാ സമ്മേളനം

**കോഴിക്കോട്:** ദേശീയതയിൽ അധിഷ്ഠിതമായ സംഘടനകൾക്ക് മാത്രമേ ഭാരതത്തിൽ വളരാൻ കഴിയുകയുള്ളു എന്ന് ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി സെൽവരാജ് അഭിപ്രായപ്പെട്ടു. ബി.എം.എസ്. സൗത്ത് മേഖല പ്രസിഡന്റ് അഡ്വ. ജയഭാനു പി.യുടെ അധ്യക്ഷതയിൽ ചേർന്ന മേഖല സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മേഖല സെക്രട്ടറി ജിജേഷ് ലാൽ, ജോയിന്റ് സെക്രട്ടറി ശരത് കുമാർ എ., അനിത സി. എന്നിവർ സംസാരിച്ചു. അഡ്വ. ജയഭാനു പി. (പ്രസിഡന്റ്), ദേവരാജൻ, ബൈജു, നിഖിൽ, റീന എ. (വൈസ്പ്രസിഡന്റ്മാർ); ശരത്കുമാർ (സെക്രട്ടറി), സെൽവൻ, പ്രഷീന, ദിനേശൻ, ഡാലിൻ, ശ്രീജിത്ത് (ജോയിന്റ് സെക്രട്ടറിമാർ), അനിത സി. (ട്രഷറർ) എന്നിവരെ പുതിയ ഭാരവാഹികളായി തെരഞ്ഞെടുത്തു. ജില്ലാ സെക്രട്ടറി ടി.എം. പ്രശാന്ത് സമാരോപ് നടത്തി.




**ബി.എം.എസ്. കോഴിക്കോട് സൗത്ത് മേഖലാ സമ്മേളനം ജില്ലാ ജോയിന്റ് സെക്രട്ടറി സെൽവരാജ് ഉദ്ഘാടനം ചെയ്യുന്നു.**

# തൊഴിൽ സ്തംഭനം പരിഹരിക്കണം

**പാലക്കാട്:** പാലക്കാട് ജില്ലയിലെ വിവിധ വിദേശ മദ്യ ഉല്പാദന കമ്പനികളിൽനിന്നും കേരളത്തിലെ വിവിധ ജില്ലകളിലുള്ള കെഎസ്ബിസി വെയർഹൗസ് ഡിപ്പോകളിലേക്ക് മദ്യം കയറ്റികൊണ്ടു പോവുന്ന ആയിരത്തോളം ചരക്ക് വാഹനങ്ങളും അതിന്റെ ഉടമകളും, തൊഴിലാളികളും സർക്കാരിന്റെ അനാസ്ഥമൂലം ഒരു മാസത്തോളമായി തൊഴിലില്ലാതെ ദുരിതം അനുഭവിക്കുന്നു. ഇത് അടിയന്തിരമായി സർക്കാർ ഇടപെട്ട് പരിഹാരം ഉണ്ടാക്കണമെന്ന് ബി.എം.എസ്. ജില്ലാ സെക്രട്ടറി വി. രാജേഷ് ആവശ്യപ്പെട്ടു.

കഞ്ചിക്കോട് മേഖലയിലെ മോട്ടോർ തൊഴിലാളികളുടെ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹെവിമോട്ടോർ യൂണിയൻ ജില്ലാ പ്രസിഡന്റ് എം.സി. സതീഷ് അധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി ആർ. ഹരിദാസൻ, ഭാരവാഹികളായ പി. രമേഷ്, എം. വീനസ്, ടി.കെ. സുരേന്ദ്രൻ, പി.എം. ശ്രീനിവാസൻ എന്നിവർ സംസാരിച്ചു.

# പൊതു സിവിൽകോഡ് :
# പുതിയ ഏക ഭാരതം കെട്ടിപ്പടുക്കാൻ



## അഡ്വ. സി.കെ. സജിനാരായണൻ

**കാസർഗോഡ്:** പൊതു സിവിൽകോഡ് കേവലം മതങ്ങളെ നന്നാക്കാനല്ലെന്നും നവോത്ഥാന പാതയിലൂടെ കുതിക്കുന്ന പുതിയ ഏക ഭാരതം കെട്ടിപ്പടുക്കാനാണെന്നും അഡ്വ. സി.കെ. സജിനാരായണൻ പറഞ്ഞു. ഭാരതീയ വിചാരകേന്ദ്രം കാഞ്ഞങ്ങാട് സ്ഥാനീയ സമിതിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് രാജ് റസിഡൻസിയിൽ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ സമുദായക്കാരുടെയും അഭിപ്രായങ്ങൾ തേടിയും അവരെ ചേർത്തുപിടിച്ചുമാണ് ഇത് നടപ്പാക്കേണ്ടത്. എല്ലാ മതങ്ങളിലുമുള്ള നല്ല വശങ്ങൾ ചേർത്തുകൊണ്ടാണ് പൊതുസിവിൽ നിയമം രൂപപ്പെടുത്തേണ്ടത്. ക്രിസ്തുമതത്തിലെ മനസ്സമ്മതം, കേരള ഹൈക്കോടതി ചൂണ്ടിക്കാട്ടിയ ഇസ്ലാമിലെ ഒത്തുതീർപ്പിനുള്ള ഖുറാൻ വചനം, ഹിന്ദുക്കളുടെ ഡി.എൻ.എ.യിലുള്ള പരിഷ്കരണ സ്വഭാവം തുടങ്ങിയവ മാതൃകയാക്കാവുന്നതാണ്.

ഷാബാനോ കേസിലെ സുപ്രീംകോടതി വിധിക്ക് പിന്നാലെ ശരീഅത്ത് പൊളിച്ചെഴുതണമെന്ന ആവശ്യമുയർത്തി പ്രക്ഷോഭം നടത്തിയ സി.പി.എം. ഇപ്പോൾ നിലപാടിൽ മാറ്റംവരുത്തി പൊതു സിവിൽ കോഡിനെ എതിർക്കുകയാണ്. അഴിമതിയിലും സ്വജനപക്ഷപാതത്തിലും മുങ്ങിക്കുളിച്ച സി.പി.എം. മുസ്ലീം വോട്ട് ലക്ഷ്യമിട്ടാണ് മലക്കം മറഞ്ഞത്. വോട്ട് ബാങ്ക് രാഷ്ട്രീയമാണ് കോൺഗ്രസ്സിനെയും പരിഷ്കാരങ്ങൾക്കെതിരെ നില്ക്കാൻ പ്രേരിപ്പിക്കുന്നത്. പ്രീണന രാഷ്ട്രീയക്കാരും ചില മതസംഘടനകളും ഇസ്ലാമിനെ പരിഷ്കരണങ്ങളിൽനിന്നും അകറ്റിനിർത്തുകയാണ്. സ്ത്രീകളുടെ നിലവിളി കേൾക്കാൻ സമുദായ നേതാക്കളും തയ്യാറാവുന്നില്ല. അദ്ദേഹം ചൂണ്ടിക്കാട്ടി.

ലംഗസമത്വവും ലിംഗനീതിയും ഉറപ്പാക്കുന്നതിന് ഏക സിവിൽ കോഡ് അനിവാര്യമെന്ന് ചിന്തകൻ ഹമീദ് ചേന്ദമംഗലൂർ പറഞ്ഞു. വ്യക്തിനിയമങ്ങളിൽ സ്ത്രീവിരുദ്ധതയുടെ അംശങ്ങളുണ്ട്. മതപ്രമാണങ്ങളുടെയോ വിശ്വാസപ്രമാണങ്ങളുടെയോ ഏകീകരണമല്ല ഏക സിവിൽകോഡ്. പൗര നിയമങ്ങളുടെ ഏകീകരണമാണത്. അദ്ദേഹം വിശദീകരിച്ചു. സ്ത്രീകളെ അടിച്ചമർത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഏക സിവിൽകോഡ് ആവശ്യമാണെന്ന് പി.ടി. ഖദീജ ടീച്ചർ പറഞ്ഞു. പൗരോഹിത്യത്തിന്റെയും ആണധികാര കേന്ദ്രങ്ങളുടെയും അടിത്തറ ഇളകുമെന്നതാണ് ചില കേന്ദ്രങ്ങൾ ഇതിനെ എതിർക്കുന്നതിന് കാരണം. സ്വയംപരിഷ്കരണത്തിന് തയ്യാറാകാത്തവർ മറ്റുള്ളവർ കൊണ്ടുവരുമ്പോഴും എതിർക്കുകയാണ്. വോട്ടുബാങ്ക് രാഷ്ട്രീയമാണ് ഇതിന് പിന്നിൽ. അവർ ചൂണ്ടിക്കാട്ടി. ജില്ലാ അദ്ധ്യക്ഷൻ മുരളീധരൻ പാലമംഗലം അദ്ധ്യക്ഷത വഹിച്ചു. കാഞ്ഞങ്ങാട് സ്ഥാനീയ സമിതി സെക്രട്ടറി സുരാജ് സ്വാഗതവും പ്രസിഡന്റ് കെ. സുജിത്ത് നന്ദിയും പറഞ്ഞു.

# മാറുന്ന ലോകത്തിന് ഭാരതം നേതൃത്വം കൊടുക്കുന്നു.

## ജസ്റ്റിസ് എൻ. നഗരേഷ്

**എറണാകുളം:** ലോകം നിലനില്ക്കണമെങ്കിൽ ഭാരതം കാണിച്ചു കൊടുക്കുന്ന വഴിയേ നടക്കണം എന്ന സ്ഥിതി ലോകത്ത് സംജാതമായിരിക്കുന്നുവെന്ന് ഹൈക്കോടതി ജസ്റ്റിസ് എൻ. നഗരേഷ് പറഞ്ഞു. ഭൂമിയിലുള്ളത് എല്ലാവർക്കുമുള്ളതാണ്. നമുക്കുമാത്രമുള്ളതല്ല. ആവശ്യമായതുമാത്രം ഭൂമിയിൽനിന്നെടുക്കുക എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. പ്രകൃതിയെ സംരക്ഷിക്കാൻ ജീവത്യാഗം ചെയ്യുന്ന സമൂഹം ഭാരതത്തിൽമാത്രമേ കാണുവാൻ സാധിക്കൂ. പ്രകൃതിയെ ആരാധിച്ചുകൊണ്ട് ആത്മീയതയിലൂന്നിനിന്നുകൊണ്ടുള്ള ജീവിതക്രമം ഇന്ന് ലോകത്തിന് മാതൃകയാണ്. ബി.എം.എസ്. ഏർപ്പെടുത്തിയ പ്രഥമ അമൃതാദേവി പുരസ്കാരം ടി. ആർ & ടി. എസ്റ്റേറ്റിലെ തൊഴിലാളിയും പരിസ്ഥിതി പ്രവർത്തകനുമായ സുനിൽ സുരേന്ദ്രന് നല്കിക്കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തോട്ടംതൊഴിലാളിയായ സുനിൽ സുരേന്ദ്രൻ വ്യത്യസ്തങ്ങളായ പരിസ്ഥിതി പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയനാണ്. വീരമൃത്യു വരിച്ച സൈനികരെ സ്മരിച്ചുകൊണ്ട് കാവൽമരം പദ്ധതി, ക്ഷേത്രങ്ങളിൽ പൂജയ്ക്ക് ഒരു പൂമരം പദ്ധതി, വിദ്യാലയങ്ങളിൽ അക്ഷരവൃക്ഷം പദ്ധതി, ആശുപത്രികൾ കേന്ദ്രീകരിച്ച് ആതുരവൃക്ഷം പദ്ധതി, കണ്ടൽ വനവത്ക്കരണം പ്രവർത്തനം, പക്ഷികൾക്ക് വെള്ളം നല്കുന്ന തണ്ണീർക്കുടം പദ്ധതി തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സുനിലും കുടുംബവും ചേർന്ന് ചെയ്തുവരുന്നു. 25001 രൂപ ക്യാഷ് അവാർഡും പ്രശസ്തിപത്രവും ഫലകവുമാണ് അവാർഡ്.

1730-ൽ രാജസ്ഥാനിലെ ജോദ്പൂരിൽ വൃക്ഷങ്ങൾ മുറിക്കുന്നത് തടയാൻ നടത്തിയ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത അമൃതാദേവിയും മക്കളും 363 ഗ്രാമീണരും വധിക്കപ്പെട്ടു. ഈ സംഭവത്തിന്റെ സ്മരണാർത്ഥം ബി.എം.എസ്. ആഗസ്റ്റ് 28 പരിസ്ഥിതിദിനമായും കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സെപ്തംബർ 11 ദേശീയ വനരക്തസാക്ഷിദിനമായും ആചരിക്കുന്നു. ഈ വർഷം മുതൽ ബി.എം.എസ്. കേരളം ഏർപ്പെടുത്തിയ പുരസ്കാരദാനസമ്മേളനം എറണാകുളം ബി.ടി.എച്ച്. ഹാളിൽ നടന്നു. ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ അദ്ധ്യക്ഷത വഹിച്ചു. പരിസ്ഥിതി പ്രവർത്തകൻ ഡോ. സി.എം. ജോയി, പരിസ്ഥിതി സംരക്ഷണ സന്ദേശം നല്കി. ബി.എം.എസ്. സംസ്ഥാന ജനറൽസെക്രട്ടറി ജി.കെ. അജിത്ത്, ആർ.എസ്.എസ്. പരിസ്ഥിതി വിഭാഗം പ്രമുഖ് നാരായണൻ, സഹപ്രമുഖ് രാജേഷ് ചന്ദ്രൻ, ബി.എം.എസ്. സംസ്ഥാന ഭാരവാഹികളായ കെ. മഹേഷ്, എം.പി. ചന്ദ്രശേഖരൻ, സിബി. വർഗ്ഗീസ്, കെ.വി. മധുകുമാർ, എറണാകുളം ജില്ലാസെക്രട്ടറി ധനീഷ് നീറിക്കോട് എന്നിവർ പ്രസംഗിച്ചു.




**ഭാരതീയ മസ്ദൂർ സംഘം സംസ്ഥാന സമിതി ഏർപ്പെടുത്തിയ പ്രഥമ അമൃതാദേവി പുരസ്ക്കാരദാന ചടങ്ങ് ബഹു. കേരള ഹൈക്കോടതി ജസ്റ്റിസ് എൻ.നഗരേഷ് ഉദ്ഘാടനം ചെയ്യുന്നു.**

# കേരള സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയം തിരുത്തണം



താനൂർ പൂരപ്പറമ്പ് ഓഡിറ്റോറിയത്തിൽ നടന്ന ബി.എം.എസ്. മലപ്പുറം ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ

**താനൂർ:** കേരളത്തിലെ ക്ഷേമ ബോർഡുകളെ തകർക്കുന്ന രീതിയിലുള്ള സർക്കാരിന്റെ നയസമീപനത്തിൽനിന്നും പിന്തിരിയണമെന്ന് ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ പറഞ്ഞു.

താനൂർ പൂരപ്പറമ്പ് ഓഡിറ്റോറിയത്തിൽ നടന്ന ബി.എം.എസ്. മലപ്പുറം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടുത്ത കാലത്തായി മോട്ടോർ ക്ഷേമനിധിയിൽനിന്നും ആയിരത്തി ഇരുന്നൂറ് കോടി രൂപ സർക്കാരിന്റെ ദൈനംദിന ചിലവിലേക്ക് വകമാറ്റാനുള്ള നടപടി നിർത്തിവയ്ക്കണമെന്നും, അസംഘടിത മേഖലയിലെ തൊഴിലാളി ക്ഷേമത്തിനുള്ള പദ്ധതികൾ കാലാനുസൃതമായി പരിഹരിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

മലപ്പുറം ജില്ലയുടെ തൊഴിൽ മേഖലയിലെ മരവിപ്പ് സർക്കാരിന്റെ നയസമീപനത്തിന്റെ ഫലമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ജില്ലാ പ്രസിഡന്റ് വി. ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത്ത്, സംസ്ഥാന സെക്രട്ടറി സിബി വർഗീസ്, സംസ്ഥാന ട്രഷറർ സി. ബാലചന്ദ്രൻ, രാഷ്ട്രീയ സ്വയംസേവക സംഘം ജില്ലാ സഹകാര്യവാഹ് പി. മനോജ് എന്നിവർ പ്രസംഗിച്ചു. സംസ്ഥാന സംഘടന സെക്രട്ടറി മഹേഷ് കെ. സമാപന പ്രസംഗം നടത്തി. കെ. വിശ്വനാഥൻ സ്വാഗതവും, ജില്ലാ സെക്രട്ടറി എൽ. സതീഷ് നന്ദിയും പറഞ്ഞു.

**ഭാരവാഹികൾ**

ജില്ലാ പ്രസിഡന്റ് ദിനേശൻ പി.വി, വൈസ് പ്രസിഡന്റുമാർ ദേവു ഉണ്ണി, മുരളീധരൻ കെ.പി, എൻ.വി.രാജേഷ്, മണികണ്ഠൻ കെ.പി,സുബ്രഹ്മണ്യൻ.എ,ഷീബ.കെ.പി. ജില്ലാ സെക്രട്ടറി എൽ.സതീഷ്,ജോയിന്റ് സെക്രട്ടറിമാർ പ്രദീപ്.കെ,ജെനീഷ്.ജി, സ്മിത ബാലൻ,ഗിരീഷ്.കെ.വി.,നിഷാദ്.സി.എസ്, രാജീവ്.വി.ടി. ട്രഷറർ പ്രദീപ് പാപ്പന്നൂർ എന്നിവരടങ്ങുന്ന 15 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു. ■



ജില്ലാ പ്രസിഡന്റ്
ദിനേശ് പി.വി.



ജില്ലാ സെക്രട്ടറി
എൽ.സതീഷ്



ജില്ലാ ട്രഷറർ
പ്രദീപ് പാപ്പന്നൂർ

## നിരീക്ഷണങ്ങൾ
## വിശകലനങ്ങൾ



**കല്ലറ അജയൻ**
**9446751163**

# കേരളത്തനിമയുടെ പിന്നാമ്പുറങ്ങൾ

> **എല്ലാ ഭാഷാവിഭാഗങ്ങൾക്കും സാംസ്കാരികവിഭാഗങ്ങൾക്കും അവരുടെ തനിമ നിലനിർത്താൻ അവസരം നൽകണം എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ ഈ തനിമ നിലനിർത്താൻ ഭിന്നിപ്പിനു വിത്തുപാകുന്നതാകാൻ പാടില്ല; ഒരു പ്രത്യേക ഭാഷാവിഭാഗത്തെ സൃഷ്ടിക്കുന്നതിൽ ചരിത്രത്തിനും ഭൂപ്രകൃതിക്കും രാഷ്ട്രീയത്തിനും ജാതിമാനങ്ങൾക്കുമൊക്കെ പങ്കുണ്ടാവാം എന്നിരിക്കിലും നിലവിൽ അവയുടെ സ്ഥിതി എന്താണോ അതു തുടരാൻ അവർക്ക് അവകാശമുണ്ട്. ശ്രീലങ്കയിലെ സിംഹളഭാഷ ഇന്ത്യയിൽനിന്നും മത പ്രചരണത്തിനു ചെന്നവരുടെ സ്വാധീനത്തിൽ ഉണ്ടായതാണെന്നു കരുതപ്പെടുന്നു.**

**ബ**ഹുസ്വരതയെക്കുറിച്ച് ലോകമെങ്ങും ഉയർന്നുവരുന്ന ചർച്ചകൾ നിരുപദ്രവമല്ല. അതു മുഖ്യമായും ഉന്നംവയ്ക്കുന്നത് ഭാരതത്തെയാണ്. ലോകത്തിലെ ഏറ്റവും വലിയ ബഹുസ്വര സമൂഹം ഭാരതമാണ്. നൂറുകണക്കിനു ഭാഷകളും സാംസ്കാരിക വൈവിധ്യങ്ങളുമുള്ള നമ്മുടെ രാജ്യം മറ്റേതൊരു രാജ്യത്തേക്കാളും അഭേദ്യമായ രീതിയിലാണ് ഒറ്റക്കെട്ടായി നിലകൊള്ളുന്നത്. ഇന്ത്യയുടെ സൈനികസാമ്പത്തിക വികാസത്തെ പാശ്ചാത്യരാജ്യങ്ങൾ താല്പര്യത്തോടെയല്ല വീക്ഷിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ജനസഞ്ചയത്തിന്റെ അധിവാസകേന്ദ്രമായ ഭാരതം സൈനികമായും സാമ്പത്തികമായും അഭിവൃദ്ധിപ്പെട്ടാൽ ഒരു ലോകശക്തിയായി മാറുമെന്ന ആശങ്ക അവർക്കുണ്ട്. അതിനെ നേരിടുന്നതിനായി അവർ പ്രചരിപ്പിക്കുന്ന സാംസ്കാരിക ആയുധങ്ങളിലൊന്നാണ് 'ബഹുസ്വരത.'

എല്ലാ ഭാഷാവിഭാഗങ്ങൾക്കും സാംസ്കാരികവിഭാഗങ്ങൾക്കും അവരുടെ തനിമ നിലനിർത്താൻ അവസരം നൽകണം എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ ഈ തനിമ നിലനിർത്താൻ ഭിന്നിപ്പിനു വിത്തുപാകുന്നതാകാൻ പാടില്ല; ഒരു പ്രത്യേക ഭാഷാവിഭാഗത്തെ സൃഷ്ടിക്കുന്നതിൽ ചരിത്രത്തിനും ഭൂപ്രകൃതിക്കും രാഷ്ട്രീയത്തിനും ജാതിമാനങ്ങൾക്കുമൊക്കെ പങ്കുണ്ടാവാം എന്നിരിക്കിലും നിലവിൽ അവയുടെ സ്ഥിതി എന്താണോ അതു തുടരാൻ അവർക്ക് അവകാശമുണ്ട്. ശ്രീലങ്കയിലെ സിംഹളഭാഷ ഇന്ത്യയിൽനിന്നും മതപ്രചരണത്തിനു ചെന്നവരുടെ സ്വാധീനത്തിൽ ഉണ്ടായതാണെന്നു കരുതപ്പെടുന്നു. തൊട്ടടുത്തു കിടക്കുന്ന തമിഴ്നാട്ടിലെ ഭാഷയായിരുന്നു അവിടുത്തെ ആദിമ ഭാഷയെന്നും അതുകൊണ്ട് തമിഴരാണ് ശ്രീലങ്കയിൽ യഥാർത്ഥത്തിലുള്ള പഴയ നിവാസികളെന്നും പറയുന്ന ശ്രീലങ്കക്കാരുണ്ട്. എന്നാൽ ഇന്ന് ശ്രീലങ്ക സിംഗള ഭൂരിപക്ഷ ദേശമാകയാൽ അവർക്കു തന്നെയാണ് മേൽക്കൈ നൽകേണ്ടത്. ഇന്നത്തെ സ്ഥിതി പരിഗണിക്കാനേ കഴിയൂ. ചരിത്രത്തെ ഖനനം ചെയ്തെടുത്ത് ഒരു ന്യൂനപക്ഷ വിഭാഗത്തിനു രാജ്യം ദാനം ചെയ്യാനാവില്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും ഇത്തരം പ്രശ്നങ്ങളുണ്ട്.

കേരളത്തനിമയ്ക്കുവേണ്ടി ഇപ്പോൾ ചിലർ മുറവിളി കൂട്ടുന്നുണ്ട്. അവരിൽ പലരുടേയും ഉന്നം ഭാരതത്തെ ദുർബ്ബലമാക്കുക എന്നതാണ്. ആ

വഴിക്കുള്ള കേരളത്തനിമാവാദങ്ങളോട് നമുക്കു പൊരുത്തപ്പെടാനാവില്ല. ഒരു കേരളീയനും ഭാരതത്തെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു കേരളത്തെക്കുറിച്ച് ചിന്തിക്കാനാവില്ല. കേരളത്തെ ഒഴിവാക്കിയുള്ള ഭാരതത്തെക്കുറിച്ച് ചിന്തിക്കാൻ മറ്റേതെങ്കിലും സംസ്ഥാനക്കാരനായ ഭാരതീയനുമാവില്ല. ആ വഴിക്കുള്ള ചിന്തയും ചർച്ചകളും മുളയിലേ നുള്ളേണ്ടതുതന്നെ.

ഭാരതീയത എന്നതിൽ കേരളത്തിന്റെ സംഭാവന ചെറുതല്ല. ആദിശങ്കരൻ മുതൽ എത്രയോ പ്രതിഭകൾ ഭാരതസംസ്കാരത്തെ പുഷ്ടിപ്പെടുത്തുന്നതിൽ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്. കാശ്മീരിൽ രചിക്കപ്പെട്ട അഭിനവഗുപ്തന്റെ ലോചനത്തിനു വ്യാഖ്യാനങ്ങൾ ഉണ്ടായത് ഇങ്ങു തെക്കേ അറ്റത്തെ കേരളത്തിലാണ്. വടക്കേ ഇന്ത്യയിലെ വിടെയോ ജീവിച്ചിരുന്ന ഭാസന്റെ നാടകങ്ങൾ എല്ലാം കണ്ടെടുത്തത് കേരളത്തിന്റെ ഭാഗമായിരുന്ന കന്യാകുമാരി ജില്ലയിൽനിന്നാണ്. ഭാസനാടകങ്ങൾ കൂടുതൽ രംഗാവതരണം നടത്തിയതും മലയാളികൾ തന്നെ. മഹാഭാരതത്തിലും അശോകശാസനത്തിലും ഐതരേയ ആരണ്യകത്തിലും കേരളത്തെ പരാമർശിക്കുന്നുണ്ട്. അത് ഈ കേരളമല്ലെന്നൊക്കെ ചിലർ തർക്കിക്കുന്നതിന് ഒരു യുക്തിയുമില്ല. ചോളപാണ്ഡ്യരാജ്യങ്ങളുടെ പേരിനു ശേഷം പരാമർശിക്കപ്പെടുന്നത് നമ്മുടെ കേരളമല്ലാതെ ഗുജറാത്തിലെ കേരളമാണെന്നൊക്കെ പറഞ്ഞാൽ ആരും അംഗീകരിക്കാനിടയില്ല. എന്തിനേറെ പറയുന്നു കേരളം എന്ന വാക്കുപോലും പൈശാചിക-പ്രാകൃതത്തിൽനിന്നും കിട്ടിയതാണെന്നാണ് ഭാഷാപണ്ഡിതന്മാരുടെ അഭിപ്രായം. 'കേ' എന്നാൽ വെള്ളം 'രളം' എന്നാൽ സുഖിക്കുന്നത് അല്ലെങ്കിൽ സന്തോഷിക്കുന്നത് എന്നർത്ഥം. പ്രാകൃതം കാശ്മീരം മുതൽ കന്യാകുമാരി വരെ പ്രചാരത്തിലുണ്ടായിരുന്ന ഭാഷയാണ്. സംസ്കൃതനാടകങ്ങളിൽ ഗ്രാമീണകഥാപാത്രങ്ങൾ ഉപയോഗിക്കുന്ന ഭാഷ പ്രാകൃതമാണ്. ആന്ധ്രാഭൃത്യന്മാരും ആദികദംബന്മാരും അവരുടെ ഔദ്യോഗികഭാഷയായിട്ടുപയോഗിച്ചിരുന്ന ഭാഷ പ്രാകൃതമായിരുന്നു എന്നു ചരിത്രകാരന്മാർ പറയുന്നു. ഇതൊക്കെ ഭാരതത്തിന്റെ ഏകതയ്ക്ക് ഉദാഹരണങ്ങളാണ്. അഫ്ഗാനിസ്ഥാൻ മുതൽ മ്യാൻമാർ വരെയും തിബറ്റുമുതൽ ശ്രീലങ്കവരെയും പടർന്നുകിടന്നിരുന്ന അഖണ്ഡഭാരതത്തിന് ഒരു സാംസ്കാരികമുഖംതന്നെയാണുണ്ടായിരുന്നത്.



**ഭാരതീയത എന്നതിൽ കേരളത്തിന്റെ സംഭാവന ചെറുതല്ല. ആദിശങ്കരൻ മുതൽ എത്രയോ പ്രതിഭകൾ ഭാരതസംസ്കാരത്തെ പുഷ്ടിപ്പെടുത്തുന്നതിൽ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്.**

പൊതുവായ ഭാരതസംസ്കാരത്തെയും രാജ്യത്തിന്റെ അഖണ്ഡതയേയും സംരക്ഷിക്കുന്നതോടൊപ്പം കേരളം എന്ന നാടിന്റെ തനിമയും സൂക്ഷിക്കാൻ രാജ്യസ്നേഹികൾക്ക് ബാധ്യതയുണ്ട്. ഹിമാലയത്താൽ സംരക്ഷിക്കപ്പെട്ടതായിരുന്നു ഇന്ത്യയുടെ ഭൂപ്രദേശങ്ങളെങ്കിൽ ഒരു കോട്ടപോലെ സഹ്യപർവ്വതം കേരളത്തേയും സംരക്ഷിച്ചുനിർത്തി. അതിവിടെ ഒരു പ്രത്യേക ഭാഷയും സംസ്കാരവും രൂപപ്പെടാൻ സഹായിച്ചു.

"കുതിച്ചുപായും കടുവാക്കിടാങ്ങളും
മദിച്ചുമണ്ടും കളഭ പ്രവീരരും
കളിച്ചുവാഴുന്നൊരു കാനനങ്ങളാൽ
അസഹ്യനാകും നീബത സഹ്യനാണുപോൽ"

എന്നിങ്ങനെ എ. ആർ. രാജരാജവർമ്മത്തമ്പുരാൻ മലയവിലാസത്തിൽ വർണ്ണിച്ച സഹ്യൻ നമ്മുടെ സാംസ്കാരികതനിമ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

മൂലദ്രാവിഡഭാഷയിൽനിന്നു മലയാളം രൂപപ്പെടുന്നതിനു ഒരു പ്രധാന കാരണവും ഭൂപ്രകൃതിയുടെ ഈ പ്രത്യേകത തന്നെ. ദക്ഷിണേന്ത്യൻ ഭാഷകൾക്കു വ്യാകരണംകൊണ്ടും പദസമുച്ചയത്താലുമൊക്കെ പല സാദൃശ്യങ്ങളുമുണ്ടെങ്കിലും കേരളത്തിന്റെ സാംസ്കാരികസവിശേഷതകൾ പലതും അനന്യമാണെന്നുപറയാം. നമ്മുടെ കഥകളിയും ചുണ്ടൻവള്ളങ്ങൾ പങ്കെടുക്കുന്ന വള്ളംകളിയും ചെണ്ടയെ മുൻനിർത്തിയുള്ള മേളവും അസംഖ്യം ആനകളെ എഴുന്നള്ളിക്കുന്ന പൂരവും ലാസ്യപ്രധാനമായ മോഹിനിയാട്ടവും സോപാനസംഗീതവും ഒക്കെ നമ്മുടെ വ്യക്തിത്വത്തെ വിളിച്ചുപറയുന്ന കലാകായിക പ്രകടനങ്ങളാണ്.

ഈ കലാപ്രകടനങ്ങളൊക്കെ നമ്മുടേതു മാത്രമാണെങ്കിലും അവയുടെ വേരുകൾ ഭാരതത്തിന്റെ പൊതുപാരമ്പര്യവുമായി ഗാഢമായി ബന്ധപ്പെട്ടതുതന്നെ. കഥകളിയുടെ മുദ്രകളും അഭിനയവുമെല്ലാം നാട്യശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. 'ഹസ്തലക്ഷണദീപിക' എന്ന കൃതിയെയാണ് മുദ്രകൾക്കു നമ്മൾ പിൻപറ്റുന്നതെങ്കിലും. അതിന്റെ ഉത്ഭവം ഭരതന്റെ നാട്യശാസ്ത്രത്തിൽനിന്നുമാണ്.



മോഹിനിയാട്ടത്തിന്റെ സ്ഥിതിയും അതുതന്നെ. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള നൃത്തരൂപങ്ങൾക്കും നാട്യശാസ്ത്രവുമായുള്ള ബന്ധം പ്രകടമാണ്. കഥക്കും കുച്ചിപ്പുഡിയും ഭരതനാട്യവും മണിപ്പൂരിയുമെല്ലാം അടിസ്ഥാനപരമായി ഒരു ധാരയിൽനിന്നും ഉരുവം കൊണ്ടവയാണ്.

കേരളത്തിന്റെ തനതു സംഗീതവഴിയായി നമ്മൾ സോപാനത്തെ കണക്കാക്കുന്നുണ്ടെങ്കിലും അതിനായി ആലപിക്കുന്ന ജയദേവാഷ്ടപദി ബംഗാളിയായ ഒരു കവിയുടേതാണല്ലോ. രാഗങ്ങൾക്കും താളങ്ങൾക്കുമൊക്കെ വ്യത്യസ്തമായ പേരുകൾ പറയാൻ നമ്മൾ ശ്രമിക്കുന്നുണ്ടെങ്കിലും മിക്കവാറും എല്ലാം ഭാരതത്തിന്റെ തനതു സംഗീതമായ കർണ്ണാടക സംഗീതത്തിൽ ഉള്ളവതന്നെ. 'കാംബോജി'യെ നമ്മൾ 'കാമോദരി'യാക്കി. യദുകുല കാംബോജിയെ 'എരിക്കിലക്കാമോദരി'യാക്കി. ശുഭ പന്തുവരാളിയെ 'ദുഃഖഖണ്ഡാര'മാക്കി. ആലാപനരീതിയിൽമാത്രം ചെറിയ വ്യത്യാസപ്പെടുത്തലുകൾ ഉണ്ടെന്നുകാണാം. ചെണ്ടയോടു സാദൃശ്യമുള്ള വാദ്യങ്ങൾ മറ്റിടങ്ങളിലുണ്ടെങ്കിലും നമ്മുടെ മേളപാരമ്പര്യം എടുത്തുപറയേണ്ടതാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവാനിടയില്ല. ചുണ്ടൻവള്ളങ്ങളുടെ മത്സരവും ലോകത്ത് മറ്റൊരിടത്തുമുണ്ടെന്നു തോന്നുന്നില്ല.

ഇങ്ങനെ ചില പ്രത്യേകതകൾ നമ്മടേതുമാത്രമായി ഉണ്ടെങ്കിലും ഒട്ടുമിക്കവാറും കലകളുടേയും സാഹിത്യത്തിന്റേയും ഭാഷയുടേയുമൊക്കെ വേരുകൾ ഭാരതത്തിന്റെ ഇതരഭാഗങ്ങളിലേക്കു നീണ്ടുപോകുന്നതു ശ്രദ്ധിച്ചാൽ മനസ്സിലാക്കാനാവും. ആ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുവേണം മലയാളി സ്വന്തം തനിമയെ അന്വേഷിക്കാൻ. എന്നാൽ ഇംഗ്ലീഷു മീഡിയം സ്കൂളുകൾ മാത്രമുള്ള ഒരു കേരളം നമുക്കു ഭൂഷണമല്ല. നമ്മുടെ മാതൃഭാഷയെ നിലനിർത്താൻ ഓരോ മലയാളിക്കും ബാധ്യതയുണ്ട്.

# ഭാരതം ലോകനേതൃത്വത്തിൽ



**എം. എസ്. ശ്യാംകുമാർ**
9447588769


**2014** മെയ് മാസം 30-ന് അധികാരത്തിൽ കയറിയ നരേന്ദ്രമോദി സർക്കാർ പത്താം വർഷത്തിൽ എത്തിനിൽക്കുകയാണ്. അതിനുമുൻപ് പത്തു വർഷം ഭരിച്ച മൻമോഹൻസിംഗ് സർക്കാരിന്റെയും നരേന്ദ്രമോദി സർക്കാരിന്റെയും ഭരണങ്ങൾ തമ്മിലുള്ള വിലയിരുത്തലായിരിക്കും 2024-ലെ പൊതു തിരഞ്ഞെടുപ്പ്. അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും കുടുംബാധിപത്യത്തിന്റെയും നുകത്തിൽ നിന്നുള്ള മോചനമാണ് ഭരണമാറ്റത്തിലൂടെ ഭാരതജനതയ്ക്ക് ലഭിച്ചത്. സോവിയറ്റ് മോഡൽ പഞ്ചവത്സരപദ്ധതികളും നെഹ്റുവിയൻ സാമ്പത്തികനയങ്ങളും ഉപേക്ഷിച്ച് രാജ്യത്തിന്റെ അടിസ്ഥാന വികസനം ഉറപ്പാക്കുന്ന ഒരു കാഴ്ചപ്പാടാണ് മോഡിസർക്കാർ സ്വീകരിച്ചത്. എല്ലാ വികസനപദ്ധതികളും വൈകിക്കാൻമാത്രം ഉപകരിച്ചിരുന്ന ആസൂത്രണക്കമ്മീഷന്റെ സ്ഥാനത്ത് കൂടുതൽ വിശാലമായ സംവിധാനത്തോടെ നീതി ആയോഗ് വികസന സങ്കല്പം ഉടച്ചുവാർക്കാൻ പര്യാപ്തമായി. ഇതിനകം മോഡിസർക്കാർ സ്വപ്ന



തുല്യമായ പരിവർത്തനങ്ങളാണ് രാജ്യത്ത് ഉണ്ടാക്കിയെടുത്തിട്ടുള്ളത്. ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നും സ്വയം പര്യാപ്തമായ ഗ്രാമങ്ങളാണ് നമുക്ക് വേണ്ടതെന്നും വിശ്വസിച്ച മഹാത്മാഗാന്ധിയുടെ സ്വപ്നസാക്ഷാത്കാരമാണ് കഴിഞ്ഞ ഒമ്പതുവർഷംകൊണ്ട് നരേന്ദ്രമോദി സർക്കാർ സാർത്ഥകമാക്കിയത്.

സ്വച്ഛഭാരത് മിഷനുകീഴിൽ 11.72 കോടി ശൗചാലയങ്ങൾ നിർമ്മിച്ചതും പ്രധാനമന്ത്രി ആവാസ് യോജനവഴി പാവപ്പെട്ടവർക്ക് മൂന്നുകോടി വീടുകൾ നിർമ്മിച്ചതും ഗരീബ് കല്യാൺ യോജനവഴി 80 കോടി ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കിയതും ജൽജീവൻ മിഷൻ വഴി 11.8 കോടി വീടുകളിൽ കുടിവെള്ളം എത്തിച്ചതും ഉജ്വൽ യോജനവഴി 9.6 കോടി വീടുകളിൽ പാചകവാതക കണക്ഷനുകൾ സൗജന്യമായി നല്കിയതും പാവപ്പെട്ടവരെ സഹായിക്കുന്നതിന് പര്യാപ്തമായിട്ടുണ്ട്. ആയുഷ്മാൻ ഭാരത് പദ്ധതിപ്രകാരം 4.5 കോടി ആളുകൾക്ക് 5 ലക്ഷം രൂപവരെയുള്ള സൗജന്യചികിത്സ ഉറപ്പാക്കുകയും 10.7 കോടി കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷൂറൻസ് പരിരക്ഷ നല്കുകയും ചെയ്ത ആയുഷ്മാൻ ഭാരത് പദ്ധതി ലോകത്തിലെതന്നെ ഏറ്റവും വലിയ ആരോഗ്യപദ്ധതിയായി മാറിക്കഴിഞ്ഞു.

കാർഷികമേഖലയിൽ വൻ



കുതിപ്പാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളത്. 57 ലക്ഷം കർഷകർക്ക് ജലസേചന സൗകര്യം ഉറപ്പാക്കി. കിസാൻ സമ്മാൻനിധിയിലൂടെ 12 കോടി കർഷകർക്ക് പ്രതിവർഷം 6000 രൂപവീതം നല്കി. എല്ലാ വിളകൾക്കും ഉല്പാദന ചെലവിനേക്കാൾ 50% -ൽ അധികം താങ്ങുവില ഏർപ്പെടുത്തി. കാർഷിക ബഡ്ജറ്റിൽ 125036 കോടി രൂപ അനുവദിച്ചു. ഇത് 5 മടങ്ങ് വർദ്ധനയാണ്. കൂടാതെ 4 കോടി കർഷകർക്ക് 4.7 ലക്ഷം കോടിയുടെ വായ്പ നല്കി. രാജ്യത്ത് ഉടനീളം കാർഷിക ഉല്പന്നങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ശീതീകരിച്ച സംഭരണ ശാലകൾ സ്ഥാപിച്ചു. ഗരീബ് കല്യാൺ യോജനവഴി 80 കോടി ഭാരതീയർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കി. കാർഷികോല്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമായതോടെ കാർഷികമേഖലയിൽ വലിയ ഉണർവ്വ് ഉണ്ടായി. നമ്മുടെ ധാന്യ കലവറകൾ നിറഞ്ഞു. പട്ടിണി ഇല്ലാതായി. 90 രാജ്യങ്ങളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കയറ്റി അയക്കാൻ കഴിഞ്ഞു. പാവപ്പെട്ട 34.4 ലക്ഷം വഴിയോരക്കച്ചവടക്കാർക്ക് പ്രധാനമന്ത്രി സ്വനിധിയുടെ കീഴിൽ 10000 രൂപ മുതൽ 50000 രൂപ വരെയുള്ള വായ്പ നല്കി.

ദേശീയപാതാവികസനം നേരത്തെ ഇഴഞ്ഞിഴഞ്ഞാണ് നടന്നിരുന്നത്. എന്നാൽ മോദിസർക്കാരിനുകീഴിൽ കന്യാകുമാരി മുതൽ കാശ്മീർ വരെ ദേശീയ പാതയുടെ സമഗ്ര വികസനത്തിന്റെ പുതിയ ചക്രവാളം തീർത്തിരിക്കുകയാണ്. മുമ്പ് ഒരു ദിവസം 12 കിലോമീറ്റർ പാത നിർമ്മിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 37 കിലോമീറ്റർ പാതയാണ് നിർമ്മിക്കുന്നത്. ഉത്തരേന്ത്യയിലെ പല പ്രധാന ഹൈവേകളിലും വിമാനങ്ങൾപോലും ഇറങ്ങുകയുണ്ടായി. ഭാരതത്തിന്റെ അതിർത്തി സംസ്ഥാനങ്ങളിൽ ദ്രുതഗതിയിലാണ് റോഡുകളും പാലങ്ങളും നിർമ്മിക്കുന്നത്. യാത്രാസമയം വളരെ കുറയാൻ ഇത് സഹായകമായി. ദേശീയപാത 66 എന്ന ഒറ്റ റോഡിന്റെ നിർമ്മാണം മാത്രം മതി കേരളീയർക്ക് നരേന്ദ്രമോദി സർക്കാരിന്റെ വികസനമുഖം കാണാൻ. 1600 കിലോമീറ്റർ ദൈർഘ്യം ഉള്ള പാതയിൽ 650 കിലോമീറ്റർ കേരളത്തിലൂടെ കടന്നുപോകുന്നത്. 65,000 കോടി രൂപ ചെലവുവരുന്ന ഈ പാതക്കുവേണ്ടി 5080 കോടി രൂപ മാത്രമാണ് കേരളം നല്കുന്നത്. ഭൂമി വില കേരളത്തിൽ കൂടുതലായതിനാൽ അതിന്റെ നാലിലൊന്നാണ് സംസ്ഥാനം നല്കേണ്ടിവരുന്നത്.

വിദ്യാഭ്യാസമേഖലയിൽ ഉണ്ടായ സമഗ്രമായ മാറ്റങ്ങളും ജനങ്ങൾ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. വിദ്യാഭ്യാസം തേടി ഭാരതത്തിലെ വിദ്യാർത്ഥികൾ അന്യരാജ്യങ്ങളിലേയ്ക്ക് പോകുന്നതിനുപകരം അവർക്ക് ഇവിടെതന്നെ വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുകയാണ് മോദിസർക്കാർ. പുതിയതായി 390 സർവ്വകലാശാലകൾ, 7 ഐ.ഐ.ടി.കൾ, 7 ഐ.ഐ.എം. കൾ, 15 എയിംസുകൾ, 225 മെഡിക്കൽ കോളേജുകൾ, 160 നേഴ്സിംഗ് കോളേജുകൾ എന്നിവയും ആരംഭിച്ചു.

ആഗോളമുള്ള മാറ്റങ്ങൾ കണക്കിലെടുത്ത് തയ്യാറാക്കിയിട്ടുള്ള പുതിയ വിദ്യാഭ്യാസ നയവും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സാമ്പത്തികരംഗത്തും ഭാരതം പല വികസിത രാഷ്ട്രങ്ങളെയും പിന്നിലാക്കി 5–ാമത്തെ വലിയ സാമ്പത്തികശക്തിയായി. ഏതാനും വർഷങ്ങൾക്കുള്ളിൽതന്നെ ഭാരതം 3–ാം സാമ്പത്തികശക്തിയായി മാറാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഏ

കീകൃത ജി.എസ്.ടി. നിയമം നടപ്പിലാക്കിയതിന് ശേഷം പ്രതിമാസ നികുതിപിരിവ് 1.60 ലക്ഷം കോടിയായി ഉയർന്നു. ഒരു സംസ്ഥാനത്തിനും ഒരു പരാതിയും ഇല്ലാതെ ലഭിക്കേണ്ട നികുതിവിഹിതം കൃത്യമായി നല്കുന്നതും കേന്ദ്രസർക്കാരിന്റെ നയമാണ്.

ആത്മനിർഭർ ഭാരത്പദ്ധതിയിലൂടെ രാജ്യത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് നാം അടുത്തുകൊണ്ടിരിക്കുകയാണ്. 20 ലക്ഷം കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നമുക്ക് ആവശ്യമായ യുദ്ധവിമാനങ്ങൾ, മുങ്ങിക്കപ്പലുകൾ, ടാങ്കുകൾ, യുദ്ധോപകരണങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങി ഇറക്കുമതി ചെയ്തിരുന്ന വസ്തുക്കൾ എല്ലാം ഭാരതത്തിൽതന്നെ നിർമ്മിച്ചുതുടങ്ങി. ഐ.എൻ.എസ്. വിക്രാന്ത് എന്ന വിമാനവാഹിനി യുദ്ധക്കപ്പൽ നിർമ്മാണം പൂർത്തീകരിച്ച് എല്ലാ പരിശോധനകളും പൂർത്തിയാക്കി ഭാരതത്തിന്റെ സമുദ്രമേഖലയുടെ സംരക്ഷണ നേതൃത്വം ഏറ്റെടുത്തത് പ്രതിരോധരംഗത്തെ നാഴികകല്ലായി മാറി.

തേജസ് യുദ്ധവിമാനങ്ങളും ബ്രഹ്മോസ് യുദ്ധവിമാനങ്ങളും ടാങ്കുകളും ഇപ്പോൾ രാജ്യത്തുതന്നെ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്ത് ഒരു ലക്ഷം സ്റ്റാർട്ട്-അപ്പുകൾ പുതുതായി തുടങ്ങാൻ സാധിച്ചതും വലിയ നേട്ടമാണ്.

ബാങ്ക് എക്കൗണ്ടും ഇൻഷൂറൻസുമെല്ലാം ധനികർക്കുള്ളതാണെന്ന സങ്കല്പം മോഡി സർക്കാർ തിരുത്തുകയും മുഴുവൻ പേർക്കും ജൻ-ധൻ എക്കൗണ്ടുകളിലൂടെ ബാങ്കിംഗ് സൗകര്യങ്ങൾ പ്രാപ്തമാക്കുകയും ചെയ്തു. പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന, ജീവൻരക്ഷാ യോജന എന്നീ പദ്ധതികളും ചുരുങ്ങിയ ചിലവിൽ സാധാരണക്കാർക്കും പ്രാപ്തമാക്കി. സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങളും ബാങ്ക് എക്കൗണ്ടിലൂടെ വിതരണം ചെയ്യുന്നതിലൂടെ അഴിമതിയും കാലതാമസവും ഒഴിവാക്കാൻ കഴിഞ്ഞു. അസംഘടിതതൊഴിലാളികൾക്കുവേണ്ടി ഇ-ശ്രം പോർട്ടൽ തുടങ്ങിയതും പ്രധാമന്ത്രി വിശ്വകർമ്മ യോജന ആരംഭിച്ചതും ഭാവിയിൽ തൊഴിലാളികളുടെ ജീവിതത്തിൽ ഗുണപരമായ പരിവർത്തനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ്. യുവാക്കൾക്കും മഹിളകൾക്കും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് 50000 രൂപ മുതൽ 10 ലക്ഷം രൂപ വരെ വായ്പ നല്കാനുള്ള മുദ്ര പദ്ധതിയിൽ ഇതിനകം 1.12 കോടി പേര് ഗുണഭോക്താക്കളായിട്ടുണ്ട്.

2005 മുതൽ 2014 വരെ രാജ്യം ഭരിച്ച യു.പി.എ. സർക്കാരിന്റെ കാലം അഴിമതികളുടെ ഘോഷയാത്രയായിരുന്നു. കോമൺവെൽത്ത് ഗെയിംസ്, 2 ജി സ്പെക്ട്രം, കൽക്കരി ഇടപാട് തുടങ്ങിയ എല്ലാ ഇടപാടുകളിലും ലക്ഷക്കണക്കിന് കോടികളുടെ അഴിമതിയാണ് നടന്നത്. എന്നാൽ 9 വർഷത്തെ നരേന്ദ്ര മോദി സർക്കാരിനെതിരെ വ്യക്തമായ ഒരു അഴിമതി ആരോപണം പോലും ഉന്നയിക്കാൻ പ്രതിപക്ഷ കക്ഷികൾക്കായില്ല. സാമ്പത്തിക ഇടപാടുകൾ ഡിജിറ്റൽ ഇടപാടുകളിലേയ്ക്ക് മാറ്റിയതും കള്ളപ്പണക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചതും നമ്മുടെ രാജ്യത്ത് നടന്ന വിപ്ലവകരമായ പരിവർത്തനമായിരുന്നു. കേരളത്തിൽ ക്ഷേമ പെൻഷനുകൾ അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ട് വഴി നല്കാതെ സഹകരണബാങ്കുകൾ വഴി പാർട്ടി പ്രവർത്തകർ നേരിട്ടുനല്കുമ്പോൾ പല സ്ഥലത്തും മരിച്ച വ്യക്തികളുടെ പേരിൽ ഉള്ള പെൻഷൻ തട്ടിയെടുത്ത ധാരാളം സംഭവങ്ങൾകൂടി ഈ അവസരത്തിൽ ചേർത്തുവായിക്കണം.




വിദേശകാര്യ രംഗത്ത് വലിയ നേട്ടമാണ് നരേന്ദ്രമോദി സർക്കാർ കൈവരിച്ചത്. വിവിധ ലോകരാജ്യങ്ങളിലേയ്ക്കുള്ള പ്രധാനമന്ത്രിയുടെ യാത്രയെ വിമർശിച്ചിരുന്നവർപോലും നിർണ്ണായക സന്ദർഭങ്ങളിൽ ലോകരാജ്യങ്ങൾ ഭാരതത്തോടൊപ്പം നിന്നതിനെ അതിശയത്തോടെയാണ് കണ്ടത്. നരേന്ദ്രമോദിജിയുടെ നേതൃപാടവം ലോകം അംഗീക

രിച്ചു. അമേരിക്കയിലും ആസ്ത്രേലിയയിലും ഫ്രാൻസിലും ഇംഗ്ലണ്ടിലും യു.എ.ഇ.യിലും മറ്റും ലഭിച്ച സ്വീകരണവും സ്വീകാര്യതയും ലോകത്ത് മറ്റൊരു രാഷ്ട്രത്തലവനും കൈവരിക്കാൻ കഴിഞ്ഞില്ല. ഭാരതത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള നിരവധി കരാറുകളാണ് ഈ യാത്രയിൽ ഒപ്പിട്ടത്. ഭാരതത്തിൽ മുതൽമുടക്കാനും വമ്പൻ വ്യവസായങ്ങൾ തുടങ്ങാനും വൻ വ്യവസായികൾ കാണിക്കുന്ന താല്പര്യം മറ്റു രാജ്യങ്ങൾ അസൂയയോടെയാണ് കാണുന്നത്.

ഡോളർ അധിഷ്ഠിത വാണിജ്യത്തിൽനിന്നും ഇൻഡ്യൻ രൂപയിൽ വ്യാപാരം നടത്താൻ കഴിയുന്നതും വലിയ നേട്ടമാണ്.

ചേരിചേരാനയത്തിനുപകരം ഭാരതം വിശ്വമിത്രം ആയി മാറിയിരിക്കുകയാണ്. നിരവധി രാഷ്ട്രങ്ങൾ സാമ്പത്തികപ്രതിസന്ധിയിലും സംഘർഷങ്ങളിലുംപെട്ട് തകർച്ചയിലേക്ക് നീങ്ങുമ്പോൾ ഭാരതം അവർക്കെല്ലാം ആത്മവിശ്വാസത്തോടെ സഹായഹസ്തം നീട്ടുകയാണ്. 2022 ഡിസംബർ 1 മുതൽ ജി 20യുടെ ഒരു വർഷത്തേക്കുള്ള അദ്ധ്യക്ഷപദവി ഭാരതത്തിന് ലഭിക്കുകയുണ്ടായി. യുദ്ധവും കാലാവസ്ഥ വ്യതിയാനവും തീവ്രവാദവും പട്ടിണിയും കൊണ്ട് വീർപ്പുമുട്ടുന്ന ലോകം വലിയ പ്രതീക്ഷയോടെയാണ് ജി 20യുടെ അദ്ധ്യക്ഷപദവിയെയും നരേന്ദ്രമോദിയേയും നോക്കിക്കാണുന്നത്. ജി 20 എന്നത് ലോകത്തിലെ 20 മുൻനിര രാഷ്ട്രീയ, സാമ്പത്തിക രാജ്യങ്ങളുടെ കൂട്ടായ്മയാണ്. 85% വരുന്ന മൊത്തം ലോക ജിഡിപിയെയും 75% വരുന്ന അന്താരാഷ്ട്ര വാണിജ്യത്തേയും ഉൾക്കൊള്ളുന്നതാണ്. അമേരിക്കയും ചൈനയും ജപ്പാനും ഫ്രാൻസും ബ്രിട്ടനും ജർമ്മനിയും അടക്കമുള്ള രാജ്യങ്ങളിലെ രാഷ്ട്രനേതാക്കൾ ജി 20യിൽ പങ്കെടുക്കാൻ ദില്ലിയിൽ എത്തുകയുണ്ടായി. ഉച്ചകോടിയുടെ മുന്നോടിയായി നടന്ന വിവിധ യോഗങ്ങൾ ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ വെച്ച് ഇതിനോടകം നടന്നുകഴിഞ്ഞു. കേരളത്തിന്റെ കുമരകവും കൊച്ചിയും ഇതിന് വേദിയാകുകയുണ്ടായി. ഇത് ഭാരതത്തിന്റെ ചരിത്രവും സാംസ്കാരിക പാരമ്പര്യവും ലോകത്തിന് പരിചയപ്പെടുത്താൻ നമുക്ക് കഴിഞ്ഞു. ഇതി ഭാവിയിൽ ടൂറിസംരംഗത്ത് വൻ കുതിച്ചുചാട്ടത്തിന് പര്യാപ്തമാകുമെന്നുറപ്പാണ്. വസുധൈവ കുടുംബകം എന്ന ഭാരതത്തിന്റെ ആപ്തവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഭാരതം മുന്നോട്ടുവെച്ച ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി എന്ന ജി-20യുടെ മുദ്രാവാക്യം ലോകനേതാക്കൾ സഹർഷം സ്വാഗതം ചെയ്തു. പരിസ്ഥിതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മുഖ്യ പ്രമേയങ്ങൾ ജി-20യുടെ അജണ്ടയിൽ കൊണ്ടുവരുന്നത് ആദ്യമായിട്ടായിരുന്നു. ഭാരതത്തിന്റെ നേതൃത്വം കൊണ്ടാണ് ഉച്ചകോടിയിൽ ഒരു സംയുക്ത പ്രഖ്യാപനം കൊണ്ടുവരാൻ കഴിഞ്ഞത്. അമേരിക്കയുടെയും യൂറോപ്യൻ രാജ്യങ്ങളുടെയും ചിന്താഗതികളും ചൈനയുടെയും റഷ്യയുടെയും നയങ്ങളും പരസ്പരം പൊരുത്തപ്പെടാതിരിക്കുമ്പോഴും ഒരു പൊതുപ്രഖ്യാപനം ഉണ്ടാക്കാൻ കഴിഞ്ഞു എന്നത് വലിയൊരു കാര്യമാണ്. ഇന്തോനേഷ്യയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം ബാലിയിൽ നടന്ന ഉച്ചകോടിയിൽ ഉക്രൈൻ യുദ്ധത്തിന്റെ സാഹചര്യത്തിൽ സംയുക്ത പ്രഖ്യാപനം ഉണ്ടായിരുന്നില്ല എന്നതും ഓർക്കേണ്ടതുണ്ട്. പിന്നണിയിൽ നില്ക്കുന്ന രാജ്യങ്ങളുടെ കൂട്ടായ്മയായ ആഫ്രിക്കൻ യൂണിയന്ജി-20യിൽ അംഗത്വം നല്കാനും ഭാരതമാണ് മുൻകൈ എടുത്തത്. ജി-20യുടെ തൊട്ടു മുൻപായി നടന്ന ആസിയാൻ, ബ്രിക്സ് ഉച്ചകോടികളിലും ഭാരതം നിർണ്ണായകസ്ഥാനം വഹിച്ചു. ജി-20 ഉച്ചകോടിയുടെ മുൻപായി ഭാരതത്തിന്റെ ചന്ദ്രയാൻ - 3 ദൗത്യം വിജയിപ്പിക്കാനായതും ഉച്ചകോടിയുടെ മാറ്റുകൂട്ടി. ആരും പ്രതീക്ഷിക്കാതിരുന്ന തരത്തിലാണ് ദിവസങ്ങൾക്കുള്ളിൽ സൗരദൗത്യം തുടങ്ങിക്കൊണ്ട് ആദിത്യ എൽ 1 ഭാരതം വിക്ഷേപിച്ചതും ഭാരതത്തിന്റെ നേട്ടങ്ങൾ മുഴുവൻ മനുഷ്യരാശിക്കും പങ്കുവെയ്ക്കുമെന്ന് ചന്ദ്രയാൻ ദൗത്യസമയത്ത് പ്രധാനമന്ത്രി വ്യക്തമാക്കുകയുണ്ടായി. ചന്ദ്രനിൽ ഉപഗ്രഹം ഇറക്കാൻ കഴിഞ്ഞ നാലാമത്തെ രാജ്യവും ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങാൻ കഴിഞ്ഞ ആദ്യരാജ്യവുമാണ് ഭാരതം. ജി-20 യുടെ വിജയത്തിൽ ലോകനേതാക്കളെല്ലാം നമ്മുടെ രാജ്യത്തെയും പ്രധാനമന്ത്രിയെയും പുകഴ്ത്തുകയുണ്ടായി. കോവിഡ് പടർന്നുപിടിച്ചു പടർന്നപ്പോൾ ആഫ്രിക്കൻ രാജ്യങ്ങൾക്കും മറ്റു അവികസിത രാജ്യങ്ങൾക്കും മരുന്നും പ്രതിരോധ വാക്സിനും നല്കിയത് ഭാരതമാണെന്നും അതിന് ഭാരതത്തോട് എന്നെന്നും കടപ്പെട്ടിരിക്കുന്നു എന്നും ആഫ്രിക്കൻ കൂട്ടായ്മയുടെ തലവൻ ജി-20 ഉച്ചകോടിയിൽ വ്യക്തമാക്കുകയുണ്ടായി.

ഭാരതത്തിന്റെ വിജയത്തിൽ ഭൂരിപക്ഷം ജനങ്ങളും അഭിമാനംകൊള്ളുമ്പോൾ പ്രതിപക്ഷം എല്ലാറ്റിലും കുറ്റം കണ്ടെത്തുന്ന തിരക്കിലാണ്. പുതിയ പാർലിമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനച്ചടങ്ങിലും ജി-20 യുടെ സമാപനത്തോടനുബന്ധിച്ച് രാഷ്ട്രപതി നടത്തിയ വിരുന്നിനുപോലും പങ്കെടുക്കാൻ അവർ വിമുഖത കാണിക്കുകയാണ്. ഭാരതത്തെ താറടിക്കാൻ പ്രവർത്തിക്കുന്ന രാജ്യത്തിനകത്തും പുറത്തുമുള്ള രാജ്യവിരുദ്ധ വിധ്വംസക ശക്തികൾക്ക് ഇന്ധനം നല്കാനാണ് അവർ ശ്രമിക്കുന്നത്. അത്തരം ശക്തികളെ ജനങ്ങൾ തൂത്തെറിയുമെന്ന് പ്രതീക്ഷിക്കാം. ■

# പഠന ശിബിരങ്ങൾ കാര്യകർത്താക്കളിൽ ദിശാബോധം സൃഷ്ടിക്കുന്നതിന്

## സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ




**ബി.എം.എസ് എറണാകുളം ജില്ലാ പഠന ശിബിരം സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു.**

**എറണാകുളം:** ഭാരതീയ മസ്ദൂർ സംഘം എറണാകുളം ജില്ലാ കമ്മിറ്റി പഠന ശിബിരം സംഘടിപ്പിച്ചു. എറണാകുളത്ത് തൊഴിലാളി പഠന പരിശീലന ഗവേഷണ കേന്ദ്രത്തിൽ നടത്തിയ ശിബിരം ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ 16 മേഖലകളിൽ നിന്നുള്ള പ്രധാന കാര്യകർത്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് സെപ്തംബർ 11, 12 തീയതികളിലായാണ് ശിബിരം സംഘടിപ്പിച്ചത്.

തൊഴിൽ മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച വിവിധ വിഷയങ്ങൾ ശിബിരം ചർച്ച ചെയ്തു. വളർന്നു വരുന്ന ട്രേഡ് യൂണിയൻ പ്രവർത്തകർക്കും കാര്യകർത്താക്കൾക്കും ദിശാബോധം സൃഷ്ടിക്കാൻ പഠനശിബിരം സഹായകമാകുമെന്നും, തൊഴിലിടങ്ങളിലും തൊഴിലാളികൾക്കിടയിലും സുരക്ഷിതത്വബോധം ഉറപ്പുവരുത്തുന്നതിനും അതിലൂടെ അവരിൽ ആത്മവിശ്വാസം വളർത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ട പ്രാഥമിക പരിജ്ഞാനം ആർജ്ജിക്കുവാൻ കാര്യകർത്താക്കൾക്ക് ഇത്തരത്തിലുള്ള പഠനശിബിരങ്ങൾ സഹായകമാകുമെന്നും ശിബിരം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ.വിനോദ് കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി. ശിവജി സുദർശൻ, സംസ്ഥാന സംഘടനാ സെക്രട്ടറി കെ. മഹേഷ്, സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ, ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട്, ജില്ലാ ട്രഷറർ കെ.എസ്. ശ്യാംജിത്ത് എന്നിവർ വിവിധ വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകി. 'സാംസ്കാരിക ദേശീയത - ചരിത്രം, വർത്തമാനം, ഭാവി' എന്ന വിഷയത്തിൽ കുരുക്ഷേത്ര പ്രകാശൻ മാനേജിംഗ് ഡയറക്ടർ കാ.ഭാ. സുരേന്ദ്രൻ പ്രഭാഷണം നടത്തി. ബി.എം.എസ്. ജില്ലാ ഭാരവാഹികൾ, മേഖലാ പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജിമാർ തുടങ്ങിയവർ പങ്കെടുത്തു.

# കെ. എസ്. ഇ. ബി. യിലെ അഴിമതികൾ കേന്ദ്രഏജൻസികൾ അന്വേഷിക്കണം

**പാലക്കാട്:** വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിനെതിരെ ദേശീയതലത്തിൽ നടത്തുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി കേരള വൈദ്യുതി മസ്ദൂർസംഘം പാലക്കാട് വൈദ്യുതി ഭവനു മുൻപിൽ ധർണ്ണ നടത്തി.

ഇൻകൽ സോളാർ അഴിമതി ഉൾപ്പെടെ ബോർഡിലെ മുഴുവൻ അഴിമതികളും കേന്ദ്ര ഏജൻസികൾ അന്വേഷിക്കുക, തടഞ്ഞുവച്ചിരിക്കുന്ന ഡി.എ., ലീവ് സറണ്ടർ ഉൾപ്പെടെ മുഴുവൻ ആനുകൂല്യങ്ങളും നല്കുക, ജോലിഭാരം കൂടിവരുന്ന സെക്ഷൻ ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് നികത്താൻ പി.എസ്.സി. വഴി പുതിയ നിയമനങ്ങൾ നടത്തുക, കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തി പാർട്ടി ആഫീസുകളിൽ നിന്നുള്ള പിൻവാതിൽ നിയമനം അവസാനിപ്പിക്കുക, വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണ നടപടികളിൽനിന്ന് കേന്ദ്രസർക്കാരുകൾ പിൻമാറുക, ട്രേഡ് യൂണിയൻ പ്രതിനിധിയെ ഇലക്ട്രിസിറ്റി അപ്പലറ്റ് ട്രൈബ്യൂണനിൽ അംഗമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സമരം നടത്തിയത്. കെ.എസ്.ഇ.ബി. യിലെ സൊസൈറ്റികളും ബന്ധപ്പെട്ട ഏജൻസികളെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് കെ.വി.എം.എസ്. സംസ്ഥാനസെക്രട്ടറി രാജേഷ് എഴുവന്തല ആവശ്യപ്പെട്ടു. പാലക്കാട് വൈദ്യുതി ഭവനു മുൻപിൽ നടന്ന ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ.വി.എം.എസ്. ജില്ലാ അദ്ധ്യക്ഷൻ കെ. സുധാകരൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് എം.ജി. സജിത്, ജില്ലാസെക്രട്ടറി സി. പ്രസാദ്, സി. സഹദേവൻ, പി. രാമദാസ്, പി. വിനോദ്, ബാലസുബ്രഹ്മണ്യൻ കെ. എന്നിവർ സംസാരിച്ചു.

# വൈദ്യുതി ബിൽ: ആശങ്ക പരിഹരിക്കണം

**കണ്ണൂർ:** കേരള വൈദ്യുതി മസ്ദൂർസംഘ് കണ്ണൂർ വൈദ്യുതി ഭവന് മുന്നിൽ നടത്തിയ ധർണ്ണ സംസ്ഥാന വൈസ്പ്രസിഡന്റ് ടി. ഷാനവാസ് ഉദ്ഘാടനം ചെയ്തു. കെ.വി.എം.എസ്. ജില്ലാപ്രസിഡന്റ് അഡ്വ. കെ.പി. സുരേഷ്കുമാർ അദ്ധ്യക്ഷനായി. കെ.വി.എം.എസ്. മഹീന്ദ്രരാജ് മുഖ്യപ്രഭാഷണം നടത്തി.



കണ്ണൂർ വൈദ്യുതി ഭവനു മുന്നിൽ നടത്തിയ ധർണ്ണ സംസ്ഥാന വൈസ് പ്രസിഡന്റ് ടി.ഷാനവാസ് ഉദ്ഘാടനം ചെയ്യുന്നു.

ബി.എം.എസ്. ജില്ലാജോയിന്റ് സെക്രട്ടറി പി.കെ. രാജൻ, എൻ.ജി.ഒ. സംഘ് ജില്ലാസെക്രട്ടറി എം. നാരായണൻ, ഭാരതീയ ടെലികോം എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാ സംഘടനാസെക്രട്ടറി പി. റജിൽകാന്ത്, ബി.പി.ഇ.എഫ്. കണ്ണൂർ ഡിവിഷൻ സെക്രട്ടറി കെ. വിനോദ്കുമാർ, കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ.വി. ഹരീഷ് എന്നിവർ സംസാരിച്ചു. കെ.വി.എം.എസ്. ജില്ലാസെക്രട്ടറി ടി.കെ. അനിൽകുമാർ സ്വാഗതവും കെ. സതീഷ് കുമാർ നന്ദിയും പറഞ്ഞു.

# വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കരുത്

**എറണാകുളം:** എറണാകുളം വൈദ്യുതഭവന് മുന്നിൽ നടത്തിയ ധർണ്ണ ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് സുമേഷ് വലിയനല്ലൂരിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ധർണ്ണയിൽ കെ.വി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽസെക്രട്ടറി പി.പി. സജീവ്കുമാർ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ പി. എസ്. മനോജ്കുമാർ, സംസ്ഥാന ജോയിന്റ് സെക്രട്ടറി രാജേഷ് കുമാർ, ജില്ലാ വർക്കിംഗ് പ്രസിഡന്റ് ഒ.ടി. ബിജു, ജില്ലാട്രഷറർ ശൈലീദാസ് എന്നിവർ സംസാരിച്ചു.

# കർഷക തൊഴിലാളികളോടുള്ള സമീപനം തിരുത്തണം

**വി. രാധാകൃഷ്ണൻ**

**തൃശ്ശൂർ** : രാജ്യത്തെ അടിസ്ഥാന മേഖലയിൽ പണിയെടുക്കുന്ന കർഷക തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണവും ഇ.എസ്.ഐ, പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയ സാമൂഹിക സുരക്ഷാ പദ്ധതികൾ പ്രഖ്യാപിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നും മിനിമം പെൻഷൻ 5000 രൂപയായി വർദ്ധിപ്പിക്കണമെന്നും ബി.എം.എസ്. അഖിലേന്ത്യാ സെക്രട്ടറി വി. രാധാകൃഷ്ണൻ ആവശ്യപ്പെട്ടു. കേരളത്തിൽ നടപ്പിലാക്കിവരുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ച് കുടിശ്ശിക ആനുകൂല്യങ്ങൾ ഉടൻ വിതരണം ചെയ്യണമെന്നും സർക്കാർ നല്കാനുള്ള മാച്ചിംഗ് ഗ്രാന്റ് ക്ഷേമബോർഡിന് കൈമാറണമെന്നും അദ്ദേഹം സർക്കാരിനോട് ആവശ്യപ്പെട്ടു.

കേരളസംസ്ഥാന കർഷക തൊഴിലാളി ഫെഡറേഷൻ (ബി.എം.എസ്.) സംസ്ഥാന പഠനശിബിരം തൃശൂരിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ബി. രാജശേഖരൻ അദ്ധ്യക്ഷത വഹിച്ചു. വിവിധ വിഷയങ്ങളെ സംബന്ധിച്ച് കർഷക തൊഴിലാളി ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.എസ്. മുഹമ്മദ് സിയാദ്, ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി. മുരളീധരൻ, മഹാസംഘ് പ്രസിഡന്റ് കെ.എൻ. മോഹനൻ, തൃശൂർ ജില്ലാസെക്രട്ടറി സേതു തിരുവെങ്കിടം, ഫെഡറേഷൻ ജനറൽ സക്രട്ടറി രവി, ബി. സത്യനാഥ്, ഹരിദാസ് തയ്യിൽ, വി. ഗോവിന്ദൻ തുടങ്ങിയവർ സംസാരിച്ചു.

# അന്താരാഷ്ട്ര വയോജനദിനം ആചരിച്ചു

**തൃശൂർ**: ഒക്ടോബർ 1 അന്താരാഷ്ട്ര വയോജന ദിന ആചരണത്തിന്റെ ഭാഗമായി സീനിയർ സിറ്റിസൺസംഘ് തൃശൂർ ജില്ലാകമ്മിറ്റി സംഘടിപ്പിച്ച സമ്മേളനം ബി.എം.എസ്. സംസ്ഥാന സമിതിയംഗം എ.സി. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് എം. ആർ. രഘുനാഥൻ അദ്ധ്യക്ഷത വഹിച്ചു. പൊതുമരാമത്ത് വകുപ്പിൽ വിരമിച്ച എഞ്ചിനീയർ പി. ആർ. ശിവജിയെ സമ്മേളനം ആദരിക്കുകയുണ്ടായി. ടി.എസ്. അരുൺ സ്വാഗതവും എ. ശിവരാമൻ നന്ദിയും പറഞ്ഞു.




**പൊതുമരാമത്ത് വകുപ്പിൽ നിന്നും വിരമിച്ച എഞ്ചിനീയർ പി.ആർ. ശിവജിയെ ആദരിക്കുന്നു.**

# ജൽ ജീവൻ മിഷൻ കേരളത്തിൽ താളംതെറ്റാൻ കാരണം ആസൂത്രണത്തിലെ പിഴവ് - കെ.കെ. വിജയകുമാർ




**കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് സംഘ് സംസ്ഥാനസമ്മേളനം ബി.എം.എസ്. ദേശീയനിർവാഹക സമിതിയംഗം കെ.കെ. വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

**കൊച്ചി:** കോടിക്കണക്കിന് രൂപയുടെ കേന്ദ്രഫണ്ട് ലഭിച്ചിട്ടും ജൽജീവൻ മിഷൻ താളംതെറ്റാൻ കാരണം ആസൂത്രണത്തിലെ പിഴവാണെന്ന് ബി.എം.എസ്. ദേശീയസമിതിയംഗം കെ.കെ. വിജയകുമാർ അഭിപ്രായപ്പെട്ടു. അടിയന്തിരമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നേരിട്ട് ഇടപെട്ട് പദ്ധതി നടപ്പാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കേരളവാട്ടർ അതോറിറ്റി എംപ്ലോയീസ് സംഘ് സംസ്ഥാനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു.

2019-ൽ ഭാരതത്തിലാകമാനം തുടക്കം കുറിച്ച പദ്ധതി ഏറെ വൈകിയാണ് സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയത്. കേന്ദ്ര ജൽജീവൻ മിഷന്റെ കണക്കുകൾ പ്രകാരം പദ്ധതി നടത്തിപ്പിൽ 26-മത് സ്ഥാനത്താണ് കേരളം. അഞ്ചുവർഷംകൊണ്ട് 50 ലക്ഷം പുതിയ പൈപ്പു കണക്ഷനുകൾ നല്കി 70 ലക്ഷം വീടുകളിൽ കുടിവെള്ളം എത്തിക്കുകയായിരുന്നു ലക്ഷ്യം. ഇതിനകം 35 ലക്ഷം വീടുകളിൽ പൈപ്പ് കണക്ഷനുകൾ എത്തിയെങ്കിലും കുടിവെള്ള സ്രോതസ്സുകൾ മെച്ചപ്പെടുത്താതെ പുതിയ കണക്ഷനുകൾ നല്കിയതിനാൽ കുടിവെള്ളക്ഷാമത്തിൽ ജനരോഷം ഉയരുകയാണ്. ഓരോ ദിവസവും ആയിരക്കണക്കിന് പേർ കണക്ഷൻ ഉപേക്ഷിക്കുന്ന അവസ്ഥയാണ്. പദ്ധതി നടത്തിപ്പിലേക്കായി നിയമിച്ച താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ആക്ഷേപം ഉയർന്നതായും ഇതിനുവേണ്ടി മാത്രം കോടിക്കണക്കിന് രൂപ ചെലവഴിച്ചതായും കെ.കെ. വിജയകുമാർ പറഞ്ഞു.

ജല അതോറിറ്റിയെ സർക്കാർ വകുപ്പാക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, ഡി.എ. കുടിശ്ശിക അനുവദിക്കുക, കൂടുതൽ തസ്തികകൾ സൃഷ്ടിക്കുക, പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുക, പമ്പ് ഹൗസുകളിലെ ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക, സ്ഥാനക്കയറ്റം നടപ്പാക്കുക, ലീവ് സറണ്ടർ പണമായി നല്കുക തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം ഉന്നയിച്ചു. സ്വാഗതസംഘം ചെയർമാൻ സി. നാരായണൻ അദ്ധ്യക്ഷത വഹിച്ചു.

എൻ.ജി.ഒ. സംഘ് സംസ്ഥാന ജനറൽസെക്രട്ടറി എ. പ്രകാശ് മുഖ്യപ്രഭാഷണം നടത്തി. കെ.ജി.ഒ. സംഘ് സംസ്ഥാനസമിതിയംഗം പി.ആർ. സുനിൽകുമാർ, പി.കെ. മധുസൂദനൻ, പി. പ്രദീപ്, വി.ടി. രാജീവ്, മണികണ്ഠൻ എന്നിവർ സംസാരിച്ചു. സമാപനസമ്മേളനം ബി.എം.എസ്. സംഘടനാസെക്രട്ടറി കെ. മഹേഷ് ഉദ്ഘാടനം ചെയ്തു.

ഭാരവാഹികളായി എം.പി. ചന്ദ്രശേഖരൻ (പ്രസിഡന്റ്), വി.ടി. രാജീവ് (വർക്കിങ് പ്രസിഡന്റ്), സി. നാരായണൻ, കെ.പി. മധുസൂദനൻ, ആർ. സജി (വൈസ്പ്രസിഡന്റുമാർ), പി. പ്രദീപ് (ജനറൽ സെക്രട്ടറി), വി.കെ. രജികുമാർ, അനിൽകുമാർ കുനിയിൽ, ടി.ജി. നാനാജി (സെക്രട്ടറിമാർ), എൻ. ഹരിനാരായണൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം

## കെ. ഫോണും കെ. റെയിലും അഴിമതിക്കാർക്കുവേണ്ടി

### സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ

**എറണാകുളം:** സംസ്ഥാനത്തെ ബഹുഭൂരിഭാഗം വരുന്ന സാധാരണക്കാരായ ജനങ്ങളുടെ ജീവിതപ്രയാസങ്ങളും കഷ്ടതകളും പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് പ്രാമുഖ്യം നല്കാൻ തയ്യാറാകണമെന്ന് ബി.എം.എസ്. സംസ്ഥാനപ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെട്ടു. കെ. ഫോണും കെ. റെയിലുമെല്ലാം ഏതാനും ചിലർക്ക് അഴിമതി നടത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

എറണാകുളം തൊഴിലാളി പഠനപരിശീലനകേന്ദ്രത്തിൽ ചേർന്ന ഭാരതീയ മസ്ദൂർസംഘത്തിന്റെ സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഗാന്ധിജയന്തി ദിനത്തിൽ ചേർന്ന പ്രവർത്തക സമിതിയിൽ "വിജയം നേടുന്നതിലൂടെ കൈവരിക്കുന്നതല്ല, മറിച്ച് നാം നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ അതിജീവിക്കുമ്പോൾ കൈവരിക്കുന്ന ശക്തിയാണ് യഥാർത്ഥ ശക്തി" എന്ന മഹാത്മാഗാന്ധിയുടെ വരികൾ അദ്ദേഹം ഓർമ്മിപ്പിക്കുകയുണ്ടായി.

ഈയിടെ അന്തരിച്ച ബി.എം.എസ്സിന്റെ മുതിർന്ന നേതാവ് ടി.വി. ശങ്കരനാരായണൻ, ബി.ജെ.പി. നേതാവ് പി.പി. മുകുന്ദൻ മുൻ കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രമുഖ കൃഷിശാസ്ത്രജ്ഞൻ ഡോ. എം.എസ്. സ്വാമിനാഥൻ എന്നിവരെ പ്രത്യേകം അനുസ്മരിച്ചുകൊണ്ട് ബി.എം.എസ്. ദേശീയ നിർവ്വാഹകസമിതിയംഗം കെ.കെ. വിജയകുമാർ സംസാരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത് പ്രവർത്തനറിപ്പോർട്ടും ട്രഷറർ സി. ബാലചന്ദ്രൻ വരവ്-ചെലവ് കണക്കുകളും അവതരിപ്പിച്ചു.

സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിലെ പ്രശ്നങ്ങൾ യോഗം പ്രത്യേകം ചർച്ച ചെയ്യുകയുണ്ടായി. എം.പി. രാജീവൻ, (സർവ്വീസ് മേഖല) കെ.കെ. വിജയകുമാർ (പൊതുമേഖല), ബി. ശിവജി സുദർശൻ (അസംഘടിത മേഖല) എന്നിവർ വിഷയം അവതരിപ്പിച്ചുകൊണ്ട് ചർച്ചയ്ക്ക് നേതൃത്വം നല്കി.

2024 ഫെബ്രുവരി 9, 10, 11 തിയ്യതികളിൽ പാലക്കാട് നടക്കുന്ന ബി.എം.എസ്. സംസ്ഥാനസമ്മേളനം വിജയിപ്പിക്കുന്നതിനുവേണ്ടി എല്ലാ അംഗങ്ങളും ഒരു ദിവസത്തെ വേതനം നല്കുന്നതിനും യോഗം തീരുമാനിച്ചു. സംഘടനാ സെക്രട്ടറി കെ. മഹേഷ് സമാപന പ്രസംഗം നടത്തി. എറണാകുളം ജില്ലാസെക്രട്ടറി ധനീഷ് നീറിക്കോട് സ്വാഗതവും സോണി സത്യൻ നന്ദിയും പറഞ്ഞു.



**ഭാരതീയ മസ്ദൂർസംഘത്തിന്റെ സംസ്ഥാന പ്രവർത്തകസമിതി യോഗം സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു**

# പ്രതിഷേധസമരങ്ങളെ സർക്കാർ ഭയക്കുന്നു

**എം.പി. രാജീവൻ**

**പാലക്കാട്:** സംസ്ഥാന സർക്കാരിന്റെ ജനദ്രോഹ നടപടികൾക്കെതിരെയും അഴിമതിക്കെതിരെയും ഉയർന്നുവരുന്ന പ്രതിഷേധങ്ങളെ സർക്കാർ ഭയക്കുന്നതായി ബി.എം.എസ്. ദേശീയസമിതിയംഗം എം.പി. രാജീവൻ അഭിപ്രായപ്പെട്ടു. ഭരണകൂടത്തിന്റെ തെറ്റായ നയങ്ങൾക്കെതരെ ജനാധിപത്യ രീതിയിൽ പ്രതിഷേധിക്കാനും പ്രതികരിക്കുവാനുമുള്ള മൗലിക അവകാശങ്ങൾക്കെതിരായുള്ള നീക്കമാണ് പ്രതിഷേധസമരങ്ങൾക്ക് ഭീമമായ ഫീസ് ഏർപ്പെടുത്തിയ നടപടി എന്നും അദ്ദേഹം പറഞ്ഞു. ഒക്ടോബർ 7, 8 തിയ്യതികളിൽ കൊല്ലങ്കോട് വെച്ച് നടക്കുന്ന ബി.എം.എസ്. ജില്ലാസമ്മേളനത്തിന്റെ ഭാഗമായുള്ള ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ വൈസ്പ്രസിഡന്റ് പി.കെ. രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാനസംഘടനാ സെക്രട്ടറി കെ. മഹേഷ്, സംസ്ഥാനസെക്രട്ടറി അഡ്വ. പി. മുരളീധരൻ, സംസ്ഥാന ട്രഷറർ സി. ബാലചന്ദ്രൻ, ആർ.എസ്.എസ്. ജില്ലാ സഹസംഘചാലക് കെ.പി. രാജേന്ദ്രൻ, ജില്ലാസെക്രട്ടറി വി. രാജേഷ് എന്നിവർ പ്രസംഗിച്ചു. ആർ. സുരേഷ് സ്വാഗതവും ഹരിദാസ് നന്ദിയും പറഞ്ഞു.

# ജ്യോതിഷ വിചാരസംഘം ജില്ലാസമ്മേളനം

**ആലപ്പുഴ:** ഭാരതീയ ജ്യോതിഷ വിചാരസംഘം ആലപ്പുഴ ജില്ലാ വാർഷിക സമ്മേളനം ചേപ്പാട് രാമപുരം താമരശ്ശേരി കൺവെൻഷൻ സെന്ററിൽവച്ച് നടന്നു. സംസ്ഥാന രക്ഷാധികാരി ഡോ. തൃക്കുന്നപ്പുഴ ഉദയകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് വി.സി. റാംമോഹൻ അദ്ധ്യക്ഷത വഹിച്ചു.

ബി.എം.എസ്. ജില്ലാപ്രസിഡന്റ് ബി. രാജശേഖരൻ, ബി.ജെ.വി.എസ്. സംസ്ഥാന ജനറൽസെക്രട്ടറി ശ്രീകുമാർ പെരിനാട്, സംസ്ഥാന വൈസ് പ്രസിഡന്റ് ഭാർഗവൻപിള്ള, ജില്ലാ വർക്കിങ് പ്രസിഡന്റ് ആർ.എസ്. കുമാർ, ജില്ലാ സെക്രട്ടറി ശ്രീ ചക്രനിലയം കെ. ബ്രഹ്മദത്തൻ, ജോയിന്റ് സെക്രട്ടറി എസ്. ഹരികുമാർ, വെങ്കിടേശ്വരനായിക്കൻ എന്നിവർ പ്രസംഗിച്ചു. ജില്ലയിൽ പത്തുവർഷമായി പ്രാക്ടീസ് ചെയ്യുന്ന അംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു.

ജ്യോതിഷം അതിന്ദ്രീയ വിജ്ഞാനം എന്ന വിഷയത്തിൽ കെ. ചന്ദ്രഹരി പ്രഭാഷണം നടത്തി. ഓണാഘോഷവും കലാപരിപാടികളും സംസ്ഥാന ജനറൽസെക്രട്ടറി ശ്രീകുമാർ പെരിനാട് ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാ വൈസ്പ്രസിഡന്റ് ഗോപകുമാർ ഭാരവാഹികളെ പ്രഖ്യാപിച്ചു. വി.സി. റാം മോഹൻ, വിനോദ്.പി.പി. ബുധനൂർ (രക്ഷാധികാരികൾ); എസ്.ആർ. കുമാർ (ജില്ലാ പ്രസിഡന്റ്); എസ്. വെങ്കിടേശ്വരനായിക്കൻ (ജില്ലാവൈസ്പ്രസിഡന്റ്); ശ്രീചക്രനിലയം കെ. ബ്രഹ്മദത്തൻ (ജില്ലാസെക്രട്ടറി); ഹരികുമാർ എസ്. (ജില്ലാ ജോയിന്റ് സെക്രട്ടറി); പല്ലന (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.



**ഭാരതീയ ജ്യോതിഷ വിചാര സംഘം ആലപ്പുഴ ജില്ലാ വാർഷിക സമ്മേളനം സംസ്ഥാന രക്ഷാധികാരി ഡോ. തൃക്കുന്നപ്പുഴ ഉദയകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

# യാത്രാസൗകര്യം ഉറപ്പുവരുത്തണം

**ഗുരുവായൂർ:** ട്രെയിനിൽ ഗുരുവായൂരിലെത്തുന്ന യാത്രക്കാരുടെ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ റെയിൽവേക്കും തീർത്ഥാടകരുടെ യാത്രയും മറ്റു സൗകര്യങ്ങളും ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം ഗുരുവായൂർ നഗരസഭയ്ക്കും ഉണ്ടെന്ന് ബി.എം.എസ്. തൃശൂർ ജില്ലാസെക്രട്ടറി സേതു തിരുവെങ്കിടം അഭിപ്രായപ്പെട്ടു. ഗുരുവായൂരിലെ റെയിൽവേ റോഡ് സഞ്ചാരയോഗ്യമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് മോട്ടോർ തൊഴിലാളികൾ റെയിൽവേ സ്റ്റേഷനിലേയ്ക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓട്ടോറിക്ഷ മസ്ദൂർസംഘം ജില്ലാസെക്രട്ടറി ബിജു കാവിലക്കാട്, വി.കെ. സുരേഷ്ബാബു, സൂരജ് കോട്ടപ്പടി, കെ.ടി. മുഹമ്മദ് യൂനുസ് തുടങ്ങിയവർ സംസാരിച്ചു. ഗുരുവായൂർ ബസ് സ്റ്റാൻഡ് പരിസരത്തുനിന്ന് തുടങ്ങിയ പ്രകടനത്തിന് വിജീഷ്, സനൽ കെ., ബിജു കെ.എ. എന്നിവർ നേതൃത്വം നല്കി.

# തയ്യൽ മെഷീൻ വിതരണം ചെയ്തു

**ഇരിങ്ങാലക്കുട:** തൃശൂർ ജില്ലാ തയ്യൽ തൊഴിലാളി സംഘം നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷന്റെ സഹകരണത്തോടെ തയ്യൽ മെഷീനുകൾ വിതരണം ചെയ്തു. കാട്ടൂർ യൂണിറ്റിൽ നടന്ന ചടങ്ങിൽ മേഖലാ ട്രഷറർ സുധീഷ് അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. തൃശൂർ ജില്ലാസെക്രട്ടറി സേതു തിരുവെങ്കിടം വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.ബി. ജയശങ്കർ, ഹരീഷ് ശിവരാമൻ, നിശാന്ത് ഊരക്കാട്, കൃഷ്ണകുമാർ എന്നിവർ സംബന്ധിച്ചു.

# കണ്ണോത്ത്മല വാഹനാപകടം: സർക്കാർ തീരുമാനം സ്വാഗതാർഹം

**കൊച്ചി:** വയനാട് കണ്ണോത്ത് മലയിൽ, തലപ്പുഴയ്ക്ക് സമീപം ഉണ്ടായ ജീപ്പ് അപകടത്തിൽ മരണപ്പെട്ട ഒൻപത് സ്ത്രീതൊഴിലാളികളുടെ കുടുംബങ്ങൾക്ക് അർഹമായ സാമ്പത്തികസഹായം അനുവദിച്ച സംസ്ഥാന സർക്കാരിനെ ബി.എം.എസ്. സംസ്ഥാനകമ്മിറ്റി അഭിനന്ദിച്ചു. കുടുംബങ്ങൾക്ക് അർഹമായ സാമ്പത്തികസഹായം പ്രഖ്യാപിക്കണമെന്ന ബി.എം.എസ്. സംസ്ഥാനകമ്മിറ്റിയുടെ ആവശ്യത്തെ അനുഭാവപൂർവ്വം പരിഗണിച്ച് ഓരോ കുടംബത്തിനും 10 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടൊപ്പം അപകടത്തിൽ ഗുരുതര പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് മൂന്നുലക്ഷം രൂപവീതം നല്കാനുള്ള തീരുമാനത്തെയും ബി.എം.എസ്. സ്വാഗതം ചെയ്തു.

# സീനിയർ സിറ്റിസൺ സംഘ് പ്രക്ഷോഭം നടത്തും

**തൃശൂർ:** വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ദേശീയതലത്തിൽ പ്രക്ഷോഭപ്രചരണപരിപാടികൾ സംഘടിപ്പിക്കുമെന്ന് വരിഷ്ഠ നാഗരിക് പരിസംഘ് തീരുമാനിച്ചിരിക്കുന്നതായി സീനിയർ സിറ്റിസൺസംഘ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.വി. അച്യുതൻ അറിയിച്ചു. മിനിമം പെൻഷൻ അയ്യായിരം രൂപയായി വർദ്ധിപ്പിക്കുക, കേന്ദ്രസർക്കാർ ആവിഷ്കരിച്ച ആയുഷ്മാൻ ഭാരത് പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ വയോജനങ്ങളെയും ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം അതാത് ജില്ലാകളക്ടർമാർ മുഖേന കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിക്കും.

എറണാകുളം ബി.എം.എസ്. സംസ്ഥാന കാര്യാലയത്തിൽ ചേർന്ന യോഗം ബി.എം.എസ്. സംസ്ഥാന സംഘടനാ സെക്രട്ടറി കെ. മഹേഷ് ഉദ്ഘാടനം ചെയ്തു. സീനിയർ സിറ്റിസൺ സംഘ് സംസ്ഥാന പ്രസിഡന്റ് എ.എൻ. പങ്കജാക്ഷൻ അദ്ധ്യക്ഷത വഹിച്ചു. കെ. രാധാകൃഷ്ണൻ, കെ.വി. അച്യുതൻ, ടി.ആർ. മോഹനൻ, കെ. ജോതിഷ് കുമാർ എന്നിവർ സംസാരിച്ചു.

# വിശ്വകർമ്മദിനം: പൊതു അവധി പ്രഖ്യാപിക്കണം

**സപ്തംബർ 17 വിശ്വകർമ്മ ജയന്തി ദേശീയ തൊഴിലാളി ദിനാഘോഷം**

**സനാതന ധർമ്മസംരക്ഷണ ആഹ്വാനവുമായി തൊഴിലാളി പ്രകടനങ്ങൾ, പൊതു സമ്മേളനങ്ങൾ**

**മങ്കട:** വിശ്വകർമ്മജയന്തി ദേശീയ തൊഴിലാളി ദിനത്തിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച, പ്രധാനമന്ത്രി വിശ്വകർമ്മ യോജന പദ്ധതി ചരിത്രപരവും സനാതന ധർമ്മമൂല്യത്തെ ഉയർത്തുന്നതുമാണെന്ന് ബി.എം.എസ്. ദേശീയ സെക്രട്ടറി വി. രാധാകൃഷ്ണൻ പറഞ്ഞു. മങ്കട മേഖല കറുപ്പത്താലിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മേഖല പ്രസിഡന്റ് ഉണ്ണികൃഷ്ണൻ (മാനു) അധ്യക്ഷത വഹിച്ചു. മേഖല സെക്രട്ടറി വിശ്വനാഥൻ, സജു, കണക്കറായി തുടങ്ങിയവർ സംസാരിച്ചു.




**കൊണ്ടോട്ടി:** ബി.എം.എസ്. കൊണ്ടോട്ടി മേഖല സമിതിയുടെ ആഭിമുഖ്യത്തിൽ ഐക്കരപ്പടി അങ്ങാടിയിൽ പ്രകടനവും തൊഴിലാളി സംഗമവും നടന്നു. ബി.എം.എസ്. മേഖലാ പ്രസിഡന്റ് സി. ഹരിദാസൻ, മേഖലാ സെക്രട്ടറി ഒ. ശ്രീനിവാസൻ, വി. സുബ്രഹ്മണ്യൻ, എം. രാധാകൃഷ്ണൻ, കെ.പി. നമ്പി, ഇ.പി. കൃഷ്ണൻ, പി.പി. കൃഷ്ണൻ, കെ.പി. മഞ്ജുള എന്നിവർ നേതൃത്വം നൽകി. തൊഴിലാളി സംഗമം ബി.എം.എസ്. ജില്ലാ വൈസ് പ്രസിഡന്റ് എൻ.വി. രാജേഷ് ഉദ്ഘാടനം ചെയ്തു. സി. ഹരിദാസൻ, ഒ. ശ്രീനിവാസൻ, കെ. മനോജ്, പി. രഞ്ജിത്ത് എന്നിവർ സംസാരിച്ചു.

**കണ്ണൂർ:** കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ പഴയങ്ങാടിയിൽ പ്രകടനവും പൊതുസമ്മേളനവും നടന്നു. താലൂക്ക് ആശുപത്രി പരിസരത്തുനിന്നും ആരംഭിച്ച പ്രകടനം ബസ് സ്റ്റാൻഡ് പരിസരത്ത് സമാപിച്ചു

പൊതുസമ്മേളനം ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി കെ.പി. ജ്യോതിർ മനോജ് ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. മേഖല പ്രസിഡന്റ് യു. നാണു അധ്യക്ഷത വഹിച്ചു. എൻജിഒ സംഘ് ജില്ലാ സെക്രട്ടറി എം. നാരായണൻ, എ. ദയാറാണി, പി.കെ. രാജൻ, ബി.പി. രാജീവൻ എന്നിവർ പ്രസംഗിച്ചു.

**കൊല്ലം:** ഭാരതീയ മസ്ദൂർ സംഘത്തിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലാളി ദിനവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പ്രകടനവും പൊതു സമ്മേളനവും നടന്നു.

തൃക്കടവൂരിൽ നിന്നും ആരംഭിച്ച പ്രകടനം അഞ്ചാലുംമൂട് പഞ്ചായത്ത് മൈതാനിയിൽ സമാപിച്ചു. പൊതുസമ്മേളനം സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി. ശിവജി സുദർശൻ ഉദ്ഘാടനം ചെയ്തു. രാഷ്ട്രീയ സ്വയംസേവക സംഘ് പ്രചാർ പ്രമുഖും ജന്മഭൂമി മാനേജരുമായ സി.കെ. ചന്ദ്രബാബു മുഖ്യ പ്രഭാഷണം നടത്തി. കെ. ശിവരാജൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സനിൽകുമാർ, ഡി.എസ്. ഉണ്ണി, പി. ജയപ്രകാശ്, സജീവ്, ശ്രീമതി ദിവ്യ, സിന്ധു, രാജീവ്, സന്തോഷ് കുമാർ എന്നിവർ സംസാരിച്ചു. പ്രകടനത്തിന് അഴകേശൻ, പ്രസാദ്, എം. മണി, ഗിരീന്ദ്രലാൽ, രാജേഷ്, ഷിനുകുമാർ, അനിൽകുമാർ, സുന്ദരൻ, പ്രകാശ് എന്നിവർ നേതൃത്വം നൽകി.

**ആലപ്പുഴ:** ആലപ്പുഴ മേഖലകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൈചൂണ്ടി ജംഗ്ഷനു സമീപം നടന്ന പൊതു സമ്മേളനം ബി.എം.എസ്. സംസ്ഥാന സെക്രട്ടറി സി.



ജി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. പി.ബി. പുരുഷോത്തമൻ അധ്യക്ഷത വഹിച്ചു. ബിനീഷ് ബോയ്, മേഖലാ സെക്രട്ടറി ഷിബു, വി.കെ. ശിവദാസ്, അനീഷ് മാരാരിക്കുളം എന്നിവർ സംസാരിച്ചു.

**റാന്നി:** റാന്നി മേഖല കമ്മറ്റിയുടെ നേതൃത്വത്തിൽ വിശ്വകർമ്മജയന്തി ദേശീയ തൊഴിലാളി ദിനമായി ആഘോഷിച്ചു. മേഖല പ്രസിഡന്റ് രഞ്ചിത് പി.ജി. അധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ. ചന്ദ്രലത ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാ സമിതിയംഗം എം.കെ. അരവിന്ദൻ വിശ്വകർമ്മ ദിന സന്ദേശം നല്കി. മേഖല സെക്രട്ടറി ഇ.ആർ. ബിജു സ്വാഗതം പറഞ്ഞു. വൈസ് പ്രസിഡന്റ് ഡി. ചന്ദ്രബോസ്, വി.ജി. ജയപ്രസാദ് പ്രസാദ് മന്ദിരം എന്നിവർ പ്രസംഗിച്ചു.




**കുട്ടനാട്:** കുട്ടനാട് ഈസ്റ്റ് മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ സെപ്തംബർ 17 വിശ്വകർമ്മജയന്തി ദേശീയ തൊഴിലാളി ദിനം ആചരിച്ചു. ബി.എം.എസ്. സംസ്ഥാന സമിതി അംഗം കെ. സദാശിവൻപിള്ള ഉദ്ഘാടനം ചെയ്തു. സെപ്തംബർ 17 വിശ്വകർമ്മജയന്തി ദേശീയ തൊഴിലാളി ദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മേഖല പ്രസിഡന്റ് എസ്. സുനീഷ് അധ്യക്ഷത വഹിച്ചു. മേഖല സെക്രട്ടറി പി.എം. ബിജു, സ്വാഗതം പറഞ്ഞു. ബി.എം.എസ്. ജില്ലാ പ്രസിഡന്റ് ബി. രാജശേഖരൻ, ജെ. മനോജ്, കെ. കൃഷ്ണൻകുട്ടി, അനീഷ് കുമ്മാളി എന്നിവർ സംസാരിച്ചു.

**ചാരുംമൂട്:** മാവേലിക്കര മേഖലാ കമ്മറ്റിയുടെ നേതൃത്വത്തിൽ നൂറനാട് പടനിലം ക്ഷേത്ര ജംഗ്ഷനിൽ നടത്തിയ പൊതുസമ്മേളനത്തിലും പ്രകടനത്തിലും നൂറുകണക്കിന് പ്രവർത്തകർ പങ്കെടുത്തു. പൊതുയോഗം മേഖലാ വൈസ് പ്രസിഡന്റ് എസ്. ജയന്റെ അധ്യക്ഷതയിൽ ബി.എം.എസ്. ജില്ലാ ജോ. സെക്രട്ടറി ജി.എം. അരുൺകുമാർ ഉദ്ഘാടനം ചെയ്തു. മാവേലിക്കര മേഖലാ സെക്രട്ടറി എസ്. സജി സ്വാഗതം പറഞ്ഞു. ജില്ലാ ജോ. സെക്രട്ടറി ടി.സി. സുനിൽകുമാർ, ഖജാൻജി ശുഭാനായർ, കെ.വി. ശശികുമാർ, ആർ. രാഗേഷ് തുടങ്ങിയവർ സംസാരിച്ചു.



**എറണാകുളം:** ഭാരതീയ മസ്ദൂർ സംഘം വെസ്റ്റ് സോണൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ദേശീയ തൊഴിലാളി ദിനാഘോഷം സംഘടിപ്പിച്ചു. എറണാകുളം മാധവ ഫാർമസി ജംഗ്ഷനിൽനിന്നും ഹൈക്കോടതി ജംഗ്ഷനിലേ

ക്ക് നടത്തിയ പ്രകടനത്തിൽ നൂറ് കണക്കിന് തൊഴിലാളികൾ പങ്കെടുത്തു. ഹൈക്കോടതി ജംഗ്ഷനിൽ നടന്ന പൊതുസമ്മേളനം ബി.എം.എസ്. ജില്ലാ ജോ. സെക്രട്ടറി എച്ച്. വിനോദ് ഉദ്ഘാടനം ചെയ്തു. വെസ്റ്റ് സോണൽ ഇൻചാർജും ജില്ലാ ജോ. സെക്രട്ടറിയുമായ എം.എൽ. ശെൽവൻ അധ്യക്ഷത വഹിച്ചു. ജില്ലാ ഉപാധ്യക്ഷൻ ഇ.ജി. ജയപ്രകാശ്, ജില്ലാ ജോ. സെക്രട്ടറി പി.വി. റെജിമോൻ, കൊച്ചി മേഖലാ പ്രസിഡന്റ് എസ്. സജികുമാർ, മേഖലാ സെക്രട്ടറി കെ.എം. ധനീഷ്, വൈപ്പിൻ മേഖലാ പ്രസിഡന്റ് ഐ.എസ്. സനൽരാജു, മേഖല സെക്രട്ടറി പി.എസ്. വിഷ്ണു, എറണാകുളം മേഖലാ പ്രസിഡന്റ് എൽ. ഗോപാലകൃഷ്ണ കമ്മത്ത്, ഇടപ്പള്ളി മേഖലാ സെക്രട്ടറി വി.എ. മഹേഷ് എന്നിവർ പ്രസംഗിച്ചു.




**കൊഴിഞ്ഞാമ്പാറ:** സംസ്ഥാനം ഭരിക്കുന്ന ഇടതുപക്ഷ സർക്കാർ കാർഷിക മേഖലയുടെ നട്ടെല്ലൊടിക്കുകയാണ്. നെല്ല് കർഷകരുടെ 7 മാസമായി സംഭരിച്ച നെല്ലിന്റെ വില നൽകാതെ കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നു. സമസ്ത മേഖലയും തകർന്നു കിടക്കുകയാണെന്നും ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി പി.ജി. ശശിധരൻ പറഞ്ഞു. വിശ്വകർമ്മ ജയന്തി ദേശീയ തൊഴിലാളി ദിനത്തോടനുബന്ധിച്ചു കൊഴിഞ്ഞാമ്പാറ മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊഴിഞ്ഞാമ്പാറ ബസ്റ്റാന്റ് പരിസരത്ത് നടത്തിയ പ്രകടനവും പൊതുയോഗവും ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ ജോയിന്റ് സെക്രട്ടറി എൻ. സുബ്രഹ്മണ്യൻ, കെ.കെ. സേതുമാധവൻ എന്നിവർ പ്രസംഗിച്ചു. മേഖല പ്രസിഡന്റ് എ. മോഹൻദാസ് അധ്യക്ഷനായി.





**ചാലക്കുടി:** ചാലക്കുടി സൗത്ത് ജംഗ്ഷനിൽ നടന്ന പൊതുസമ്മേളനം ബി.എം.എസ്. സംസ്ഥാന സമിതി അംഗം എ.സി. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ സനാതന ധർമ്മത്തിൽ അധിഷ്ഠിതമായ ഭാരതീയ സംസ്കാരത്തിന്റെ മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മേഖല പ്രസിഡന്റ് സന്ദീപ് പി.എസ്. അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ ഉപാധ്യക്ഷൻ എം.എസ്. സുനിൽ, മേഖലാ സെക്രട്ടറി




സി.ആർ. ജിനു എന്നിവർ സംസാരിച്ചു. മേഖല ഭാരവാഹികളായ കെ.കെ. വാസു സ്വാഗതവും കെ.എസ്. സതീഷ് നന്ദിയും രേഖപ്പെടുത്തി.

**ഗുരുവായൂർ:** മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 17 വിശ്വകർമ്മജയന്തി ദേശീയ തൊഴിലാളി ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി പൊതുസമ്മേളനം ബി.എം.എസ്. തൃശൂർ ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം ഉദ്ഘാടനം ചെയ്തു.



ഗുരുവായൂർ മേഖല പ്രസിഡന്റ് വി.കെ. സുരേഷ് ബാബു അധ്യക്ഷത വഹിച്ചു. മേഖല സെക്രട്ടറി പി.കെ. അറുമുഖൻ, കെ.വി. ശ്രീനിവാസൻ, കെ.എ. ജയതിലകൻ, ഇ.വി. സുനിൽകുമാർ, സുഭാഷ് മണ്ണാരത്ത്, സൂരജ് കോട്ടപ്പടി, സന്തോഷ് വെള്ളറക്കാട് എന്നിവർ പ്രസംഗിച്ചു. ഗുരുവായൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്നും ആരംഭിച്ച പ്രകടനത്തിന് കെ.എ. ബിജു, സനൽ എം.വി., വിജീഷ്, ഭരതൻ എന്നിവർ നേതൃത്വം നൽകി.

**ഒറ്റപ്പാലം:** പൊതുമേഖലാ സ്ഥാപനങ്ങളിൽപോലും ജോലിസമയം 12 മണിക്കൂറാക്കിയും വേതനം കൃത്യമായി നൽകാതെയും കരാർ നിയമനങ്ങളിലൂടെ തൊഴിൽ സുരക്ഷിതത്വം ഇല്ലാതാക്കിയും സംസ്ഥാനസർക്കാർ തൊഴിൽ ചൂഷണങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണെന്ന് കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന സെക്രട്ടറി കെ. രാജേഷ് പറഞ്ഞു. വിശ്വകർമ്മജയന്തി ദേശീയ തൊഴിലാളി ദിനത്തിന്റെ ഭാഗമായി ബി.എം.എസ്. ഒറ്റപ്പാലം മേഖലാകമ്മിറ്റി സംഘടിപ്പിച്ച തൊഴിലാളിസംഗമം ലക്കിടിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മേഖലാപ്രസിഡന്റ് ഇ. പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ചു. എസ്. ദുർഗ്ഗാദാസ്. പി. സത്യരാജ്, ടി. നാരായണൻ, ടി. സുന്ദരൻ, ഇ. മാധവി, പി. വിജയൻ എന്നിവർ സംസാരിച്ചു.

**ഇടുക്കി:** അടിമാലി മേഖലാസമ്മേളനവും വിശ്വകർമ്മജയന്തി ദേശീയതൊഴിലാളി ദിനവും നടന്നു. ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ ഉദ്ഘാടനം ചെയ്തു. ഇടുക്കി ജില്ലാപ്രസിഡന്റ് കെ. ജയൻ, വൈസ്പ്രസിഡന്റ്മാരായ വി.എൻ. രവീന്ദ്രൻ, എൻ.ബി. ശശിധരൻ, എം.പി. റെജികുമാർ എന്നിവർ സംസാരിച്ചു.

**പെരുമ്പാവൂർ:** എറണാകുളം ഈസ്റ്റ് സോൺ കമ്മിറ്റിയുടെ






നേതൃത്വത്തിൽ പെരുമ്പാവൂർ കുറുപ്പംപടിയിൽ പ്രകടനവും പൊതുസമ്മേളനവും നടന്നു. ബി.എം.എസ്. എറണാകുളം ജില്ലാസെക്രട്ടറി ധനീഷ് നീറിക്കോട് ഉദ്ഘാടനം ചെയ്തു. വിശ്വകർമ്മജയന്തി ദിനം ദേശീയ തൊഴിലാളിദിനമായി അവധി പ്രഖ്യാപിക്കണം എന്ന് ആവശ്യപ്പെട്ടു. ജില്ലാജോയിന്റ് സെക്രട്ടറി എം.പി. പ്രദീപ്കുമാർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വൈസ്പ്രസിഡന്റ് കെ.എ. പ്രഭാകരൻ, കെ.വി.എം.എസ്. സംസ്ഥാന സംഘടനാ സെക്രട്ടറി പി.പി. സജീവ്, കെ.എസ്.ടി.ഇ.എസ്. സംസ്ഥാന സെക്രട്ടറി എം.ആർ. രമേശ്, ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി ഷിബി തങ്കപ്പൻ എന്നിവർ സംസാരിച്ചു.

**തൃപ്പൂണിത്തുറ**: ഭാരതീയ മസ്ദൂർസംഘം തൃപ്പൂണിത്തുറ സൗത്ത് സോണിന്റെ ആഭിമുഖ്യത്തിൽ തൃപ്പൂണിത്തുറയിൽ പ്രകടനവും പൊതുസമ്മേളനവും നടന്നു. എസ്.എൻ. ജംഗ്ഷനിൽനിന്ന് ആരംഭിച്ച പ്രകടനം കിഴക്കേക്കോട്ട പുതിയ ബസ്സ്റ്റാന്റ് വഴി സ്റ്റാച്ചു ജംഗ്ഷനിൽ സമാപിച്ചു. ലായം കൂത്തമ്പലത്തിൽ നടന്ന പൊതുസമ്മേളനം ജില്ലാട്രഷറർ കെ.എസ്. ശ്യാംജിത്ത് ഉദ്ഘാടനം ചെയ്തു. എ.ഡി. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. മേഖലാസെക്രട്ടറി വി.ജി. ബിജു സ്വാഗതം ആശംസിച്ചു. ജില്ലാ വൈസ്പ്രസിഡന്റ് കെ.കെ. വിജയൻ, ജോയിന്റ് സെക്രട്ടറി സരസു, കെ. മണി, മേഖലാപ്രസിഡന്റ് ടി.കെ. സുമേഷ്, പിറവം മേഖലാപ്രസിഡന്റ് ഷൈൻ കെ.ബി., ജില്ലാജോയിന്റ് സെക്രട്ടറി സുമേഷ് വലിയനെല്ലൂർ എന്നിവർ സംസാരിച്ചു. പിറവം മേഖല സെക്രട്ടറി ശ്രീജിത്ത് നാരായണൻ കൃതജ്ഞത രേഖപ്പെടുത്തി.

**ഹരിപ്പാട്**: സനാതന ധർമ്മത്തിനെതിരെ പടപ്പുറപ്പാടു നടത്തുന്നവർ ഭാരതത്തിന്റെ തകർച്ച ആഗ്രഹിക്കുന്നവരാണെന്നും തൊഴിലാളിസമൂഹം ഭാരതസംസ്കാരത്തെ സംരക്ഷിക്കപ്പെടേണ്ടതാണെന്നും ബി.എം.എസ്. ജില്ലാപ്രസിഡന്റ് ബി. രാജശേഖരൻ പറഞ്ഞു.

ദേശീയ തൊഴിലാളിദിനത്തിന്റെ ഭാഗമായി ബി.എം.എസ്. ഹരിപ്പാട് മേഖലാ കമ്മിറ്റി സംഘടിപ്പിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




മേഖലാ പ്രസിഡന്റ് എസ്. സന്തോഷ് അദ്ധ്യക്ഷനായി. വൈസ്പ്രസിഡന്റ് സി. ശാലു കൃഷ്ണകുമാർ, മേഖലാ സെക്രട്ടറി കെ. മനോഹരൻ, മേഖലാ ജോയിന്റ് സെക്രട്ടറിമാരായ എസ്. സുനിൽകുമാർ, കെ. സുരേഷ്, വനജ, ബിനു, എ.പി. പ്രവീൺ, മേഖലാ ഖജാൻജി കെ. കൃഷ്ണകുമാർ, മേഖലാ സമിതിയംഗങ്ങളായ പി. പ്രജിത്ത്, കുമാർ, ടി.കെ. സുരേഷ്, എം. ബിനു, എ. പ്രശാന്ത് എന്നി



വർ സംസാരിച്ചു.

**കാസറഗോഡ്:** ഭാരതത്തിലെ അദ്ധ്യാത്മിക ഗ്രന്ഥങ്ങളിലും സനാതനധർമ്മത്തിലും പ്രമുഖസ്ഥാനം വഹിക്കുകയും സകല തൊഴിലിന്റെയും ദേവനായി ഭാരതത്തിലെ തൊഴിലാളിസമൂഹം ആരാധിക്കുകയും ചെയ്യുന്ന ഭഗവാൻ വിശ്വകർമ്മാവിന്റെ ജന്മദിനം ദേശീയ തൊഴിലാളിദിനമായി പ്രഖ്യാപിക്കണം എന്ന് അമ്പലത്തറയിൽ നടന്ന വിശ്വകർമ്മജയന്തി ദിന പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് ബി.എം.എസ്. സംസ്ഥാനസെക്രട്ടറി അഡ്വ. പി. മുരളീധരൻ പറഞ്ഞു. കേന്ദ്രസർക്കാർ നടപ്പാക്കിയ വിശ്വകർമ്മയോജന ഭാരതത്തിലെ പരമ്പരാഗത തൊഴിലാളിസമൂഹത്തിന് ആത്മവിശ്വാസവും ഊർജ്ജവും പകരുന്നതാണെന്നും അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ബി.എം.എസ്. ജില്ലാജോയിന്റ് സെക്രട്ടറി കെ.വി. ബാബു അദ്ധ്യക്ഷത വഹിച്ചു.




ബി.എം.എസ്. ജില്ലാ സെക്രട്ടറി ഗോവിന്ദൻ മടിക്കൈ, ജില്ലാ വൈസ്പ്രസിഡന്റ് ടി. കൃഷ്ണൻ, ജില്ലാജോയിന്റ് സെക്രട്ടറി സത്യനാഥ്, ജില്ലാട്രഷറർ അനിൽ ബി. നായർ, കെ.വി.എം.എസ്. സംസ്ഥാന വൈസ്പ്രസിഡന്റ് കൃഷ്ണൻകുട്ടി, ഭരതൻ കല്യാൺ റോഡ്, പ്രദീപ് കേളോത്ത് എന്നിവർ സംസാരിച്ചു. മടിക്കൈ മേഖലാ സെക്രട്ടറി സുനിൽ വാഴക്കോട് സ്വാഗതവും പാണത്തൂർ മേഖലാ സെക്രട്ടറി അനൂപ് കോളിച്ചാൽ നന്ദിയും പറഞ്ഞു.

പ്രകടനത്തിന് സുരേഷ് പെരുമ്പള്ളി, അജയൻ പുതിയകണ്ടം, ഭാസ്കരൻ ചെമ്പിലോട്ട്, ചന്ദ്രൻ പൊളളക്കട, സുലോചന കോട്ടപ്പാറ, ഗിരീഷ് അട്ടേങ്ങാനം, ഗിരീഷ് കാട്ടുകുളങ്ങര, ബാബു ബാലൂർ, ഗംഗാധരൻ പറകളായി. സുധി മുത്തപ്പൻ തറ, രാമചന്ദ്രൻ തട്ടുമ്മൽ, തങ്കച്ചൻ പാണത്തൂർ, വിനു പുതിയകണ്ടം, നാരായണൻ വാഴക്കോട്, ബേബി അരയി, മിനി മേലടുക്കം, വിജയകുമാരി, മണി വാഴക്കോട് എന്നിവർ നേതൃത്വം നല്കി.

കാർത്തികപ്പള്ളി: നിലവിൽ നാഫ്തയിൽ പ്രവർത്തിക്കുന്ന കായംകുളം താപനിലയത്തെ എഥനോൾ പോലെയുള്ള ഇന്ധനങ്ങളിലേക്ക് മാറ്റംവരുത്തി പ്രവർത്തിപ്പിക്കണമെന്ന് ബി.എം.എസ്. കാർത്തികപ്പള്ളി മേഖല വിശ്വകർമ്മ ജയന്തിയോടനുബന്ധിച്ച് സംഘടിപ്പിച്ച ദേശീയ തൊഴിലാളിദിനസമ്മേളനത്തിൽ ആവശ്യപ്പെട്ടു.



പ്രകടനത്തോടു കൂടി നടന്ന പൊതുസമ്മേളനം ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി എൻ. ദേവദാസ് ഉദ്ഘാടനം ചെയ്തു. മേഖലാപ്രസിഡന്റ് എസ്. സന്തോഷ് അദ്ധ്യക്ഷനായി. സെക്രട്ടറി പി. ദിനുമോൻ, ഖജാൻജി വിനീഷ് ഗോപി, ആർ. കാർത്തികേയൻ, ശ്രീഹരി, ഷാജി, മാധവം, ആർ. രാജേഷ്, വിനു, ബെന്നി ഭാസ്കരൻ എന്നിവർ സംസാരിച്ചു

# പ്രസ്സ് ജീവനക്കാരെ വഞ്ചിക്കുന്ന നയം സംസ്ഥാന സർക്കാർ തിരുത്തണം

## പ്രസ്സ് വർക്കേഴ്സ് സംഘ് സംസ്ഥാന സമ്മേളനം ആവേശോജ്ജ്വലം

**തിരുവനന്തപുരം:** കേരള എൻ.ജി.ഒ. സംഘ് കോൺഫറൻസ് ഹാളിൽ സപ്തംബർ 19, 20 തിയ്യതികളിൽ നടന്ന കേരള സ്റ്റേറ്റ് ഗവണ്മെന്റ് പ്രസ്സ് വർക്കേഴ്സ് സംഘിന്റെ 18-ാമത് സമ്മേളനം ലളിതഗംഭീരവും പ്രസ്സ് ജീവനക്കാർക്ക് ആവേശവും ആത്മവിശ്വാസവും പകരുന്നതുമായിരുന്നു. സംസ്ഥാന പ്രസിഡന്റ് ജി. കൃഷ്ണൻകുട്ടി പതാക ഉയർത്തുകയും വൈസ്പ്രസിഡന്റ് സുരേഷ്ചന്ദ്രബാബു വന്ദേമാതരഗാനം ആലപിക്കുകയും ചെയ്തു.

ജനറൽസെക്രട്ടറി സി.കെ. ജയപ്രസാദ് സ്വാഗത പ്രസംഗത്തിൽ പ്രസ്സ് ജീവനക്കാർ നേരിടുന്ന പ്രതിസന്ധികളെ കുറിച്ച് ആമുഖമായി സൂചിപ്പിച്ചു. ബി.എം.എസ്. സംസ്ഥാനസമിതിയംഗം കെ. ജയകുമാർ ഭദ്രദീപം കൊളുത്തിക്കൊണ്ട് ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. കേരള സർക്കാരിന്റെ വികലമായ നയംമൂലം പൊതുമേഖലസ്ഥാപനങ്ങൾ പൂർണ്ണമായും നശിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാന സർക്കാരിന്റെ ജീവനക്കാർക്കും തൊഴിലാളികൾക്കും എതിരായ നിലപാടിൽ പ്രതിഷേധിക്കാൻ ബി.എം.എസ്. അനുബന്ധസംഘടനകൾക്ക് മാത്രമേ സാധിക്കുകയുള്ളു എന്ന് അദ്ദേഹം പറഞ്ഞു. അവകാശസംരക്ഷണത്തോടൊപ്പം തന്നെ സനാതന ധർമ്മസംരക്ഷണവും നമ്മുടെ ലക്ഷ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫെറ്റോ സംസ്ഥാനപ്രസിഡന്റ് എസ്.കെ. ജയകുമാർ മുഖ്യപ്രഭാഷണം നടത്തുകയു



**കേരള സ്റ്റേറ്റ് ഗവൺമെൻറ് പ്രസ്സ് വർക്കേഴ്സ് സംഘ് സംസ്ഥാന സമ്മേളനം ബി.എം.എസ്. സംസ്ഥാന സമിതിയംഗം കെ.ജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

ണ്ടായി. ഘടകസംഘടനകൾക്ക് മാതൃകയാണ് പ്രസ്സ് വർക്കേഴ്സ് സംഘ് സമ്മേളനമെന്നും ജീവനക്കാരുടെ വിശ്വാസ്യത നേടുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാവണമെന്നും അദ്ദേഹം പറഞ്ഞു.

യൂണിവേഴ്സിറ്റി എംപ്ലോയീസ് സംഘ് സംസ്ഥാന ജനറൽസെക്രട്ടറി ദിലീപ്കുമാർ, എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് ടി.എൻ. രമേശ്, ദേശീയ അധ്യാപകപരിഷത്ത് സംസ്ഥാന വൈസ്പ്രസിഡന്റ് ശ്യാംലാൽ, സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ് സംസ്ഥാന ജനറൽസെക്രട്ടറി അജയകുമാർ.ടി.ഐ., പി.എസ്.സി. എംപ്ലോയീസ് സംഘ് ജനറൽസെക്രട്ടറി ഹരികൃഷ്ണൻ, പ്രൈവറ്റ് കോളേജ് എംപ്ലോയീസ് സംഘിനുവേണ്ടി ശ്രീകുമാർ എന്നിവർ ആശംസാപ്രസംഗം നടത്തി. പ്രസ്സ് വർക്കേഴ്സ് സംഘ് വൈസ്പ്രസിഡന്റ് ഗംഗാധരൻ കൃതജ്ഞത രേഖപ്പെടുത്തി.

ഉദ്ഘാടനസഭക്കുശേഷം സംഘടനയുടെ ആരംഭകാല പ്രവർത്തകരായിരുന്ന സ്വർഗ്ഗീയരായ എം.ബി. ശശിധരൻ, എൻ. സതീഷ്കുമാർ എന്നിവരെ അനുസ്മരിക്കുകയും അംഗങ്ങളുടെ കുട്ടികൾക്കുള്ള അവാർഡ് ദാനവും നടക്കുകയുണ്ടായി. സുരേഷ്ചന്ദ്രബാബു അദ്ധ്യക്ഷത വഹിച്ചു. ആർ.ആർ.കെ.എം.എസ്. ദേശീയ വൈസ്പ്രസിഡന്റ് പി. സുനിൽകുമാർ അനുസ്മരണ പ്രഭാഷണം നടത്തുകയും അവാർഡ്ദാനം നിർവഹിക്കുകയും ചെയ്തു. സംഘടനയ്ക്ക് അംഗീകാരം നേടുന്നതിൽ മുൻഗാമികൾ നടത്തിയ കഠിന പരിശ്രമ പാത പിൻതുടരാൻ നമുക്കും കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

മറ്റ് ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് മാറ്റംപോയ രാഹുൽ കെ.വി. ശ്രീജിത്ത് എസ്. നായർ എന്നിവരെ സമ്മേളനം ആദരിക്കുകയുണ്ടായി. കൂടാതെ വിവിധ സംഘടനകളിൽ നിന്നും രാജിവെച്ച് പ്രസ്സ് വർക്കേഴ്സ് സംഘിൽ ചേർന്ന രാമകൃഷ്ണൻ, അർജുൻ കെ.എസ്., ജയപ്രകാശ്, ശരത് എസ്., അരുൺ പി.വി. എന്നിവർക്ക് അംഗത്വം നല്കുകയും ചെയ്തു. പ്രവർത്തനറിപ്പോർട്ട് ജനറൽ സെക്രട്ടറി സി.കെ. ജയപ്രസാദ് അവതരിപ്പിച്ചു. കലാവേദിയിൽ തിളങ്ങുന്ന നിരഞ്ജൻ ബാബുവിന്റെ സോളോ വയലിൻ സമ്മേളനത്തിന് മാറ്റ് കൂട്ടി. സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങളടങ്ങിയ പ്രദർശിനി ആകർഷണീയമായെന്നു പ്രതിനിധികൾ പ്രകീർത്തിച്ചു.



**പി.കെ.അനിലാൽ**
**പ്രസിഡന്റ്**



**സി.കെ.ജയപ്രസാദ്**
**ജനറൽ സെക്രട്ടറി**

ഗവണ്മെന്റ് പ്രസ്സ് ജീവനക്കാർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുക, മണ്ണന്തല പ്രസ്സിന് അക്വയർ ചെയ്ത സ്ഥലത്ത് ക്വാർട്ടേഴ്സ് പണിയുക തുടങ്ങി ആറ് പ്രമേയങ്ങൾ സമ്മേളനം ചർച്ച ചെയ്ത് പാസ്സാക്കുകയുണ്ടായി. സംഘടനാ ചർച്ചയ്ക്കുശേഷം പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും പി.എസ്. ഗോപകുമാർ സമാപനപ്രസംഗം നടത്തുകയും ചെയ്തു.

**ഭാരവാഹികൾ**

പ്രസിഡന്റ്: പി.കെ. അനിലാൽ (ഗവണ്മെന്റ് പ്രസ്സ്, വാഴൂർ); വൈസ്പ്രസിഡന്റ്: ധൻരാജ് കെ.പി. (കണ്ണൂർ പ്രസ്സ്); ജനറൽസെക്രട്ടറി: ജയപ്രസാദ് സി.കെ. (സെൻട്രൽ പ്രസ്സ്); ജോയിന്റ് സെക്രട്ടറിമാർ: സുജിത്കുമാർ സി.എസ്. (മണ്ണന്തല പ്രസ്സ്), പ്രദീപ് പി. നായർ (ഗവണ്മെന്റ് സെൻട്രൽ പ്രസ്സ്), സുമേഷ് തമ്പി എസ്. (സെൻട്രൽ പ്രസ്സ്); സംസ്ഥാന ട്രഷറർ: അഭിലാഷ് എസ്. (ഗവ. സെൻട്രൽ പ്രസ്സ്); സംസ്ഥാന ഓഡിറ്റർ: രതീഷ് പി. (ഗവ. സെൻട്രൽ പ്രസ്സ്);

**യൂണിറ്റ് ചുമതലക്കാർ**

മണ്ണന്തല യൂണിറ്റ്: ശരത് എസ്. (സെക്രട്ടറി); ഗവ. സെൻട്രൽ പ്രസ്സ്: രതീഷ് പി. (പ്രസിഡന്റ്), അരുൺ പി.വി. (സെക്രട്ടറി); സ്റ്റാമ്പ് പ്രസ്സ്: സജയകുമാർ എസ്.പി. (സെക്രട്ടറി).




ഒറ്റപ്പാലത്ത് സംഘടിപ്പിച്ച തൊഴിലാളി സംഗമം കെ.എസ്.ടി.എംപ്ലോയീസ് സംഘ് സംസ്ഥാന സെക്രട്ടറി കെ.രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.




പാനൂരിൽ നടന്ന പൊതുസമ്മേളനം ബി.എം.എസ് ജില്ലാസെക്രട്ടറി എം.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു




കാസർഗോഡ് അമ്പലത്തറയിൽ നടന്ന പൊതു സമ്മേളനം ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ.പി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.